an IPC Kerala State Publication

# സീയോൻ കാഹളം

# ZION KAHALAM

XXXV | ISSUE 1 | 2017 JANUARY



**10** ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ വികസന പാതയിൽ



**13** പ്രതിസന്ധികളിൽ തളരാതെ മുന്നേറുക

സീയോൻ കാഹളം
ZION KAHALAM

## പബ്ലിക്കേഷൻ ബോർഡ്



പാസ്റ്റർ ഏബ്രഹാം ജോർജ്ജ് (ചെയർമാൻ)


പാസ്റ്റർ തോമസ് മാത്യു ചാരുവേലിൽ (വൈസ് ചെയർമാൻ)


എബ്രഹാം ജോസഫ് (ചീഫ് എഡിറ്റർ)


ബിനോയ് ഇടക്കല്ലൂർ (സെക്രട്ടറി)


ജെസ്റ്റിൻ രാജ് (ട്രഷറാർ)


ഗ്ലാഡ്സ്റ്റൺ ജേക്കബ് (പബ്ലീഷർ)


പാസ്റ്റർ സുനിൽ വേട്ടമല (മാനേജിംഗ് എഡിറ്റർ)


കെ.റ്റി.ജോഷ്വ (സർക്കുലേഷൻ മാനേജർ)


ഇവ. അജു അലക്സ് (ഓഫീസ് സ്റ്റാഫ്)


ജോൺ വിനോദ് സാം (ഓഫീസ് സ്റ്റാഫ്)


## താളുകൾ മറിക്കുമ്പോൾ


എഡിറ്റോറിയൽ 3
*എബ്രഹാം ജോസഫ്*
ചെയർമാന്റെ സന്ദേശം 4
*പാസ്റ്റർ എബ്രഹാം ജോർജ്*
പ്രസിഡന്റിന്റെ സന്ദേശം 5
*പാസ്റ്റർ കെ.സി.തോമസ്*
സ്റ്റേറ്റ് സെക്രട്ടറിയുടെ കത്ത് 6
*പാസ്റ്റർ ഷിബു നെടുവേലിൽ*
മറുപടി കിട്ടാത്ത പ്രാർത്ഥന 7
*പാസ്റ്റർ രാജു പൂവക്കാല*
തിന്മയിൽ നിന്ന് നന്മയിലേക്ക് 8
*പാസ്റ്റർ കെ.സി.ജോൺ*
*ഐപിസി ശുശ്രൂഷക്കാർക്ക് പെൻഷൻ* 9
*ജോയി താനവേലിൽ*
ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ വികസന പാതയിൽ 10
*സജി പോൾ*
നന്ദികേടിന്റെ ലോകം 11
*പാസ്റ്റർ ബി. മോനച്ചൻ കായംകുളം*
പ്രതിസന്ധികളിൽ തളരാതെ മുന്നേറുക 13
*പാസ്റ്റർ കെ.ജോയി*
സ്വപ്നം കാണൂ.. ലക്ഷ്യത്തിലെത്താം... 15
*പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നിൽ*
സ്നേഹം, സഹകരണം, സേവനം 16
*കുര്യാക്കോസ് തോട്ടത്തിൽ*
വഴിപാടുകളുടെ വഴിയെ ഒരു വ്യാഖ്യാനം 17
*പാസ്റ്റർ ടൈറ്റസ് ജോൺസൻ*
Walk in His Love 19
*Rev. Abey Peter*
മാളികമുറിയിൽ എന്തു സംഭവിച്ചു? 21
*പാസ്റ്റർ വി.പി. ഫിലിപ്പ്*
നിലനില്ക്കുന്ന ആത്മീയ ഉണർവ്.. 23
*ഫെബിൻ ബോസ് കുരുവിള*
വിമർശനങ്ങൾ അതിരുകടക്കുമ്പോൾ 25
*ആന്റോ അലക്സ്, ഷാർജ*
വാർത്തകൾ 26



Address: Chief Editor, Zion Kahalam, Hebron,
Kumbanad - 689 547, Kerala, India
9446115927 / 9447329000 / 9447273013


വാർഷിക വരിസംഖ്യ
100 രൂപ മാത്രം

## അഡ്വൈസറി ബോർഡ്



പാസ്റ്റർ കെ.സി. തോമസ് (പ്രസിഡന്റ്)


പാസ്റ്റർ രാജു പൂവക്കാല (വൈസ് പ്രസിഡന്റ്)


പാസ്റ്റർ ഷിബു നെടുവേലിൽ (സെക്രട്ടറി)


പാസ്റ്റർ സി.സി. ഏബ്രഹാം (ജോ. സെക്രട്ടറി)


മോനി കരിക്കം (ജോ. സെക്രട്ടറി)


ജോയി താനുവേലിൽ (ട്രഷറർ)

Editorial
എഡിറ്റോറിയൽ



# കൺവൻഷനുകളുടെ കാലം

എല്ലാവർഷത്തെപ്പോലെയും ഈ വർഷവും കേരളക്കരയിലാകെ കൺവൻഷനുകളുടെ സീസൺ ആരംഭിച്ചിരിക്കുകയാണ്. കേരളത്തിലാകമാനം സ്റ്റേറ്റ് തലത്തിലും, സെന്റർ തലത്തിലും, ലോക്കൽ തലത്തിലും, ചിലർ സ്വന്തമായും കൺവൻഷനുകൾ നടത്തി. ദൈവരാജ്യ വ്യാപ്തിയ്ക്കായി, ദൈവരാജ്യമഹത്വത്തിനായിട്ടും, തങ്ങളാലാവോളം ചെയ്യുവാനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. പല കൺവൻഷനുകൾ ആരംഭിച്ചുകഴിഞ്ഞു. എന്നാൽ ആദിമകാലങ്ങളിൽ കൺവൻഷനുകൾ നടന്നിരുന്നപ്പോൾ നമുക്ക് അറിയാവുന്നത് കിലോമീറ്ററുകൾ താണ്ടി നമ്മുടെ പിതാക്കന്മാർ നടന്ന് അഞ്ച്, പത്ത്, പതിനഞ്ച്, അൻപത് കിലോമീറ്ററുകൾ നടന്ന് സുവിശേഷപ്രസംഗകരും, സുവിശേഷം കേൾക്കാൻ കൺവൻഷനുകളിൽ കൂട്ടത്തോടെ എത്തുകയും പ്രസംഗിക്കുന്ന പിതാക്കൻമാർ, സുവിശേഷകർ കർത്താവായ യേശുക്രിസ്തുവിനെ വരച്ചുകാട്ടിയും അവരുടെ ജീവിതത്തിൽ യേശുക്രിസ്തുവിന്റെ കരുതലും, സ്നേഹവും പകർന്നു കൊടുക്കുന്ന അനുഭവങ്ങളായിട്ട് മാറിയിരുന്നു. ആ പന്തലുകളിൽ അടയാളങ്ങളും, അത്ഭുതങ്ങളും, രോഗസൗഖ്യങ്ങളും നടന്നിരുന്നു.

ക്രിസ്തുവിന്റെ ക്രൂശീകരണവും പുനരുത്ഥാനത്തെപ്പറ്റിയുള്ള യഥാർത്ഥ പ്രസംഗം മൂലം അനേകരെ രക്ഷയിലേക്കും സ്നാനത്തിലേക്കും നയിക്കുവാനിടയായി.

എന്നാൽ ഈ കാലഘട്ടത്തിൽ ഇതിനൊക്കെ മാറ്റങ്ങൾ വന്നു. വലിയ പന്തലുകൾ, മൈക്ക് സെറ്റുകൾ, വാഹനസൗകര്യങ്ങൾ, ഇട്ടുകൊടുത്തും, സംഗീതസദസ്സുകൾ, Prosperity Theology മാത്രം പ്രസംഗിക്കുന്ന വലിയ ഉണർവ്വു പ്രസംഗികർ. എല്ലാ താളങ്ങളും ഓളങ്ങളും ഉണ്ടെങ്കിലും ഇതൊന്നും ജനത്തെ രക്ഷയിലേക്കും സ്നാനത്തിലേക്കും മിക്കയിടങ്ങളിലും നയിക്കുന്നില്ല. അഥവാ ഉണ്ടെങ്കിൽ തന്നെയും വളരെ വിരളമാണ്. യേശുവിനെ ഉയർത്തുന്നതിനുപകരം നമ്മുടെ കൺവൻഷൻ സ്റ്റേജുകളിൽ സംഘാടകരും, വ്യക്തികളും ഉയർത്തപ്പെടുന്നതുമൂലം യേശുവിന് സ്ഥാനം ഇല്ലാതെയാകുന്നു. ഇതിനെല്ലാം മാറ്റം വരുത്തി പഴയ പെന്തെക്കോസ്തിന്റെ യഥാർത്ഥ അനുഭവത്തിലേക്ക് തിരിച്ചുവരേണ്ട സമയം വളരെ അതിക്രമിച്ചിരിക്കുന്നു. ആദിമ വിശ്വാസത്തിലേക്കും, ദൈവസ്നേഹത്തിലേക്കും നമുക്കു മടങ്ങിവരാം, കർത്താവിന്റെ കാഹളധ്വനിയിൽ എടുക്കപ്പെടുവാൻ തക്കവണ്ണം നമ്മൾ ഒരുക്കമുള്ളവരായി തീരുവാൻ തക്കവണ്ണം ദൈവം ഏവരെയും സഹായിക്കട്ടെ.

**എബ്രഹാം ജോസഫ്**
(സുധി കല്ലുങ്കൽ) ചീഫ് എഡിറ്റർ




# ചെയർമാന്റെ സന്ദേശം



കർത്താവിൽ പ്രിയരെ, നിങ്ങൾക്ക് എന്റെ ക്രിസ്തീയ വന്ദനം.

നമ്മുടെ ജീവിതാനുഗ്രഹത്തിന്റെ ആധാരം ക്രിസ്തുവിന്റെ ക്രൂശ് മരണമായതിനാൽ ഒരുദിവസംപോലും അതിനെക്കുറിച്ചുള്ള നന്ദിനിറഞ്ഞ ഓർമ്മകൾ നമുക്കില്ലാതെപോകരുത്. ക്രിസ്തുവിന്റെ ക്രൂശ് വേദനയുടെയും, നിന്ദയുടെയും, ത്യാഗത്തിന്റെയും അനുഭവമാണ്. അതിനോടൊപ്പം ലോകം കണ്ടതിലേറ്റവും വലിയ സ്നേഹത്തിന്റെ പ്രദർശനവുമാണ്. വലിയവനായ ദൈവം മനുഷ്യനോടുള്ള സ്നേഹം പരസ്യമായി പ്രകടിപ്പിച്ചതുമാണ്. 21 നൂറ്റാണ്ടുകൾക്ക് മുമ്പ് പാപമില്ലാത്തവനായ യേശുവിന്റെ രക്തം അവസാനത്തുള്ളിവരെയും കാൽവറിയിൽ ചൊരിയപ്പെട്ടു. അതിനൊക്കെ പലനൂറ്റാണ്ടുകൾക്കുമുമ്പേ ദൈവം തന്റെ പ്രവാചകന്മാരിൽകൂടെ വരാൻപോകുന്ന ആ വലിയ സംഭവത്തിന്റെ രൂപരേഖ തന്റെ ജനത്തിന് നൽകിയിരുന്നു.

റോമൻ ഗവർണ്ണറായിരുന്ന പിലാത്തോസുപോലും യേശുവിനെ കുറ്റമില്ലാത്തവൻ എന്ന് വിധിച്ചു. പക്ഷെ സമ്മർദ്ദത്തിനുവഴങ്ങി തന്റെ കസേര തെറിക്കുമോ എന്ന പേടികൊണ്ട് തന്നിലെ രാഷ്ട്രീയക്കാരൻ കുറ്റമില്ലാത്ത യേശുവിനെ ക്രൂശിക്കാൻ ഏൽപ്പിച്ചു. എന്നാൽ ദൈവം തിന്മയെ നന്മയാക്കിത്തീർത്തു. യേശുവിന്റെ ക്രൂശ് മാനവജാതിയുടെ നിത്യരക്ഷയ്ക്ക് കാരണമായി. യേശു ക്രൂശിക്കപ്പെട്ടതിനാൽ ബർബാസ്സ് എന്ന കൊലയാളി വിടുവിക്കപ്പെട്ട സംഭവം നാംകാണുന്നു. അയാളെപ്പോലെ നാം ഓരോരുത്തരും മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടവരായിരുന്നു. നാം ആരും അവനെക്കാൾ മെച്ചമായിരുന്നില്ല. ക്രിസ്തു നമുക്കുവേണ്ടി മരിച്ചതിനാൽ നാംവിടുവിക്കപ്പെട്ടു.

മരിച്ചവനായ യേശുക്രിസ്തു ജീവിച്ചെഴുന്നേറ്റവൻകൂടിയാണ്. മരണത്തിനോ, കല്ലറയ്ക്കോ അവനെ പിടിച്ചുനിർത്തുവാൻ കഴിഞ്ഞില്ല. ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യമായി ഉയിർത്തു. ആദ്യഫലമായി യേശു ഉയിർത്തെങ്കിൽ മരിച്ച വിശുദ്ധന്മാരും ഉയിർക്കും. ജീവിച്ചിരിക്കുന്ന വിശുദ്ധന്മാർ രൂപാന്തരപ്പെടും. ഇതാണ് നമ്മുടെ പ്രത്യാശ. ഈ പ്രത്യാശയുടെ സമ്പൂർത്തീകരണദിനം വിദൂരമല്ല. ക്രിസ്തുവിന്റെ മരണം നിത്യരക്ഷയ്ക്ക് കാരണമായെങ്കിൽ പുനരുത്ഥാനം നമ്മുടെ തേജസ്ക്കാരണത്തിന് കാരണമാണ്. അവന്റെ വരവിനായി നോക്കിക്കൊണ്ട് അയച്ചവന്റെ പ്രവൃത്തിചെയ്യാം.

എനിക്കായ് രക്തംചിന്തിയ നാഥന്റെ മുമ്പിൽ ഒരുനാൾ ഞാൻ നിൽക്കും. ഒരു പുരുഷായുസ്സ് മുഴുവൻ സമ്പാദിച്ചുകൂട്ടിയവയുടെ അർത്ഥ ശൂന്യത അന്നുമാത്രമേ ഞാനറിയു. ചില മണികൾപോലും കാഴ്ചവയ്ക്കാനില്ലാത്തവനായി അങ്ങയുടെ മുമ്പിൽ നിൽക്കേണ്ടിവരുവാൻ നാഥാ ഇടയാകരുതേ!

കർത്താവിനുവേണ്ടി പ്രയോജനപ്പെടുവാൻ ഇടയാകട്ടെ!

പുതുവത്സരാശംസകളോടെ,

**പാസ്റ്റർ എബ്രഹാം ജോർജ്**
*ചെയർമാൻ, സീയോൻകാഹളം*

പ്രസിഡന്റിന്റെ സന്ദേശം



പാസ്റ്റർ കെ.സി.തോമസ്

# എല്ലാവരും ദൈവത്തെ പ്രസാദിപ്പിക്കുന്നവരാകണം

**ഇ**ന്ന് ദൈവത്തെ പ്രസാദിപ്പിക്കുന്നതിനേക്കാൾ മറ്റ് പലരെയും പ്രസാദിപ്പിക്കുന്നവരുടെ എണ്ണം ആത്മീയ മണ്ഡലത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ആത്മീയച്യുതിക്ക് കാരണമായിത്തീരുന്നു. അറിയപ്പെടുന്ന ഒരു കർത്തൃദാസൻ അടുത്തകാലത്ത് ഒരു പ്രസംഗത്തിൽ അവർ അവരുടെ ദൈവത്തെ പ്രസാദിപ്പിക്കട്ടെ നമുക്ക് നമ്മുടെ ദൈവത്തെ പ്രസാദിപ്പിക്കാമെന്ന് ആഹ്വാനം ചെയ്യുന്നത് കേൾക്കാനിടയായി.

വിവിധ വാർത്താ മാധ്യമങ്ങളിലൂടെ മറ്റുള്ളവരെക്കുറിച്ച് വ്യാജ പ്രചരണങ്ങൾ നടത്തി അവരെ അപമാനിക്കുന്ന ആളുകളെക്കുറിച്ച് പറഞ്ഞുകൊണ്ട് നടത്തിയ പ്രസ്താവനയായിരുന്നു അത്. ഭോഷ്ക് പറയുന്നവനും, ഭോഷ്കിന്റെ പിതാവുമായ ഈ ലോകത്തിന്റെ ദൈവത്തിനും അവന്റെ ആളുകൾക്കും പ്രസാദം ഉണ്ടാകണമെങ്കിൽ ഭോഷ്ക് പറയുകയും, എഴുതുകയും, പ്രചരിപ്പിക്കയും ചെയ്യണം.

ഭോഷ്ക്കിന്റെ അപ്പനെ ഭോഷ്ക് കൊണ്ടല്ലാതെ പ്രസാദിപ്പിക്കുവാൻ ലോകത്തിൽ ആരെകൊണ്ടും കഴിയുകയില്ല. അവർ അത് ചെയ്യട്ടെ. അനീതി ചെയ്യുന്നവൻ അനീതി ചെയ്യട്ടെ അഴുക്കള്ളവൻ അഴുക്കാടട്ടെ. നാം അത് ഓർത്ത് ഭാരപ്പെടുകയോ, പ്രതികരിക്കയോ വേണ്ട. ലോകത്തിൽ ആരെല്ലാം മനുഷ്യരെ പ്രസാദിപ്പിക്കുവാനും അവരുടെ ദൈവത്തെ പ്രസാദിപ്പിക്കുവാനും എന്തെല്ലാം ചെയ്തുകൊണ്ടിരിക്കുന്നുയെന്ന് നാം കാണുന്നു. അതൊന്നും ഓർത്ത് നാം ഭാരപ്പെട്ടിരിക്കയോ പ്രതികരിക്കുകയോ ചെയ്യാറില്ലല്ലോ. അതുപോലെ ഇതുംകണ്ടാൽ മതി. അവർക്ക് എന്തെങ്കിലും നേട്ടങ്ങൾ അതുകൊണ്ട് ഉണ്ടായിരിക്കാം. അവർ അത് നേടട്ടെ. നമ്മെ ദൈവം വിളിച്ച് സത്യദൈവത്തെക്കുറിച്ചും സത്യപ്രമാണത്തെക്കുറിച്ചും വ്യക്തമായ വെളിപ്പാടും ദർശനവും തന്നത്, ജീവനുള്ള ദൈവത്തെ പ്രസാദിപ്പിച്ചുകൊണ്ടിരിക്കാനാണ്.

ഭോഷ്കിന്റെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ഭോഷ്ക് ആവശ്യമെങ്കിൽ നമ്മുടെ ദൈവം സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ ജീവനുള്ള ദൈവമാണ്. ഞാൻ തന്നെ വഴിയും സത്യവും ജീവനുമെന്ന് അവകാശപ്പെട്ടവനാണ്. സത്യത്തിന് സാക്ഷി നിൽക്കാൻ ലോകത്തിൽ വന്ന ആളാണ്. ആ ദൈവത്തെ സത്യം കൊണ്ടേ പ്രസാദിപ്പിക്കാൻ കഴിയുകയുള്ളൂ. സത്യമായി സത്യമായി ഞാൻ നിങ്ങളോടു പറയുന്നുയെന്ന് നമ്മുടെ കർത്താവ് പറഞ്ഞിട്ടുണ്ട്. നമ്മുടെ ദൈവം സത്യമേ പറയുകയുള്ളൂ. സത്യതല്പരർ ആയവർ എല്ലാം അവന്റെ സത്യവചനം കേട്ട് അനുസരിച്ച് ജീവിക്കും. സത്യം എന്നും സത്യമായിരിക്കും. ഉവ്വ് എന്നു പറഞ്ഞാൽ ഉവ്വ് എന്നും ഇല്ലാ എന്നു പറഞ്ഞാൽ ഇല്ലായെന്നുമുള്ള ദൈവമാണ് നമ്മുടെ ദൈവം.

സത്യത്തിന് സാക്ഷി നിന്നാലെ നമ്മുടെ ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുകയുള്ളൂ. ഭോഷ്ക് ഒട്ടും നമ്മുടെ കർത്താവിലില്ല നമ്മിലും അത് പാടില്ല. ഭോഷ്ക് എത്ര നാൾ പറഞ്ഞാലും, എത്ര പേർ പറഞ്ഞാലും. എത്ര പേർ വിശ്വസിച്ചാലും എത്ര പേർ എഴുതിയാലും ഭോഷ്ക് സത്യമായി തീരുകയില്ല. ഭോഷ്ക് പറയുന്നവർക്കും ഭോഷ്ക് പ്രവർത്തിക്കുന്നവർക്കും ഉള്ള ഓഹരി ഭോഷ്കിന്റെ അപ്പനും ദൈവവുമായിരിക്കുന്ന പിശാചിനും അവന്റെ കൂട്ടർക്കും വച്ചിരിക്കുന്ന തീയും ഗന്ധകവും കത്തുന്ന തീ പൊയ്കയാണെന്ന് വെളിപ്പാടു പുസ്തകം വ്യക്തമാക്കുന്നു.

മനുഷ്യരെ പ്രസാദിപ്പിക്കുന്നവർ അവിശ്വാസികളും ഭീരുക്കളും ആണ്. തീയും ഗന്ധകവും കത്തുന്ന തീ പൊയ്കയാണ് അവരുടെ ഓഹരി. പൗലോസ് ചോദിച്ചു ഞാൻ ഇപ്പോൾ മനുഷ്യരെയോ ദൈവത്തയോ പ്രസാദിപ്പിക്കുന്നത്. മനുഷ്യരെ പ്രസാദിപ്പിക്കുന്നുയെങ്കിൽ എനിക്ക് ക്രിസ്തുവിന്റെ ദാസനായിരിക്കാൻ കഴിയുകയില്ല. ഒന്നുകിൽ ദൈവത്തെ പ്രസാദിപ്പിക്കുക അല്ലെങ്കിൽ മറ്റ് ആരെയെങ്കിലും പ്രസാദിപ്പിക്കുക. ദൈവത്തെയും മനുഷ്യരെയും ഒരേ സമയം പ്രസാദിപ്പിക്കുവാൻ ആർക്കും കഴിയുകയില്ല.

ഇരുതോണിയിൽ കാൽവയ്ക്കുന്നവർ വെള്ളത്തിൽ വീണ് മുങ്ങിപ്പോകും. അവർ മനുഷ്യരെയോ അവരുടെ ദൈവത്തെയോ പ്രസാദിപ്പക്കട്ടെ. നമുക്ക് സത്യമായ യേശുക്രിസ്തുവിന്റെയും സത്യമായ അവന്റെ വചനത്തിന്റെയും സാക്ഷികളായി നിന്നുകൊണ്ട് ജീവനുള്ള സത്യദൈവത്തെ പ്രസാദിപ്പിക്കാം. അവൻ രാജാധിരാജാവും കർത്താധികർത്താവുമാണ്.

സത്യം കാൽവറിയിൽ ജയിച്ചു സത്യത്തെ മൂന്നു ദിവസത്തിൽ കൂടുതൽ മൂടിവയ്ക്കാൻ ഭരണാധികാരികൾക്ക് കഴിഞ്ഞില്ല. സത്യം കല്ലറയ്ക്ക് പുറത്ത് വന്ന് ജീവിക്കുന്നു. ഭോഷ്ക്ക് ഉപേക്ഷിച്ച് സത്യം മാത്രം പറയാൻ ഉത്സാഹിച്ചാൽ ആത്മീയ മണ്ഡലം നന്നാകും.



# സ്റ്റേറ്റ് സെക്രട്ടറിയുടെ കത്ത്



പാസ്റ്റർ ഷിബു നെടുവേലിൽ

*യേശു ക്രിസ്തുവിന്റെ നിസ്തുലനാമത്തിൽ ഏവർക്കും സ്നേഹവന്ദനം,*

സംഭവങ്ങളെ കൊണ്ട് നിറഞ്ഞ 2016 ചരിത്രത്തിലേക്ക് മറഞ്ഞു. പുതിയവർഷത്തിന്റെ ആരംഭദിനങ്ങളിലാണ് നമ്മൾ. സംവത്സരങ്ങളെ നന്മകൾ കൊണ്ട് അലങ്കരിക്കുന്ന സർവ്വ കൃപാലുവായ ദൈവം ഓരോ ദിവസവും ആ തണലിൻ നമ്മെ കീഴിൽ പരിപാലിക്കുന്നു.

പോയ വർഷത്തിൽ നാം അനുഭവിച്ച നന്മകളെയും അനുഗ്രഹങ്ങളെയും നന്ദിയോടെ അയവിറക്കുമ്പോൾ തന്നെ തീരുമാനങ്ങളിലും പ്രതിഷ്ഠകളിലും വന്നുപോയ കുറവുകളെയും തിരിച്ചറിയുവാനും നമ്മൾ സമയം എടുക്കണം. കുറെക്കൂടി ഫലപ്രദമായ ജീവിതവും ശുശ്രൂഷയും നമ്മിൽ നിന്നും ദൈവം പ്രതീക്ഷിക്കുന്നുണ്ട്. ശുശ്രൂഷകളിലെ ന്യൂനതകൾ സാക്ഷ്യ ജീവിതത്തിന്റെ പോരായ്മകൾ ഇവനികത്തി അത്യുത്സാഹത്തോടെ മുന്നേറാൻ നമുക്കു കഴിയണം.

യജമാനൻ വെട്ടിക്കളയാം എന്നു പറഞ്ഞപ്പോഴും തോട്ടക്കാരൻ ഇടിവിൻ നിന്ന് ഒരു വർഷം കൂടി നീട്ടി ചോദിച്ചതു പോലെ ഓരോ വർഷം ദൈവം നമുക്ക് നീട്ടി തന്നിരിക്കുകയാണെന്നു മറക്കരുത്. അവന്റെ ദീർഘക്ഷമയും സ്നേഹവും എത്ര ആഴമേറിയതാണ്.

ദൈവം നമ്മെ വിശ്വസ്തർ എന്നെണ്ണിയാണ് ഈ മഹത്തായ ശുശ്രൂഷ ഭരമേല്പിച്ചിരിക്കുന്നത്. ആ വിളിയുടെ നിലയും വിലയും നാം ശരിക്കും മനസ്സിലാക്കണം. ഇത് സ്വർഗീയവിളിയാണ്. അതു വിട്ട് മറ്റൊരു പാർശ്വവ്യാപാരങ്ങളിലും ശ്രദ്ധിക്കരുത്. ദൈവത്തോടും മനഷ്യരോടും നാം വിശ്വസ്തരായിരിക്കണം. എല്ലാ ശുശ്രൂഷകളും വിശ്വസ്തതയോടെ നിർവ്വഹിക്കണം.

അപ്പൊസ്തലനായ പൗലോസ് കൊലൊസ്യർക്ക് ലേഖനമെഴുതുമ്പോൾ എപ്പഫ്രാസിനെ പരാമർശിക്കുന്നതിങ്ങനെയാണ് “അവൻ നിങ്ങൾക്കുവേണ്ടി ക്രിസ്തുവിന്റെ വിശ്വസ്ത ശുശ്രൂഷകനും നിങ്ങൾക്ക് ആത്മാവിലുള്ള സ്നേഹം ഞങ്ങളോട് അറിയിച്ചവനും ആകുന്നു” (1:8) എന്തൊരു അനുഗ്രഹിക്കപ്പെട്ട സാക്ഷ്യം! “വിശ്വസ്തന്മാർ മനുഷ്യ പുത്രന്മാരിൽ കുറഞ്ഞിരിക്കുന്നു” എന്ന് സങ്കീർത്തകൻ വിലപിക്കുന്നു. അത് നൂറ്റാണ്ടുകൾക്ക് മുമ്പാണെങ്കിലും ഇന്നത്തെ അവസ്ഥയും വ്യത്യസ്തമല്ല. നമ്മെ വേലയ്ക്ക് വിളിച്ച ദൈവത്തോട്, നമ്മുടെ വിചാരണയിലുള്ള ആട്ടിൽ കൂട്ടത്തോടെ നമ്മെ അവിടെ ആക്കി വച്ചിരിക്കുന്നു. നേതൃത്വത്തോട് അവസാനം, നമ്മോടു തന്നെ നാം വിശ്വസ്തതരായിരിക്കണം. അവിശ്വസ്തതകാണിച്ചാൽ അതിന്റെ തിക്താനുഭവങ്ങൾ നാം അറിയും. ഇതെല്ലാം നന്നായി അറിയുന്ന ദൈവം ഉണ്ട്. വിശ്വസ്ത ശുശ്രൂഷകന്മാർ ആത്മാവിനാലുള്ള സ്നേഹം ഉള്ളവരായിരിക്കണം. ഒരു ശുശ്രൂഷകൻ എല്ലാ വിശ്വാസികളെയും ഒരുപോലെ കാണുകയും സ്നേഹിക്കുകയും ചെയ്യണം. ഭിന്നതകൾക്കോ ഇടർച്ചയ്ക്കോ ഇടം കൊടുക്കരുത്. മുക്കുവനെയും ചുങ്കക്കാരനെയും ഒരുപോലെ കണ്ട ശ്രേഷ്ഠ ഇടയനായ കർത്താവാണ് നമുക്ക് മാതൃക.

ഗൃഹവിചാരകന്മാരിൽ നിന്നും നിന്നും യജമാനൻ ആഗ്രഹിക്കുന്നത് വിശ്വസ്തതയാണ്. നാം ദൈവിക മർമ്മങ്ങളുടെ ഗൃഹവിചാരകന്മാരാണ്. ദൈവം നമ്മെ ഏല്പിച്ചിരിക്കുന്ന കഴിവുകളും താലന്തുകളും ദൈവനാമമഹത്വത്തിനായി ഉപയോഗിക്കണം. ചക്കരവാക്കും മുഖസ്തുതിയും (റോമർ 16:18) നമ്മുടെ ശുശ്രൂഷകൾക്ക് ആക്ഷേപം വരുത്തരുത്.





പാസ്റ്റർ രാജു പൂവക്കാല

# മറുപടി കിട്ടാത്ത പ്രാർത്ഥന

നാം പ്രാർത്ഥിക്കുന്ന സകല പ്രാർത്ഥനകൾക്കും മറുപടി ലഭിക്കണം എന്നാണ് നമ്മുടെ ആഗ്രഹം. എന്നാൽ നമ്മുടെ എല്ലാ പ്രാർത്ഥനകൾക്കും മറുപടി കിട്ടാത്തതിനാൽ നാം ദൈവത്തിനു സ്തോത്രം ചെയ്യണം. മറുപടി നൽകാതിരിക്കുന്നതിലും ദൈവത്തിന് പ്രത്യേക ഉദ്ദേശ്യമുണ്ട്. മറുപടി ലഭിക്കാത്ത പല പ്രാർത്ഥനകളും നാം ദൈവത്തിന്റെ വചനത്തിൽ കാണുന്നുണ്ട്.

## പൗലോസിന്റെ ശൂലം

പൗലോസ് തന്റെ ജഡത്തിലെ ശൂലം മാറി കിട്ടുവാൻ പ്രാർത്ഥിച്ചു. ഈ ശൂലം തന്നെ അലട്ടിയിരുന്ന ഏതോ വേദനാ ജനകമായിരുന്ന രോഗമായിരുന്നു എന്ന് വേദപണ്ഡിതന്മാർ പറയുന്നു. എന്നാൽ കർത്താവ് ആ രോഗത്തിനു സൗഖ്യം നൽകിയില്ല. 'എന്റെ കൃപ നിനക്കു മതി' എന്ന് കർത്താവ് പൗലോസിനോടു പറഞ്ഞു. അതായിരുന്നു ആ വിഷയത്തോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ ഹിതം.

"വെളിപ്പാടുകളുടെ ആധിക്യത്താൽ ഞാൻ അതിയായി നിഗളിച്ചു പോകാതിരിപ്പാൻ എനിക്കു ജഡത്തിൽ ഒരു ശൂലം തന്നിരിക്കുന്നു; ഞാൻ നിഗളിച്ചു പോകാതിരിക്കേണ്ടതിനു എന്നെ കുത്തുവാൻ സാത്താന്റെ ദൂതനെ തന്നെ. അതു എന്നെ വിട്ടുനീങ്ങേണ്ടതിനു ഞാൻ മൂന്നുവട്ടം കർത്താവിനോടു അപേക്ഷിച്ചു. അവൻ എന്നോടു എന്റെ കൃപ നിനക്കു മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു എന്നു പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെ മേൽ ആവസിക്കേണ്ടതിന്നു ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും" (2കൊരി.12:7,8,9).

ചിലപ്പോൾ ചിലകാര്യങ്ങളുടെ മേൽ ദൈവഹിതം ഇപ്രകാരം ആയിരിക്കും. ചില രോഗങ്ങൾ, ചില ഇല്ലായ്മകൾ, ചില പ്രതികൂലങ്ങൾ മാറിപ്പോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. മറിച്ച്, ദൈവത്തിന്റെ ശക്തി നമ്മിൽ വെളിപ്പെടേണ്ടതിന് അവ ദൈവം അനുവദിച്ചിരിക്കുകയാണ്.

ഒരുപക്ഷേ വലിയ രോഗശാന്തി വരമുള്ള ഒരു ശുശ്രൂഷകനെ നിങ്ങൾക്കു പരിചയമുണ്ടാകാം. അദ്ദേഹം പ്രാർത്ഥിച്ച് അനേകർക്കു സൗഖ്യം ലഭിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ ചില പ്രതികൂലങ്ങൾ, ചില രോഗങ്ങൾ നിലനില്ക്കുന്നു. ഇതെങ്ങനെ എന്നു നിങ്ങൾ സംശയിക്കുന്നുണ്ടാകാം. ദൈവത്തിന്റെ ശക്തി തന്റെ ദാസനിൽ വെളിപ്പെടേണ്ടതിനും കൃപാവരങ്ങളുടെയും വെളിപ്പാടുകളുടെയും ആധിക്യത്താൽ അദ്ദേഹം നിഗളിച്ചു പോകാതിരിക്കേണ്ടതിനും ദൈവം അനുവദിച്ച ശൂലമാണത് എന്നു നാം അറിയണം.

ദൈവം ചിലപ്പോൾ നമ്മുടെ ജീവിതത്തിലും ചില കഷ്ടതകൾ അനുവദിക്കും. പ്രാർത്ഥിച്ചാൽ അതുമാറിപ്പോകുകയില്ല. നമ്മെ മികച്ച ആത്മീയ വിശുദ്ധിയിലേക്കും ശക്തിയുടെ ശുശ്രൂഷയിലേക്കും തികഞ്ഞവരാകേണ്ടതിന് ദൈവം ആ അനുഭവങ്ങൾ നമുക്കു നല്കിയിരിക്കുന്നതാണ്. നാം അതിൽ സന്തോഷിക്കണം. ദൈവശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നതാകയാൽ ദൈവകൃപയിൽ ആശ്രയിക്കണം.

## ഏലിയാവിന്റെ പ്രാർത്ഥന

ഏലിയാവ് വിശ്വാസവീരനും പ്രാർത്ഥനയാൽ വൻകാര്യങ്ങൾ നേടിയിട്ടുള്ള ദൈവ പുരുഷനുമാണ്. എന്നാൽ ഒരു ദിവസം നിരാശനായ ഏലിയാവ് മരിക്കുവാൻ ഇച്ഛിച്ചു. "താനോ മരുഭൂമിയിൽ ഒരു ദിവസത്തെ വഴി ചെന്നു ഒരു ചൂരച്ചെടിയുടെ തണലിൽ ഇരുന്നു മരിപ്പാൻ ഇച്ഛിച്ചു; ഇപ്പോൾ മതി, യഹോവേ, എന്റെ പ്രാണനെ എടുത്തുകൊള്ളേണമേ, ഞാൻ എന്റെ പിതാക്കന്മാരെക്കാൾ നല്ലവനല്ലല്ലോ എന്നു പറഞ്ഞു" (1രാജാ.19:4).

ഏലിയാവിനെ മരിച്ചിട്ട് എടുക്കുവാനല്ല ജീവനോടെ അഗ്നിമയ രഥങ്ങളുമായി സ്വർഗത്തിലേക്ക് എടുക്കുവാനാണ് സ്വർഗം തീരുമാനിച്ചിരുന്നത്. അതിനുമുമ്പ് അവന് ബഹുദൂരം യാത്രചെയ്യേണ്ടിയിരുന്നു. അനവധി ശുശ്രൂഷകൾ നിവർത്തിക്കേണ്ടിയിരുന്നു. ഏലിയാവു പക്ഷേ മരിപ്പാൻ ആഗ്രഹിച്ചു. എന്നാൽ ദൈവം അവന്റെ പ്രാർത്ഥന കേട്ടില്ല. ദൈവത്തിന്റെ ദൂതനെ അയച്ച് അവനെ ശക്തീകരിക്കുകയാണ് ചെയ്തത്.

ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളുമായി ഏറ്റുമുട്ടേണ്ടിവരുമ്പോൾ മരിപ്പാൻ ഇച്ഛിക്കുന്നവർ വളരെയുണ്ട്. എന്നാൽ അങ്ങനെയുള്ള പ്രാർത്ഥന ദൈവം കേൾക്കാത്തതിനാൽ നമുക്കു സ്തോത്രം ചെയ്യാം. ദൈവത്തിന്റെ ഹിതം നമ്മിൽ വ്യാപരിക്കേണ്ടതിനായി നമ്മെ സർവ്വശക്തന്റെ കരങ്ങളിൽ സമർപ്പിക്കാം.

## യേശുവിന്റെ പാനപാത്രം

"പിതാവേ നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കിൽ

*ശേഷം പേജ് 16*



# തിന്മയിൽ നിന്ന് നന്മയിലേക്ക്

പാസ്റ്റർ കെ.സി.ജോൺ



**ഓരോ** വിഷയത്തോടും സന്ദർഭത്തോടും ഉള്ള ബന്ധത്തിൽ നമ്മുടെ ചിന്തകളും പ്രതികരണങ്ങളും തീരുമാനങ്ങളും എങ്ങനെയായിരിക്കും എന്നതിന് നമ്മളെ നയിക്കുന്ന രണ്ട് പ്രധാന ഘടകങ്ങളുണ്ട്. ഒന്ന് നമ്മുടെ ഫീലിംഗ്. അത് നമ്മുടെ വികാരത്തോട് ബന്ധപ്പെട്ടുനിൽക്കുകയാണ്. അപ്പപ്പോഴുണ്ടാകുന്ന വൈകാരിക മാറ്റം അനുസരിച്ച് നമ്മുടെ പ്രതികരണങ്ങളും തീരുമാനങ്ങളും പെരുമാറ്റങ്ങളും പരിണമിക്കുന്നു. ഫീലിംഗ് അനുസരിച്ച് ജീവിക്കുന്ന വ്യക്തികൾക്ക് അവരുടെ തീരുമാനങ്ങളിൽ സ്ഥിരത ഉണ്ടാകണമെന്നില്ല. അവരുടെ ഫീലിംഗ് മാറുന്നതനുസരിച്ച് അവരുടെ നിലപാടുകളും മാറിക്കൊണ്ടിരിക്കും. ഇത് ഒരു സ്വഭാവ വൈകല്യമാണ്.

രണ്ടാമത് നമ്മളെ നയിക്കുന്ന ശക്തി അടിസ്ഥാന കാര്യങ്ങളാണ് (സ്വഭാവഗുണം). ഈ രീതിയിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് സ്ഥിരിതയുണ്ടാകും. ശാഠ്യം അല്ല സ്ഥിരത. എന്തുവന്നാലും സത്യത്തിനു വിരുദ്ധമായി ഒന്നും ചെയ്യുകയില്ല എന്ന സ്വഭാവ ഗുണമുള്ള ആളിന്റെ എല്ലാ തീരുമാനങ്ങളിലും ഈ സ്വഭാവ ഗുണത്തിന്റെ സ്ഥിരതയുണ്ടാകും. അയാളെ നമുക്ക് വിശ്വസിക്കാൻ കഴിയും. നേരെ മറിച്ച് സന്ദർഭത്തിന് അനുസരിച്ച് സത്യമോ, ഭോഷ്കോ സ്വീകരിക്കാൻ മടിയില്ലാത്ത ഒരാൾ ചഞ്ചലചിത്തനാണ്. ക്രമേണ സമൂഹം അയാളെ തിരിച്ചറിയുകയും വിശ്വസിക്കാൻ കൊള്ളാത്തവനായി മുദ്രകുത്തുകയും ചെയ്യും. പക, ദ്രവ്യാഗ്രഹം, കോപം, അസൂയ ഇത്തരം അധമവികാരങ്ങളാണ് ചഞ്ചല ചിത്തന്മാരെ നയിക്കുന്നത്.

സ്ഥിരമായി ചെയ്തുവരുന്ന കാര്യങ്ങൾ നമ്മുടെ സ്വഭാവത്തിന്റെയും ആളത്വത്തിന്റെയും ഭാഗമായി മാറുകയാണ്. നമ്മുടെ ആളത്വം എങ്ങനെ ആയിരിക്കണമെന്ന് നമ്മൾ മുൻകൂട്ടി നിശ്ചയിക്കുക. അതനുസരിച്ച് സ്വഭാവ സവിശേഷതകളുമായി നമ്മൾ ജീവിക്കുക. സാഹചര്യങ്ങളിൽ നിന്നും നമ്മുടെ ജീവിതത്തിലേക്ക് കടന്നിരിക്കുന്ന തെറ്റായ താല്പര്യങ്ങളെയും പെരുമാറ്റ രീതികളെയും പൂർണ്ണമായി ഒഴിവാക്കാൻ പരിശ്രമിക്കുക. അതിന് ദൈവത്തിന്റെ സഹായം അപേക്ഷിക്കുക. മറ്റു മനുഷ്യരും നമ്മെപ്പോലെ വികാരങ്ങളും വിചാരങ്ങളും ഉള്ള ആളുകളാണെന്നുള്ള ബോദ്ധ്യത്തിൽ ജീവിക്കുക. സ്നേഹത്തിന്റെ പെരുമാറ്റമേ നമ്മിൽ നിന്നുണ്ടാകാവൂ.

ഉത്തമ സവിശേഷ സ്വഭാവ ഗുണങ്ങൾ ഉള്ള ആളായി ജീവിക്കാനാണ് ദൈവം നമ്മളെ വിളിച്ചിരിക്കുന്നത്. പരിപൂർണ്ണതയുള്ള ഒരു മാതൃക നമുക്ക് കാണിച്ച് തന്നിട്ടുണ്ട്. അത് യേശുക്രിസ്തുവിന്റെ ജീവിതശൈലിയാണ്. പകയോ, വിദ്വേഷമോ, അസൂയയോ, സ്വാർത്ഥതയോ, ദ്രവ്യാഗ്രഹമോ, ജഡമോഹമോ തീണ്ടിയിട്ടില്ലാത്ത യേശുക്രിസ്തുവിന്റെ ദിവ്യസ്വഭാവം നമ്മുടെ ജീവിതത്തിൽ പകർത്തുവാനാണ് ദൈവം നമ്മളെ വിളിച്ചിരിക്കുന്നത്.

ഓരോ ദിവസവും തിന്മയിൽ നിന്ന് നന്മയിലേക്ക് നമ്മൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. പരിശുദ്ധാത്മാവാണ് നമ്മെ നയിക്കുന്നത്. നമ്മുടെ തീരുമാനമാണ് അതിന് അടിത്തറ. നമ്മൾ അതിന് സമർപ്പണമുള്ളവരാണെങ്കിൽ ദൈവം നമ്മളെ ജയത്തോടെ നടത്തും. സകല മനുഷ്യരോടും സമാധാനം ആചരിച്ച് ശുദ്ധീകരണം പ്രാപിക്കാൻ ഉത്സാഹിക്കുക. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല.

# ഐപിസി ശുശ്രൂഷക്കാർക്ക് പെൻഷൻ



ജോയി താനുവേലിൽ

ഐപിസി കേരളാ സ്റ്റേറ്റ് പെൻഷൻ സ്കീമിന്റെ ഉദ്ഘാടനം പ്രസിഡന്റ് പാസ്റ്റർ കെ.സി.തോമസ് നിർവ്വഹിച്ചു. പെരുമ്പാവൂരിൽ സ്റ്റേറ്റ് കൺവൻഷനിൽ നടത്തപ്പെട്ട ഉദ്ഘാടനം സമ്മേളനത്തിൽ ട്രഷറർ ജോയി താനുവേലിൽ പ്രവർത്തന വിശദീകരണം നടത്തി. ഡിസംബറിൽ നിത്യതയിൽ പ്രവേശിച്ച കൽപ്പറ്റ സെന്റർ സെക്രട്ടറിയുടെ വിധവ മേരിക്കുട്ടി ക്ലീറ്റസ് ആദ്യ പെൻഷൻ ഏറ്റു വാങ്ങി.

70 വയസിനു മുകളിൽ പ്രായമുള്ളതും 20 വർഷം ശുശ്രൂഷയിലിരുന്നിട്ടുള്ളതും സാമ്പത്തീക ക്ലേശം അനുഭവിക്കുന്നവരുമായ ദൈവദാസന്മാരെയാണ് പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കുന്നത്തൂർ, വടക്കാഞ്ചേരി, തൃശൂർ സൗത്ത്, കൽപ്പറ്റ, കുമിളി, കൊട്ടാരക്കര, കോട്ടയം സൗത്ത്, മുണ്ടക്കയം നോർത്ത് എന്നീ സെന്ററുകളിൽ പെട്ടവർക്കാണ് ഇപ്പോൾ സഹായം നൽകുന്നത്.

### ശുശ്രൂഷകൻമാർക്ക് ഡിജിറ്റൽ ഐ.ഡി കാർഡ്

ഐ.പി.സി കേരളാ സ്റ്റേറ്റിലെ എല്ലാ ശുശ്രൂഷകൻമാർക്കും വിശദവിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി ശുശ്രൂഷകൻമാർക്ക് ഡിജിറ്റൽ ഐഡി നൽകുവാനുള്ള ക്രമീകരണങ്ങൾ ആരംഭിച്ചു. സഭകളുടെയും ശുശ്രൂഷകൻ മാരുടെയും വിശദവിവരങ്ങൾ കമ്പ്യൂട്ടറിൽ എൻട്രി ചെയ്തു കൊണ്ടിരിക്കുന്നു. ശുശ്രൂഷൻമാരുടെ വിശദവിവരങ്ങൾ ഓഫീസിലുള്ളത് പ്രിന്റ് ചെയ്ത് ഓരോ ശുശ്രൂഷകനും മാർച്ച് ആദ്യവാരം അയച്ചു നൽകും ആ ഫാറം തിരികെ ലഭിച്ച് ഏപ്രിൽ ആദ്യവാരം മുതൽ ശുശ്രൂഷകൻമാർക്ക് ഡിജിറ്റൽ കാർഡ് നൽകി തുടങ്ങുമെന്ന് സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ അറിയിച്ചു.

### ചർച്ച് പ്ലാന്റ്റിംഗ് ബോർഡ്

ഐ.പി.സി കേരളാസ്റ്റേറ്റ് എക്സിക്യൂട്ടീവ് നേരിട്ട് ചുമതല വഹിക്കുന്ന ചർച്ച് പ്ലാന്റ്റിംഗ് ബോർഡിന്റെ ഉത്ഘാടനം ഐ.പി.സി സ്റ്റേറ്റ് കൺവൻഷൻ സമാപന യോഗത്തിൽ പെരുമ്പാവൂരിൽ വച്ച് നടന്നു. സുവിശേഷ വെളിച്ചം എത്തിയിട്ടില്ലാത്ത പുതിയ പ്രവർത്തന സ്ഥലത്ത് കർത്തൃശുശ്രൂഷയിലായിരിക്കുന്ന സുവിശേഷകർക്ക് പ്രതിമാസം 3000 രൂപ വീതം നൽകുന്നു.

കേരളത്തിൽ ഇനിയും സുവിശേഷ പ്രവർത്തനം നടക്കാത്ത നിരവധി പഞ്ചായത്തുകൾ ഉണ്ട്. കേരളത്തിലും വിദേശത്തുമുള്ള മിഷൻ ദർശനവും സാമ്പത്തിക നന്മയുമുള്ള വ്യക്തികളും സഭകളും മുൻമ്പോട്ട് വന്ന് ഈ പങ്കാളിത്ത സുവിശേഷീകരണത്തിലൂടെ സഭാ പ്രവർത്തനം ഊർജ്ജിതമാകുവാൻ പ്രത്യേകം ക്ഷണിക്കുന്നു. സ്പോൺസറും സെന്ററും സുവിശേഷകനും ചേർന്ന പങ്കാളിത്ത പദ്ധതി ആവശ്യമുള്ള എല്ലാ സെന്ററിലും ഓരോ സഭയെ സഹായിക്കുവാൻ താല്പര്യമുണ്ട്. ഓരോ സുവിശേഷപ്രവർത്തന സ്ഥലത്തെയും റിപ്പോർട്ടുകൾ അതാത് സമയം സ്പോൺസേഴ്സിനെ അറിയിക്കുന്നതാണ്. ഇരിട്ടി, തേക്കടി, ഒലവക്കോട്, പേരാമ്പ്രാ, കാസർഗോഡ്, ഹോസ്ദുർഗ്, പട്ടാമ്പി, കണ്ണൂർ സെന്ററുകളിലെ പ്രവർത്തനസ്ഥലത്തിന് സഹായം നൽകി തുടങ്ങി. ഐ.പി.സി ഫിലദൽഫിയ കോട്ടയം, ഐ.പി.സി സീയോൻ, റ്റാബിർ നാക്കിൾ കോട്ടയം, ഐ.പി.സി കോട്ടയം സൗത്ത് സെന്റർ, എബനേസർ പി.വൈ.പി.എ വടവാതൂർ എന്നിവർ സ്പോൺസേഴ്സ് ആയി ഇപ്പോൾ സഹായം നൽകുന്നത്. സ്പോൺസർ ആകുവാൻ സ്വദേശത്തും വിദേശത്തുമുള്ള മിഷൻ ദർശനമുള്ള സഭകളും വ്യക്തികളും സ്റ്റേറ്റ് കൗൺസിൽ എക്സിക്യൂട്ടീവുമായി ബന്ധപ്പെടുക.

### കുടിശിഖ തീർക്കുക

സ്റ്റേറ്റ് കൗൺസിൽ തീരുമാനിക്കുകയും സഭകളെ അറിയിക്കുകയും ചെയ്ത താഴെ പറയുന്ന ഇനങ്ങളിലുള്ള കുടിശിഖ അടച്ചു തീർക്കുവാൻ സ്റ്റേറ്റ് ട്രഷറർ അഭ്യർത്ഥിക്കുന്നു.









1. പാസ്റ്റേഴ്സ് സബ്ക്രിപ്ഷൻ ഫീസ് - നവം, ഡിസം, ജനു - ഫെബ്രു 15 നകം
2. വിവാഹ ഫണ്ട് - നവം, ഡിസം, ജനു-ഫെബ്രു - 15 നകം
3. സഭകളുടെ 2016 ലെ സ്തോത്രകാഴ്ച - ജനു 31 നകം
4. സഭാ രജിസ്ട്രേഷൻ & മെമ്പർഷിപ്പ് ഫീസ് - ജനു 31 നകം
5. സെന്റർ ശുശ്രൂഷകൻമാരുടെ ദശാംശം (2016ലേത്) ജനു 31 നകം

തുക സ്റ്റേറ്റ് കൗൺസിൽ ഓഫീസിൽ ഏൽപ്പിച്ച് രസീത് കൈപ്പറ്റേണ്ടതാണ്.


# ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ വികസന പാതയിൽ



ഹെബ്രോൻപുരത്ത് നിർമ്മിച്ച കൺവെൻഷൻ സ്റ്റേജ്



പണി പൂർത്തിയാകുന്ന ഇന്റർനാഷണൽ കെട്ടിട സമുച്ചയം



**സജി പോൾ**

**വി**വിധ വിശ്വാസങ്ങൾക്ക് സംഗമഭൂമിയാകുന്ന ജില്ലയാണ് പത്തനംതിട്ട. ആത്മീയ അനുഗ്രഹങ്ങളുടെ കലവറ തുറക്കുന്ന ദിനങ്ങൾക്ക് കുമ്പനാട്ട് ഇന്ന് തുടക്കമാകും. ഒന്നാം നൂറ്റാണ്ടിലെ ആത്മീയ അനുഭവത്തിലേക്ക് ക്രൈസ്തവ സഭയെ എത്തിക്കുന്ന ആത്മപകർച്ചയ്ക്ക് മലങ്കര സാക്ഷ്യം വഹിച്ചിട്ട് ഒരു നൂറ്റാണ്ടോളമാകുമ്പോൾ ആ ചരിത്രത്തിൽ ഇടംപിടിച്ച മണ്ണാണ് കുമ്പനാട്. പ്രാർത്ഥനയുടെയും കൂട്ടായ്മയുടെയും ബലത്തിൽ എളിയ നിലയിൽ ആരംഭം കുറിച്ച ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ ഇന്ന് വികസനത്തിന്റെ പന്ഥാവിലാണ്. ഹെബ്രോൻ പുരത്തോട് ചേർന്ന് രണ്ടര ഏക്കൽ സ്ഥലം, പ്രെയർ ചേംബർ, സ്റ്റേജ്, കൗൺസിൽ ഹാൾ, എ.സി ഓഡിറ്റോറിയം, ഡോർമിറ്ററികൾ, കാന്റീൻ, പാർക്കിങ്ങിനായി ബഹുനില സമുച്ചയം, മിഷൻ പ്രവർത്തനങ്ങൾക്ക് സഹായം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാലിന്യ സംസ്കരണ പ്ലാന്റ്, ആരാധനാലയങ്ങൾ പണിയാൻ സഹായം, വിദ്യാഭ്യാസ സഹായം, ജീവകാരുണ്യ പ്രവർത്തനങ്ങൾ. തുടങ്ങി കുതിപ്പിന്റെ അലകളാണ് ഇപ്പോൾ കാണുന്നത്.

### പ്രെയർ ചേംബറും സ്റ്റേജും

40 ലക്ഷത്തിലേറെ രൂപ ചിലവഴിച്ച് നിർമ്മിച്ച കൺവൻഷൻ സ്ഥിരം സ്റ്റേജിന്റെ ഉദ്ഘാടനം ജനുവരി 10ന് നടന്നു. മുൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ റ്റി.എസ് ഏബ്രഹാമിന്റെ സാന്നിധ്യത്തിലായിരുന്നു ഉദ്ഘാടനം. ഇതിന് താഴെയായി പൂർണ്ണസമയ പ്രാർത്ഥനയ്ക്കായി പ്രെയർ ചേംബറും തുടങ്ങി. ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭാംഗവും മദ്ധ്യതിരുവിതാംകൂറിലെ ഒരു വ്യവസായിയും പേര് വെളിപ്പെടുത്താനാഗ്രഹിക്കാത്തതുമായ വ്യക്തിയാണ് സ്റ്റേജ് സ്പോൺസർ ചെയ്തത്.

### കൗൺസിൽ ഹാൾ

ആധുനിക സൗകര്യങ്ങളൊരുക്കിയാണ് കൗൺസിൽ ഹാൾ നിർമ്മാണം നാലാം നിലയിൽ പുരോഗമിക്കുന്നത്. അസംബ്ലിഹാളിന് സമാനമായി എല്ലാ കൗൺസിൽ അംഗങ്ങൾക്കും സംസാരിക്കാനുള്ള മൈക്ക് സംവിധാനം, സംസാരിക്കാൻ സമയം ആവശ്യപ്പെടാനുള്ള ബസറുകൾ, ലിഫ്റ്റ് സംവിധാനം, റിസപ്ഷൻ, വെയ്റ്റിങ്ങ് ലോഞ്ച്, സ്നാക്ക് സെന്റർ എന്നിവ കൗൺസിൽ ഹാളിനോട് ചേർന്ന് ഒരുക്കുന്നുണ്ട്. സിസ്റ്റേഴ്സ് ആൻഡ് ബ്രദേഴ്സ് ഡോർമിറ്ററികളും ഈ നിലയിലാണ്.

### മാലിന്യ സംസ്കരണ പ്ലാന്റ്

ലക്ഷങ്ങൾ ചിലവഴിച്ചാണ് തലവടി സ്വദേശിയായ ഉമ്മൻ ഏബ്രഹാം (മുംബൈ ബഥേൽ എൻജിനിയറിങ്ങ്സ്) മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചത്. ഹെബ്രോൻപുരത്തെ പ്രധാന പ്രശ്നങ്ങളിലൊന്നായിരുന്നു മാലിന്യ സംസ്കരണം. മാലിന്യങ്ങൾ റീസൈക്കിൾ ചെയ്ത് വെള്ളം വീണ്ടും ഉപയോഗപ്രദമാക്കുന്ന നിലയിൽ ആധുനിക സൗകര്യങ്ങൾ ഉപയോഗിച്ചാണ് പ്ലാന്റ് സജ്ജമാക്കിയിരിക്കുന്നത്.

### AC ഓഡിറ്റോറിയം

ഇപ്പോഴത്തെ പാരീഷ് ഹാൾ സ്ഥിതിചെയ്യുന്ന സ്ഥലത്താണ് പുതിയ AC ഓഡിറ്റോറിയം വരുന്നത്. മുൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ റ്റി.ജി.ഉമ്മന്റെ മകൻ പി.ഒ ചെറിയാൻ (കാനഡ) ആണ് 2.6 കോടി രൂപ ചിലവഴിച്ച് ഓഡിറ്റോറിയം നിർമ്മാണത്തിന് വഴിയൊരുക്കുന്നത്. ആറായിരത്തിലധികം പേരെ ഉൾക്കൊള്ളുന്ന 24000 സ്ക്വയർ ഫീറ്റ് ഇരുനില ഓഡിറ്റോറിയത്തിന് കൺവൻഷനോടനുബന്ധിച്ച് തറക്കല്ലിടും. ഓഡിറ്റോറിയത്തിന് ലഭിക്കുന്ന വാടകയുടെ ഭൂരിഭാഗവും മിഷൻ പ്രവർത്തനങ്ങൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമായാണ് ഉപയോഗിക്കുന്നത്.

### ഇൻഡോർ കൺവൻഷൻ സ്റ്റേഡിയം

ഗ്യാലറിയോടു കൂടിയ ഇൻഡോർ കൺവൻഷൻ സ്റ്റേഡിയത്തിന് പദ്ധതികൾ തയ്യാറായി കഴിഞ്ഞു. 5കോടി രൂപ ചിലവഴിച്ച് ഇപ്പോൾ പന്തലിൽ ഇരിക്കുന്നതിന്റെ ഇരട്ടിയിലധികം ആളുകളെ ഉൾക്കൊള്ളുന്ന ഇൻഡോർ സ്റ്റേഡിയമാണ് ഹെബ്രോൻ പുരത്ത് പണിയാൻ ലക്ഷ്യമിട്ടിരിക്കുന്നത്. അടുത്ത സഭാ കൗൺസിലിൽ ഇതിന് അന്തിമ രൂപമാകും.

### കാർ പാർക്കിങ്ങ്, കാന്റീൻ സമുച്ചയം

ഹെബ്രോൻ പുരത്തോട് ചേർന്ന് വാങ്ങിയ സ്ഥലത്ത് കാർപാർക്കിങ്ങിനായി 10 നിലകളുള്ള സമുച്ചയം നിർമ്മിക്കാൻ അടുത്ത കൗൺസിൽ തീരുമാനമെടുക്കും. ഇതോട് ചേർന്ന് ദിവസവും പ്രവർത്തിക്കുന്ന കാന്റീനും ഉണ്ടാകും. ഡൈനിംങ്ങ് ഹാൾ, കിച്ചൺ എന്നിവയും പൂർണ്ണ സജ്ജീകരണത്തോടെ ഇവിടെ പൂർത്തിയാകും.

ജനറൽ കൗൺസിലിന്റെ കൂട്ടായ പ്രാർത്ഥനയും പരിശ്രമത്താലുമാണ് ധ്രുതഗതിയിൽ വികസന പ്രവർത്തങ്ങൾ മുന്നോട്ട് പോകുന്നത്. ജോയി കുമ്പനാട്, ജോൺസൻ അലക്സ് എന്നിവരാണ് പുതിയനിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല.



# നന്ദികേടിന്റെ ലോകം



പാസ്റ്റർ ബി. മോനച്ചൻ
കായംകുളം

**അ**ന്ത്യകാല ലക്ഷണങ്ങളിൽ ഒന്നായി വിശുദ്ധ പൗലൊസ് പരിശുദ്ധാത്മാവിൽ രേഖപ്പെടുത്തിയിരിക്കുന്ന വയിൽ മനുഷ്യൻ നന്ദികെട്ടവരും വാത്സല്യമില്ലാത്തവരും ആയിരിക്കുമെന്ന തിരുവചന നിവൃത്തി നമ്മുടെ കൺമുമ്പിൽ നാം കാണുന്നു. ആധുനിക ലോകത്തെ മനുഷ്യന്റെ നന്ദികേടിന്റെയും വഞ്ചനയുടേയും ഒറ്റിക്കൊടുക്കലിന്റെയും വാർത്തകൾ കൊണ്ട് പത്രമാധ്യമങ്ങൾ നിറയുന്നു. ഒരു മകനെ/ മകളെ പതിനെട്ടും ഇരുപതും വർഷം സ്നേഹം നല്കി വളർത്തി വലുതാക്കിയ അപ്പനെയും അമ്മയെയും ഉപേക്ഷിച്ച്, ഒരു മണിക്കൂറിലെ അല്ലെങ്കിൽ ഒരു ദിവസത്തെ കൂടിക്കാഴ്ചയിൽ സ്നേഹഭാവ പ്രകടനം നടത്തിയ, വാചക കസർത്ത് നടത്തിയ ചെറുക്കന്റെ/ പെണ്ണിന്റെ പുറകെ പോകുന്ന കാഴ്ച നാം കാണുന്നു. മകനെ അല്ലെങ്കിൽ മകളെ കാൺമാനില്ല എന്ന പരാതിയുമായി പൊലീസ് സ്റ്റേഷനിലോ കോടതിയിലോ എത്തുന്ന മാതാപിതാക്കളുടെ മുമ്പിൽവെച്ച് 'ആരോടൊപ്പം പോകാനാണ് നിങ്ങൾക്കിഷ്ടം?' എന്ന നിയമപാലകരുടെ ചോദ്യത്തിന്, സ്നേഹിച്ച പുരുഷനോടൊപ്പം അല്ലെങ്കിൽ പെൺകുട്ടിയോടൊപ്പം പോകാനാണ് എനിക്കു താല്പര്യം എന്നു നിഷ്കരുണം പ്രസ്താവിച്ച് അവർ പോകുന്നു. പാലൂട്ടിയും സ്നേഹം പകർന്നും പത്തിരുപതു വർഷം പൊന്നുപോലെ നോക്കിയ മാതാപിതാക്കളുടെ നെഞ്ചിൽ കഠാര കുത്തിയിറക്കുന്നതിനു തുല്യമാണ് ഈ പ്രവൃത്തിയെന്ന് പല യൗവ്വനക്കാരും ചിന്തിക്കുന്നില്ല.

എന്തെന്തു മോഹന പ്രതീക്ഷയോടെയാണ് മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തിക്കൊണ്ടു വരുന്നത്. അവർക്ക് നല്ല വിദ്യാഭ്യാസം, നല്ല ജോലി, നല്ല ജീവിത പങ്കാളി ഇതാണവരുടെ സ്വപ്നം. ഇതിനായി തങ്ങൾക്കുള്ള സർവ്വസ്വവും അവർ മക്കൾക്കു നല്കുവാൻ തയ്യാറാകുന്നു. അവർ നല്ല വസ്ത്രം ഉടുക്കാതെയും നല്ലതു ഭക്ഷിക്കാതെയും ഞെരങ്ങിയും ഞെരുങ്ങിയും ഒക്കെ മക്കളെ വളർത്തു ന്നു; അവർ ചോദിക്കുന്നതെല്ലാം നല്കുന്നു. തങ്ങളുടെ കുഞ്ഞുങ്ങളുടെ വിവാഹം ആർഭാടപൂർവ്വം നടത്തുന്നതു സ്വപ്നം കാണുന്നു. ഒടുവിൽ മാതാപിതാക്കളുടെ എല്ലാ പ്രതീക്ഷകളുടെയും കടയ്ക്കൽ കത്തിവച്ചുകൊണ്ട് തങ്ങളുടെ മകൻ/ മകൾ വഴിയിൽ കണ്ടവന്റെ കൂടെ പാർക്കുവാൻ ഒരു ദിനം തങ്ങളെ ഉപേക്ഷിച്ചു കടന്നുപോകുന്നു. ഈ ഇരുപതു വർഷം തങ്ങളെ വളർത്തി വലുതാക്കിയ മാതാപിതാക്കളോട് തരിമ്പു സ്നേഹം എങ്കിലും ഉണ്ടായിരുന്നെങ്കിൽ, നന്ദി ഉണ്ടായിരുന്നെങ്കിൽ അവർ ഇങ്ങനെ ചെയ്യുമോ? പ്രേമം അന്ധത പിടിപ്പിക്കും എന്നതു സത്യമായിരിക്കാം എങ്കിൽപോലും 'നന്ദികെട്ടവർ' എന്ന് ഇവിടെ ദൈവവചനം വിവക്ഷിക്കുന്ന കാലത്തിന്റെ പ്രത്യേകത കൂടെ ആണിതെന്നു ഓർക്കണം.

ആരും തിരിഞ്ഞുനോക്കുവാൻ ഇല്ലാതെയും സഹായിപ്പാൻ ഇല്ലാതെയും ഇരുന്ന ചിലരെയൊക്കെ അവരുടെ കഷ്ടത കണ്ട് ചില നല്ല മനസ്സിന് ഉടമകളായവർ കൈപിടിച്ചുയർത്തി കഴിയുന്ന സഹായം ചെയ്യുന്നു. ഒടുവിൽ അവർ ആളായപ്പോൾ, പട്ടിണി മാറിയപ്പോൾ സഹായിച്ചവരോട് നന്ദി കാണിക്കുന്നില്ല എന്നു മാത്രമല്ല, ദുഷിക്കാനും തള്ളിപ്പറയാനും ശ്രമിക്കുന്ന എന്തെന്ത് വഞ്ചനയുടെയും നെറികേടിന്റെയും കഥകളാണ് സെക്കുലർ രാഷ്ട്രീയരംഗത്തും സാമൂഹ്യരംഗത്തും നാം കണ്ടുകൊണ്ടിരിക്കുന്നത്. ഇന്നത്തെ ആത്മീയലോകവും ഇതിൽ നിന്നും വിഭിന്നമല്ല. ഐ.പി.സി. യുടെ സ്ഥാപക നേതാവായ ഉണ്ണൂണ്ണി സാറിന്റെ ആത്മകഥയിൽ – താൻ സൈക്കിൾ വാങ്ങിക്കൊടുത്തവൻ ആ സൈക്കിളുമായി നടന്ന് തന്നെ ദുഷിക്കുന്നതായും, താൻ ബൈബിൾ വാങ്ങിക്കൊടുത്തവൻ ആ ബൈബിൾ ഉയർത്തി തനിക്കെതിരെ ദൂഷണം പറയുന്നതായും, താൻ കൈപിടിച്ചുയർത്തിയവർ പലരും തനിക്കെതിരെ ദൂഷണവും അപമാനവും പറഞ്ഞുന




**ആരാലും അറിയപ്പെടാതിരുന്ന നിങ്ങൾക്ക് ഇന്നത്തെ നിലയിലേക്ക് ഉയർന്നു വരുവാൻ പലരുടെയും സഹായം ആവശ്യമായിരുന്നു. ആരാലും അറിയപ്പെടാതിരുന്ന നിങ്ങളെ അന്ന് പ്രതിഫലേച്ഛ കൂടാതെ സഹായിച്ച, കൂട്ടായ്മയുടെ വലങ്കരം തന്ന അനേകർ ഉണ്ട്, അല്ലെങ്കിൽ ഒരാളെങ്കിലും കാണും.**

ടന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതൊക്കെ അന്നു മാത്രമല്ല ഇന്നും തുടരുന്നു. ഒരുത്തനെ ആത്മാർത്ഥമായി സ്നേഹിച്ചാൽ, സഹായിച്ചാൽ, കൈപിടിച്ചുയർത്തിയാൽ സ്വന്തംകാലിൽ നില്ക്കാൻ പ്രാപ്തനായാൽ അവൻ തിരികെ തരുന്നത് വേദനയും പരിഹാസവും തിരസ്കരണവും ആയിരിക്കും. അതായത് ചിലരെ ഒക്കെ സഹായിക്കുന്നത് പാമ്പിനു തീറ്റ കൊടുക്കുന്നതുപോലെയാണ്. തീറ്റ കൊടുക്കുന്ന കൈക്കു തന്നെ അവൻ കൊത്തും.

പണ്ട് മരുഭൂമിയിൽ ഏകാന്തയാത്രികനായ ഒരുവന് പറ്റിയ അബദ്ധത്തെക്കുറിച്ച് കേട്ടിട്ടുണ്ട്. മരുഭൂമിയിലൂടെ യാത്രചെയ്ത മഹാമനസ്കനായ ആ മനുഷ്യൻ ഒരു പാമ്പിൻകുഞ്ഞ് കൊടുംശൈത്യത്തിൽ ചാകാൻ തുടങ്ങുന്ന കാഴ്ച കണ്ടു. ദയാലുവായ ആ മനുഷ്യൻ ആ പാമ്പിൻകുഞ്ഞിനെ അയാളുടെ പുതപ്പിനടിയിൽ വെച്ച് ചൂടുനല്കി. ജീവൻ തിരികെകിട്ടിയ പാമ്പിൻകുഞ്ഞ് ആദ്യം ചെയ്തത് തന്നെ രക്ഷിച്ച മനുഷ്യനെ കടിക്കയായിരുന്നു. അയാൾ പാമ്പിനോടുചോദിച്ചു: "ചാകുവാൻ പോയ നിന്നെ ഞാൻ രക്ഷിച്ചു എന്നിട്ടും നീ എന്നെ എന്തിനു കടിച്ചു?" പാമ്പിന്റെ മറുപടി: "എന്നെ രക്ഷിച്ചതു നീ ആയിരിക്കാം; എന്നാൽ മറ്റുള്ളവരെ കടിക്കുക എന്നത് എന്റെ ശീലമാണ്. അതിന് രക്ഷിച്ചവനെന്നോ ശിക്ഷിച്ചവനെന്നോ നോക്കാറില്ല. നിന്റെ പുതപ്പിനടിയിൽനിന്നു രക്ഷപ്പെടുവാൻ നിന്നെ കടിക്കുകയല്ലാതെ മറ്റ് മാർഗ്ഗങ്ങൾ എനിക്കറിഞ്ഞുകൂടാ..." ഇതുപോലെയാണ് ഇന്നത്തെ മനുഷ്യർ, സ്വയം രക്ഷപെടാൻ സംരക്ഷിച്ചവരെയും വേണ്ടിവന്നാൽ വകവരുത്തും. അതുകൊണ്ട് ഉദാരമനസ്ക്കരും സഹായഹസ്തം നീട്ടുന്നവരും ഒക്കെ ആർക്കാണ് പാലുകൊടുക്കുന്നതെന്ന് രണ്ടുവട്ടം ചിന്തിക്കുക.

നന്ദികേടിന്റെ ഈ ലോകത്ത് നന്ദിയുള്ളവരായിരിപ്പിൻ എന്ന തിരുവെഴുത്ത് നാം മറന്നുപോകരുത്. സത്യത്തിൽ ദൈവത്തോടു നന്ദിയുള്ളവൻ മനുഷ്യനോടും നന്ദിയുള്ളവൻ ആയിരിക്കും. ദൈവത്തോടു നന്ദിയില്ലാത്തവൻ മനുഷ്യനോട് നന്ദി കാണിക്കുകയില്ല. സൃഷ്ടിതാവിനെ മറക്കുന്നവർ സഹസൃഷ്ടികളെ മറക്കുന്നതിൽ അത്ഭുതമില്ല. നാം സന്തോഷിക്കുമ്പോൾ കൂടെ സന്തോഷിക്കുവാൻ അനേകർ കാണും. എന്നാൽ കരയുമ്പോൾ കൂടെ കരയുവാൻ അധികമാരും കാണില്ല. അതുകൊണ്ടുതന്നെ സന്തോഷിച്ചപ്പോൾ കൂടെ സന്തോഷിച്ചവരെ മറന്നാലും കരഞ്ഞപ്പോൾ കൂടെ കരഞ്ഞവരെ ഒരുനാളും മറക്കരുത്. അവരാണ് നമ്മുടെ യഥാർത്ഥ സ്നേഹിതർ.

പേരും പെരുമയും സ്ഥാനവും മാനവും ഒക്കെയുള്ളവനെ ചുമക്കുവാനും ചുമലിൽ ഏറ്റുവാനും സ്വീകരിക്കുവാനും ബഹുമാനിക്കുവാനും അനേകർ കണ്ടേക്കാം. എന്നാൽ നിങ്ങൾക്ക് ഇതൊന്നും ഇല്ലാതിരുന്ന ഒരു കാലം ഉണ്ടായിരുന്നു. ആരാലും അറിയപ്പെടാതിരുന്ന നിങ്ങൾക്ക് ഇന്നത്തെ നിലയിലേക്ക് ഉയർന്നു വരുവാൻ പലരുടെയും സഹായം ആവശ്യമായിരുന്നു. ആരാലും അറിയപ്പെടാതിരുന്ന നിങ്ങളെ അന്ന് പ്രതിഫലേച്ഛ കൂടാതെ സഹായിച്ച, കൂട്ടായ്മയുടെ വലങ്കരം തന്ന അനേകർ ഉണ്ട്, അല്ലെങ്കിൽ ഒരാളെങ്കിലും കാണും. അവരെ നിങ്ങൾ ഓർക്കുന്നുണ്ടോ; ഇപ്പോഴും അവരുമായി നിങ്ങൾക്കു സ്നേഹബന്ധമുണ്ടോ? ഇല്ലെങ്കിൽ നിങ്ങൾ ചുവട് മറക്കുന്നവൻ ആണ്.

അതെ, "നിങ്ങളെ വെട്ടിയെടുത്ത പാറയിലേക്കും കുഴിച്ചെടുത്ത ഖനിഗർഭത്തിലേക്കും നോക്കുക." നന്ദികെട്ട ലോകത്ത് നിങ്ങൾ നന്ദിയുള്ളവൻ ആയിരിക്കുക. ഈ കുറിമാനം ആരംഭിച്ചത് മാതാപിതാക്കളോട് നന്ദികേട് കാണിക്കുന്ന മക്കളെക്കുറിച്ച് പരാമർശിച്ചുകൊണ്ടായിരുന്നല്ലോ. അതുകൊണ്ടുതന്നെ ഇന്നത്തെ യുവതലമുറയോട് ഓർമ്മിപ്പിക്കട്ടെ, നിങ്ങൾക്ക് തടിയും തന്റേടവും സൗന്ദര്യവും ഓജസ്സും ഒക്കെയുള്ള ഈ സമയത്ത് നിന്നെ സ്നേഹിക്കുവാനും തട്ടിയെടുക്കുവാനും നിന്റെ ബലം കവരുവാനും അനേകർ ശ്രമിച്ചേക്കാം. എന്നാൽ വിരൂപരായിരിക്കുന്ന, ആരോഗ്യമില്ലാതെയിരിക്കുന്ന – ഒരുകാലത്ത് നിന്നെ ഇങ്ങനെയൊക്കെ ആക്കിക്കൊണ്ടുവരുവാൻ പാടുപെട്ട – മാതാപിതാക്കളെ നീ വേദനിപ്പിക്കരുത്; കണ്ണീരു കുടിപ്പിക്കരുത്. ഒരു ദിവസംകൊണ്ട് നീ ഇങ്ങനെ ആയിത്തീർന്നതല്ല, അനേക വർഷങ്ങളിലെ ത്യാഗവും സ്നേഹവും വേദനയും കണ്ണീരും ഇതിനു പിന്നിലുണ്ട്. അതുകൊണ്ടുതന്നെ ഒരു ദിവസംകൊണ്ട് നീ ഇതിനെല്ലാം വിലപറഞ്ഞ് ഇറങ്ങിപ്പോകരുത്. അങ്ങനെ ചെയ്താൽ നീ വിതയ്ക്കുന്നതു തന്നെ ഒരുനാൾ കൊയ്യും. വിതയ്ക്കുന്ന അത്രയും അല്ല, പതിന്മടങ്ങ് നീ കൊയ്യും! അതുകൊണ്ട് സൂക്ഷിക്കുക. മാതാപിതാക്കളോട്, സഹോദരങ്ങളോട്, ദൈവസഭയോട് എല്ലാറ്റിനുമുപരി ദൈവത്തോട് നന്ദിയുള്ളവൻ ആയിരിക്കുക.



പാസ്റ്റർ കെ.ജോയി



# പ്രതിസന്ധികളിൽ തളരാതെ മുന്നേറുക

"കഷ്ടകാലത്തു നീ കുഴഞ്ഞു പോയാൽ നിന്റെ ബലം നഷ്ടം തന്നെ" (സദൃശവാക്യങ്ങൾ 24:10). കല്ലും മുള്ളും പറക്കാരയും നിറഞ്ഞ ഒരു ലോകത്തിലൂടെയാണ് നാം യാത്ര ചെയ്യുന്നത്. സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾ വരുമ്പോൾ പൊതുജനങ്ങൾ നോക്കുന്നതു തങ്ങളുടെ നേതാവിന്റെ മുഖത്തേക്ക് ആയിരിക്കും. നേതാവ് പരിഭ്രാന്തചിത്തനായി തീർന്നാൽ അനുയായികളുടെ ധൈര്യം കെട്ടുപോകും. കോളിളക്കത്തിന്റെ കൊടുങ്കാറ്റുകൾ പടകിനെതിരെ ശക്തമായി ആഞ്ഞടിക്കുമ്പോൾ തികഞ്ഞ മനോധൈര്യത്തോടും പ്രശാന്തതയോടും കൂടി അതിനെ തരണം ചെയ്യേണ്ടതു ഒരു നല്ല നേതാവിന്റെ ചുമതലയാണ്. ഇംഗ്ലണ്ടിലെ വിൻസ്റ്റൺ ചർച്ചിൽ ഈ ലോകം കണ്ടിട്ടുള്ള വലിയ നോതാക്കന്മരിൽ ഒരാളായിരുന്നു. രണ്ടാം ലോകമഹായുദ്ധകാലത്ത് അദ്ദേഹം തന്റെ ജനത്തിനു കൊടുത്ത നേതൃത്വം പ്രശംസനീയമായിരുന്നു. അവസരത്തിനൊത്ത് ഉയരുക എന്നതാണ് ഒരു നല്ല നേതാവിന്റെ ലക്ഷണമെന്നു അദ്ദേഹം പറയുമായിരുന്നു. സമുദ്രം ശാന്തമായിരിക്കുമ്പോൾ ആർക്കുവേണമെങ്കിലും ക്യാപ്റ്റൻ ആകാം എന്നൊരു പറച്ചിൽ ഉണ്ട്. കൊടുങ്കാറ്റും ചുഴലിക്കാറ്റും കൊണ്ടു സമുദ്രം ഇളകുമ്പോഴാണു ഒരു ക്യാപ്റ്റന്റെ തന്മയത്വവും മനോധൈര്യവും വെളിപ്പെടുത്തേണ്ടത്. ചെങ്കടൽ തീരത്തു വെച്ചു മോശെ തന്റെ ജനത്തോടു പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക: "ഭയപ്പെടേണ്ട; ഉറച്ചു നിൽപ്പിൻ; യഹോവ ഇന്നു നിങ്ങൾക്കു ചെയ്‌വാനിരിക്കുന്ന രക്ഷ കണ്ടുകൊൾവിൻ; നിങ്ങൾ ഇന്നു കണ്ടിട്ടുള്ള മിസ്രയീമ്യരെ ഇനി ഒരു നാളും കാണുകയില്ല. യഹോവ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും; നിങ്ങൾ മിണ്ടാതിരിപ്പിൻ" (പുറപ്പാട് 14:13,14). ഇത്രയും മനോധൈര്യത്തോടു കൂടി മോശെ ജനത്തോടു സംസാരിക്കുമ്പോൾ മോശെയുയട ഹൃദയം ദൈവസിന്നിധിയിൽ ഒരുകി ദൈവത്തോടു നിലവിളിക്കുന്നുണ്ടായിരുന്നു എന്ന് അടുത്ത വാക്യത്തിൽ നിന്നും തെളിയുന്നു. 15-ാം വാക്യം കാണുക. മോശെയുടെ നിലവിളി ദൈവം മാത്രമേ കണ്ടുള്ളൂ. എന്നാൽ തന്റെ മേൽനോട്ടത്തിലുള്ള ജനങ്ങൾ കേട്ടത് മനോധൈര്യത്തിന്റെ വാക്കുകൾ ആണ്. ഒരു ഉത്തമ നേതാവിൽ വിളങ്ങേണ്ട വിശിഷ്ട ഗുണമാണ് ഇവിടെ നാം കാണന്നത്.

കാലേകൂട്ടി കാണുവാൻ കഴിയാത്ത പ്രതിസന്ധികളായിരിക്കും നമുക്കു തരണം ചെയ്യേണ്ടി വരുന്നത്. ഏതായാലും പ്രതികൂലങ്ങളുടെ അഗ്നിശോധനയിൽ നിന്നും പുറത്തുവരുമ്പോൾ നീ ഒരു വ്യക്തിയായി മാറും. ധാരാളം ശോധനകളിൽ കൂടി കടന്നുപോയവർക്കു ദൈവസന്നിധിയിൽ ധാരാളം പ്രതിഫലം ലഭിക്കും. ഇയ്യോബിന്റെ ഭാഷയിൽ പറഞ്ഞാൽ, 'നീ പൊന്നുപോലെ പുറത്തുവരും.'

ഒട്ടേറെ വിമർശനങ്ങളെ അഭിമുഖീകരിക്കേണ്ടവനാണു ഒരു നേതാവ്. നീ ഒന്നും പറയാതെയും ഒന്നും ചെയ്യാതെയും ഒരു പദവി സ്വീകരിക്കാതെയും ഇരുന്നാൽ വിമർശനങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കാം എന്ന് ഒരു തത്വചിന്തകൻ പറഞ്ഞിട്ടുണ്ട്. അതു ഏറെക്കുറെ സത്യമാണ് താനും. മറ്റുള്ളവരെ വിമർശിക്കുക എന്നു മാനുഷിക സ്വഭാവത്തിൽ ഇടകലർന്നിട്ടുള്ള ഒരു സ്വഭാവമാണ്. നാമും മറ്റുള്ളവരെ വിമർശിക്കുകയും ചോദ്യം ചെയ്യുകയും മറ്റുള്ളവരെപ്പറ്റിയുള്ള കഥകൾ പ്രചരിപ്പിക്കുകയും ചെയ്യുന്നവർ ആരുന്നു എങ്കിൽ മറ്റുള്ളവരും നമ്മെ വിമർശിക്കുമെന്നു ന്യായമായി പ്രതീക്ഷിക്കാം. വിമർശനങ്ങൾ സ്വയം കേൾക്കേണ്ടിവരുമ്പോൾ നാം മറ്റുള്ളവരെ ഇന്നലെ നാം വിതച്ചതാണു ഇന്നു കൊയ്യുന്നത്.

വിമർശനങ്ങളെ രണ്ടായി തരംതിരിക്കാം. പ്രയോജനപ്രദവും ക്രിയാത്മകവുമായ വിമർശനങ്ങളാണു ഒന്നാമത്തേത്. നിരർത്ഥകവും നിഷ്പ്രയോജനവുമാണ് രണ്ടാമത്തേത്. പരദൂഷണം എന്നതു നിത്യതൊഴിലായി സ്വീകരിച്ചിരിക്കുന്ന ചില ആളുകൾ ഉണ്ട്. അങ്ങനെയുള്ള ഒരു മൂപ്പനെക്കുറിച്ച് സമീപകാലത്തു കേൾക്കുവാൻ ഇടയായി. എല്ലാ സഭായോഗത്തിലും പ്രബോധനം പറയേണം എന്നതു അയാൾക്കു നിർബന്ധമാണ്. ഏതു വാക്യം വായിച്ചാലും ആ വാക്യം കൊണ്ട് സഭാശുശ്രൂഷക

നെയും സഹ വിശ്വാസികളെയും അയാൾ വിമർശിച്ചിട്ടേ ഇരിക്കൂ. പല പ്രാവശ്യം ഗുണദോഷിച്ചിട്ടും പ്രയോജനം കാണായ്കയാൽ സഭാ ശുശ്രൂഷകൻ സെന്റർ പാസ്റ്ററായ മേലദ്ധ്യക്ഷനോടു വിവരം പറഞ്ഞു. ഈ പ്രശ്നം കൈകാര്യം ചെയ്യാനായി ഒരു ഞായറാഴ്ച സെന്റർ പാസ്റ്റർ സഭായോഗത്തിനു വന്നു. മേൽപ്പറഞ്ഞ സഭാമൂപ്പൻ ഏതോ ഒരു കുറിവാക്യവുമായി പ്രബോധത്തിനു എഴുന്നേറ്റു. ഉടനെ തന്നെ മേലദ്ധ്യക്ഷൻ അയാളെ ഒന്നു നിയന്ത്രിക്കാൻ ശ്രമിച്ചു. പ്രിയ മത്തായിച്ചൻ (ഭാവനാ നാമം) ഇന്നു ആ വാക്യത്തിൽ നിന്നും പ്രബോധിപ്പിച്ചാൽ മതി എന്നു താക്കീതു നൽകി. ആകട്ടെ എന്നു മത്തായിച്ചൻ സമ്മതിച്ചു. മേലദ്ധ്യക്ഷൻ ഉല്പത്തി 1:1-ാം വാക്യമാണ് നൽകിയത്. ആ വാക്യം തന്നെ മത്തായിച്ചൻ വായിച്ചിട്ടു പ്രബോധനം ആരംഭിച്ചു. അതു ഏറെക്കുറെ ഇവ്വണമായിരുന്നു. "പ്രിയമുള്ളവരേ, നാം കാണുന്ന ആകാശവും ഭൂമിയും സൃഷ്ടിച്ചതു ആരാണെന്ന് ഈ വാക്യത്തിൽ കാണുന്നു. ഇന്നു കാണുന്ന പാസ്റ്റർമാരുടെയും സെന്റർ പാസ്റ്റർമാരുടെയും ഇരിപ്പും നടപ്പും ഒക്കെ കണ്ടാൽതോന്നും അവരാണു ഇതൊക്കെ സൃഷ്ടിച്ചതെന്ന്. എന്നാൽ അവർ ആരും അല്ല, ദൈവമാണു ഇവയെ സൃഷ്ടിച്ചതെന്നു നിങ്ങൾ മനസ്സിലാക്കണം..." എന്നു തുടങ്ങി ഏതോ ചിലതൊക്കെ പറഞ്ഞിട്ടു അയാൾ ശുശ്രൂഷ കഴിഞ്ഞ് ഇരുന്നു.

ഇങ്ങനെയുള്ളവരെ ഒതുക്കുവാൻ വളരെ പ്രയാസമാണ്. ദൈവാലയത്തിൽ അനധികൃതമായി ധൂപം കാട്ടുവാൻ തുടങ്ങിയ ഉസ്സിയാ രാജാവിനെ വിലക്കുവാൻ അസര്യാ പുരോഹിതൻ ഉൾപ്പെടെ ധൈര്യശാലികളായ എൺപതു പുരോഹിതന്മാർ പരിശ്രമിച്ചിട്ടും പ്രയോജനമുണ്ടായില്ല. അപ്പോൾ സ്വർഗ്ഗം തന്നെ ഈ പ്രശ്നത്തിൽ ഇടപെടുകയും അവൻ ആജീവനാന്തം കുഷ്ഠരോഗിയായി പുറത്തുപോകയും ചെയ്തു (2 ദിന. 26:16-23).

സഭാ പരിപാലകന്മാർക്കോ, മേലദ്ധ്യക്ഷന്മാർക്കോ, കമ്മറ്റിക്കാർക്കോ ഒന്നും ഒതുക്കുവാൻ കഴിയാത്ത ഇത്തരം മത്സരമനോഭാവക്കാരെ അത്യുന്നതന്റെ കൈയിലേക്കു ഭരമേൽപ്പിക്കുന്നതാണ് നല്ലത്. ഉസ്സിയാ രാജാവിനെ കൈകാര്യം ചെയ്ത ദൈവം തന്നെ ഇങ്ങനെയുള്ളവരെ ഒതുക്കിക്കൊള്ളും. ഇതുപോലെയുള്ള സമൂഹദ്രോഹികൾക്കെതിരെ കോടതിയെയും വക്കിലീനെയും സമീപിക്കുന്നതു ഒരു ആത്മീക നേതാവിനു ഭൂഷണമല്ല.

ചിലർ തങ്ങളുടെ വായ് തുറക്കുന്നതു രണ്ടു കാര്യത്തിനാണ്. ഒന്നുകിൽ വല്ലതും ഭക്ഷിക്കാൻ അല്ലെങ്കിൽ മറ്റുള്ളവരെ വിമർശിക്കാൻ. പരദൂഷണം നിത്യ തൊഴിലാക്കിയ ഇത്തരക്കാരെ യഹോവയുടെ കരങ്ങളിൽ ഭരമേൽപ്പിക്കുവിൻ. നേതാവു വിമർശനങ്ങളിൽ തളരുവാൻ പാടില്ല. പിന്നെയോ ഈ സാഹചര്യത്തിൽ സ്വയം ശോധന ചെയ്യണം. ആരും പൂർണ്ണതയുള്ളവർ അല്ലല്ലോ. ക്രിയാത്മകമായ വിമർശനങ്ങൾ നമുക്കു പ്രയോജനം ചെയ്യും. അതു ഏറ്റെടുത്തു സ്വയം നന്നാകാൻ ശ്രമിക്കണം. തെറ്റുകൾ തിരുത്തണം. നിരർത്ഥകമായ വിമർശനങ്ങളെ അതിജീവിച്ച് മുന്നേറണം. ഒട്ടേറെ വിമർശനങ്ങളെ അതിജീവിച്ച് ഒരു വലിയ നേതാവായിരുന്നു മോശെ. മിസ്രയീമിലേക്കു മടങ്ങിപ്പോകുവാനുള്ള പ്രേരണയാണു തനിക്കു ജനങ്ങളിൽ നിന്നും നിരന്തരമായി ഉണ്ടായിക്കൊണ്ടിരുന്നത്. എന്നാൽ എത്രതന്നെ പ്രതിസന്ധികൾ നേരിടേണ്ടി വന്നാലും ഇനിയും ഫറവോന്റെ അടുക്കലേക്കു തിരിച്ചു പോകയില്ല എന്ന തീരുമാനത്തിൽ മോശെ ഉറച്ചു നിന്നു. അവൻ ദൗത്യത്തിൽ വിജയിക്കുകയും ചെയ്തു. നേതാവിനു തന്നിൽത്തന്നെ ഒരു ആത്മവിശ്വാസം ഉണ്ടായിരിക്കണം. ദർശനത്തിൽ ഉറച്ചു നിൽക്കണം. ദുഷ്പ്രവൃത്തിക്കാരുടെ നിമിത്തം മുഷിഞ്ഞുപോകരുത്. ഏറ്റെടുക്കുവാൻ കഴിയുന്ന ചുമതലകൾ മാത്രം ഏറ്റെടുക്കുക.

പ്രജകളുടെ ആവശ്യങ്ങളും പരാതികളും വളരെ ക്ഷമയോടും ശ്രദ്ധയോടും കൂടി കേൾക്കുക എന്നതു ഒരു നല്ല നേതാവിന്റെ സൽഗുണങ്ങളിൽ ഒന്നാണ്. ആവശ്യക്കാരുടെയും പരാതിക്കാരുടെയും മുഖത്തേക്കു തന്നെ ശ്രദ്ധിച്ചു നോക്കുവാനും ഉത്സാഹിക്കേണം. അതു ഒരു മുഷിച്ചിലായി തോന്നരുത്. ജീവിതത്തിന്റെയും ശുശ്രൂഷയുടെയും ഒരു ഭാഗമായി കരുതണം; "ഞാൻ പാസ്റ്ററെ ശല്യപ്പെടുത്തുകയായിരിക്കാം; വിലയേറിയ സമയം കവർന്നെടുക്കുക ആയിരിക്കാം." എന്നൊക്കെ പരാതിക്കാരൻ പറയുമ്പോൾ, "നിശ്ചയമായും അങ്ങനെയല്ല, ഇതു എന്റെ ഉത്തരവാദിത്തത്തിൽപ്പെട്ട കാര്യമാണ് ഡോക്ടർക്കു രോഗി ഒരു മുഷിച്ചിൽ അല്ലല്ലോ എന്റെ കഴിവിന്റെ പരമാവധി ഞാൻ നിങ്ങളെ സഹായിക്കാം. ഈ വിഷയത്തിന്റെ പരിഹാരത്തിനായി മുട്ടിപ്പായി പ്രാർത്ഥിക്കാം. നമ്മുടെ കർത്താവു നിശ്ചയമായും ഒരു വിടുതൽ നൽകും." ഇപ്രകാരമുള്ള സാന്ത്വന വചനങ്ങൾ നൽകുക. ആരെക്കുറിച്ചെങ്കിലും പരാതിയുമായിട്ടാണ് വരുന്നതെങ്കിൽ, മറുഭാഗവും കൂടെ കേൾക്കുവാനായി അവസരം ആവശ്യപ്പെടാം. ഒരു ഭാഗം മാത്രം കേട്ടു അന്തിമവിധി പറയുന്നതു ഒരു നല്ല നടത്തിപ്പുകാരന്റെ ലക്ഷണമല്ല. ദൈവസഭയിൽ ഒരു വ്യക്തിക്കു എതിരെ അച്ചടക്ക നടപടി എടുക്കേണ്ടി വരുമ്പോൾ പാലിക്കേണ്ട നിയമങ്ങളെപ്പറ്റി ഈ ഗ്രന്ഥകാരൻ രചിച്ചിട്ടുള്ള 'തേജസ്സേറിയ ശുശ്രൂഷ' എന്ന ഗ്രന്ഥത്തിൽ "ദൈവസഭയിലെ അച്ചടക്ക നടപടി" എന്ന ഭാഗത്തു വിവരിച്ചിട്ടുണ്ട്.

ഒരു സഭയിലോ സമൂഹത്തിലോ ഉള്ള എല്ലാവരുടെയും അഭിപ്രായങ്ങളും താത്പര്യങ്ങളും വ്യത്യസ്തങ്ങൾ ആയിരിക്കും. അതെല്ലാം നിവർത്തിച്ചു കൊടുക്കുവാൻ ഭൂമിയിൽ ഒരു നേതാവിനും കഴിയില്ല. എന്നാൽ തന്നെ സമീപിക്കുന്നവരുടെ അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ, പരാതികൾ ഇവയെല്ലാം വളരെ ശ്രദ്ധയോടെ കേട്ട ശേഷം നന്നായി ആലോചിക്കുക. പ്രാർത്ഥിക്കുക, ആത്മീയ പക്വതയുള്ള ചിലരുമായി വിഷയം ചർച്ച ചെയ്യുക; ഒടുവിൽ ഒരു തീരുമാനം എടുക്കുക. ഇപ്രകാരം വളരെ കരുതലോടുകൂടിയാണ് ഒരു നേതാവ് തീരുമാനങ്ങൾ എടുക്കുന്നത് എന്നുവരികിലും അത് ഇഷ്ടപ്പെടാത്ത ആളുകൾ വിമർശിച്ചു കൊണ്ടിരിക്കും. തങ്ങളുടെ ആലോചനയ്ക്കു വിപരീതമായിട്ടാണു നേതാവിന്റെ തീരുമാനം എങ്കിൽ അവർക്ക് അതു ഇഷ്ടപ്പെടുകയില്ല. ഞങ്ങളുടെ നേതാവ് "തന്നിഷ്ടക്കാരൻ" എന്നു പ്രചരിപ്പിച്ചു തുടങ്ങും. സ്വേച്ഛാധിപതി എന്നോ, തന്നിഷ്ടക്കാരൻ എന്നോ, 'റബ്ബർസ്റ്റാമ്പ്' എന്നോ 'പപ്പറ്റ്' എന്നോ ഒക്കെ പേരുകിട്ടാത്ത നേതാക്കന്മാർ വളരെ ചുരുക്കമാണ്. അതിൽ നിരാശപ്പെടരുത്. സർവ്വജ്ഞാനിയും നീതിയുള്ള ന്യായാധിപനുമായ സ്വർഗ്ഗസ്ഥനായ ദൈവം ചെയ്യുന്ന എല്ലാ കാര്യങ്ങളും ലോ

*ശേഷം പേജ് 14*

# സ്വപ്നം കാണൂ.. ലക്ഷ്യത്തിലെത്താം...



**പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നിൽ**

1968 ആഗസ്റ്റ് 28-ാം തീയതി ലിങ്കൻ മെമ്മോറിയൽ ബിൽഡിംഗിന്റെ ചവിട്ടുപടിയിൽ നിന്ന് കൊണ്ട് 250,000 ജനങ്ങളെ അഭിസംബോധന ചെയ്ത് അമേരിക്കയിലെ കറുത്ത വർഗ്ഗക്കാരുടെ വിമോചനത്തിനുവേണ്ടി പോരാടിയ മാർട്ടിൻ ലൂഥർ കിംഗ് വിളിച്ച് പറഞ്ഞു I have a dream' 'എനിക്ക് ഒരു സ്വപ്നം ഉണ്ട് മാർട്ടിൻ ലൂഥർ കിംങ്ങിന്റെ സ്വപ്നം സമത്വത്തിന്റേയും, ഐക്യതയുടേതുമായിരുന്നു. അതുമാത്രമല്ല കറുത്ത വർഗ്ഗക്കാരും, വെളുത്ത വർഗ്ഗക്കാരും ഒരുമിച്ച് ഒരു മേശക്ക് ചുറ്റും ഇരിക്കുന്ന സ്വപ്നം, അമേരിക്കയിൽ വാഷിംഗ്ടൺ ഡി.സിയിൽ ലിങ്കൻ മെമ്മേറിയൽ ബിൽഡിംഗിന്റെ സ്റ്റെപ്പിൽ മാർട്ടിൻ ലൂഥർ കിംഗ് നിന്ന് പ്രസംഗിച്ച സ്ഥലത്ത് 'I have a dream' എന്ന് ഗ്രാനൈറ്റിൽ കൊത്തിവച്ചിട്ടുണ്ട്. ദീർഘവർഷങ്ങൾ കഴിഞ്ഞു. ഒടുവിൽ മാർട്ടിന്റെ സ്വപ്നം യാഥാർത്ഥ്യമായി. വെളുത്ത വർഗ്ഗക്കാർ അടക്കിവാണിരുന്ന അമേരിക്കയുടെ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ഒരു കറുത്ത വർഗ്ഗക്കാർ സ്ഥാനോഹരണം ചെയ്തു. അത് മറ്റാരുമായിരുന്നില്ല സാക്ഷാൽ ബാരക്ക് ഒബാമ തന്നെ. മാർട്ടിൻ ലൂഥർ കിംങ്ങിന്റെ പ്രസംഗത്തിന് ഒരു സമൂഹത്തെ മുഴുൻ ഉത്തേജിപ്പിച്ച് വിപ്ലവകരമായ മാറ്റം അമേരിക്ക എന്ന സമ്പന്ന രാഷ്ട്രത്തിൽ വരുത്തുവാൻ കഴിഞ്ഞെങ്കിൽ വ്യക്തമായ സ്വപ്നവും ദൃഢമായ പ്രവർത്തനശൈലിയും കഠിനാധ്വാനവും എല്ലാ അസാദ്ധ്യതകളും സാദ്ധ്യമാക്കും. നല്ല ഒരു സ്വപ്നം ഒരു വ്യക്തിയെ, കുടുംബത്തെ, സമൂഹത്തെ, രാഷ്ട്രത്തെ സമൂലമായ പരിവർത്തനത്തിൽ കൊണ്ടെത്തിക്കും.

സദൃശ, 29:18 വെളിപ്പാട് ഇല്ലാത്തേടത്ത് ജനം മര്യാദ വിട്ട് നടക്കുന്നു. 'Where there is no vision people perish' സ്വപ്നം ഇല്ലെങ്കിൽ ഒന്നും ലക്ഷ്യമില്ലാത്തവരാണ്. അവർ സമുദ്രത്തിൽ ലക്ഷ്യമില്ലാതെ അലയുന്ന പായിക്കപ്പൽ പോലെയാണ്. ഒരു വിമാനം പറന്നുയരുന്നതിന് മുൻപ് തന്നെ എവിടെയാണ് പോകുന്നത് എന്നതിനെക്കുറിച്ച് വ്യക്തമായ നിശ്ചയം ഉണ്ട്. ആയതിനാൽ destination നിലെക്കാണ് വിമാനം കുതിക്കുന്നത്. ഒരു വിദ്യാർത്ഥി അവന്റെ പഠനകാലയളവിൽ തന്നെ അവന്റെ ഭാവിയിൽ എന്തായിതീരേണം എന്ന വ്യക്തമായ ലക്ഷ്യം ഉണ്ടായിരിക്കണം. എങ്കിൽ മാത്രമേ നല്ല ഒരു ലക്ഷ്യത്തിലെത്തിച്ചേരാൻ സാധിക്കുകയുള്ളൂ. ഉൽപ്പത്തി പുസ്തകത്തിൽ യോസേഫ് സ്വപ്നം കണ്ടു. കണ്ട സ്വപ്നം അവന്റെ മാതാപിതാക്കളുമായും സഹോദരങ്ങളുമായും പങ്ക് വച്ചു. അതുമുഖാന്തിരം വളരെ കഷ്ടത്തിലൂടെ കടന്ന് പോകേണ്ടി വന്നു. അവന്റെ സ്വന്ത സഹോദരങ്ങൾ ശത്രുക്കളായി. പൊട്ടക്കുഴിയിൽ ഇട്ടു. അവിടെ നിന്ന് മിദ്യാന്യ കച്ചവടക്കാർക്ക് വിറ്റു. കാരാഗ്രഹത്തിൽ അടക്കപ്പെട്ടു. ജീവിതത്തിൽ അനേക പ്രതിസന്ധികൾ സഹിക്കേണ്ടി വന്നെങ്കിലും യോസേഫ് സ്വപ്നത്തിൽ നിന്നും ഒട്ടും പിൻമാറിയില്ല. അവൻ കണ്ട സ്വപ്നം അവന്റെ ജീവിതത്തിൽ യാഥാർത്ഥ്യമായി.

1961 ആഗസ്റ്റ് 17-ാം തീയതി ഇംഗ്ലണ്ടിലെ പോളസ്പുരിയിൽ ജനിച്ച വില്യം കേറി പ്രേഷിത പ്രവർത്തനത്തിലൂടെ ഭാരതത്തിന്റെ ആധുനിക ചരിത്രഘട്ടത്തെ പ്രകാശോജ്ജ്വലമാക്കിയ വ്യക്തിയായി മാറി. ദൈവത്തിൽ നിന്നും മഹാകാര്യങ്ങൾ പ്രതീക്ഷിച്ചു ദൈവത്തിനായി മഹാകാര്യങ്ങൾ പ്രവർത്തിക്കുക എന്നതായിരുന്നു വില്യംകേറിയുടെ സ്വപ്നം. ഈ വലിയ സ്വപ്നം ഹൃദയത്തിലേറി സ്വന്തം ഭാര്യയുടേയും ബന്ധുക്കളുടേയും എതിർപ്പുകളെ അവഗണിച്ച് കർമ്മനിരതനായി ഭാരതമണ്ണിലേയ്ക്ക് പ്രയാണം ചെയ്തു. സുവിശേഷത്തിന്റെ വ്യാപ്തിക്കായി വിലകൊടുത്ത മഹാവ്യക്തി - ബൈബിൾ പരിഭാഷ, സുവിശേഷ പ്രഘോഷണം എന്നീ ത്രിമുഖ കർമ്മ പരിപാടികളായിന്നു വില്യംകേറി ആവിഷ്ക്കരിച്ചത്. സ്വന്തം മക്കളുടെ വേർപാട് ഭാര്യയുടെ മാനസികരോഗം എന്നിവ കേറിയെ വളരെ തളർത്തിയെങ്കിലും ദൈവം വീണ്ടും ശക്തി നൽകി. എന്നാൽ പ്രതീക്ഷിക്കാത്ത സമയത്തുള്ള തന്റെ സഹധർമ്മിണിയുടെ വേർപാട് അതിലുപരി തന്റെ ആകെ സമ്പാദ്യമായ പ്രിന്റിംഗ് പ്രസ് കത്തി ചാരമായപ്പോൾ പ്രസ്സ് മാത്രമായിരുന്നില്ല, ഒരായുസ്സ് മുഴുവൻ അഹോരാത്രം അദ്ധ്വാനിച്ച് നേടിയ ബൈബിൾ പരിഭാഷ, നിഘണ്ടു ഇവയെല്ലാം കത്തിനശിച്ചു. എല്ലാം തീർന്നതുപോലെ തോന്നിയെങ്കിലും ദൈവത്തിലാശ്രയിച്ച് പുത്തൻ ശക്തിയോടെ പ്രവർത്തനമാരംഭിച്ചു. 40ൽപരം ഇന്ത്യ ഭാഷയിലേക്ക് വേദപുസ്തകപരിഭാഷയ്ക്ക് അക്ഷരങ്ങൾ സംഭാവന നൽകിയ വ്യക്തി - കൽക്കട്ടയിലെ ഹൂഗ്ലി നദിയുടെ തീരത്ത് തലയുയർത്തി നിൽക്കുന്ന ഇന്ത്യയിലെ ഏക ക്രിസ്ത്യൻ യൂണിവേഴ്സിറ്റിയാണ് സെറാംപൂർ യൂണിവേഴ്സിറ്റി.

വ്യക്തമായ ദർശനത്തോടെ ജീവിതത്തിന് ആരംഭം കുറിച്ചവർ ആരും ജീവിതത്തിൽ പരാജയപ്പെട്ടിട്ടില്ല. ബൽബ് കണ്ട്പിടിച്ച തോമസ് ആൽവാ എഡിസൺ പതിനായിരം പരീക്ഷണങ്ങളിൽ പരാജയപ്പെട്ടു. തന്റെ കൂടെ നിന്നവർ എല്ലാവരും ഒരിപോലെ ഈ ദൗത്യത്തിൽ നിന്ന് തന്നെ പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും തന്റെ ശ്രമത്തിൽ നിന്നും പിന്തിരിഞ്ഞില്ല. പതിനായിരത്തി ഒന്നാമത്തെ പരീക്ഷണത്തിൽ ബൾബ് കത്തി. പരാജയം അന്തിമമല്ല വിജയത്തിലേക്കുള്ള ചവിട്ട് പടിയാണ്.

ഓരോ വിശ്വാസികൾക്കും സ്വപ്നം വേണം. ദൈവനാമ മഹത്വത്തിന് വേണ്ടിയുള്ള ദർശനം. കഷ്ടങ്ങൾ വരാം. പ്രതികൂലങ്ങൾ ഉണ്ടാകാം. ചഞ്ചലപ്പെട്ടു പോകാതെ ദർശനത്തിൽ പിടിച്ച് നിൽക്കുക. ഇതുപോലെ ആരും ചെയ്തിട്ടില്ലാത്ത പ്രവർത്തികൾ ദൈവത്തിന് വേണ്ടി ചെയ്യാനും മറ്റുള്ളവർ പോകാൻ ഇഷ്ടപ്പെടാത്ത ഇടത്തേയ്ക്ക് കർത്താവിനു വേണ്ടി പോകുവാനും ഇന്ത്യയെ യേശുവിന് വേണ്ടി നേടുന്നതിനുള്ള സ്വപ്നം നമുക്കെല്ലാവർക്കും ഉണ്ടാകട്ടെ.

ധ്യാനനിമിഷം

# സ്നേഹം, സഹകരണം, സേവനം



കുര്യാക്കോസ് തോട്ടത്തിൽ

യേശു കഫർന്ന ഹൂമിലെ വീട്ടിലുണ്ടെന്നു ശ്രുതിയായി. അവൻ ഉള്ളയിടങ്ങളിൽ സൗഖ്യമുണ്ടെന്ന് എല്ലാവർക്കും അറിയാമായിരുന്നു. അതുകൊണ്ട് അവിടെ വലിയ ആൾ തിരക്കായിരുന്നു. ഒന്നു കാലുകുത്തുവാൻ അവിടെ സ്ഥലമില്ലായിരുന്നു. മനസ്സിൽ കാപട്യം കാത്തു സൂക്ഷിക്കാത്ത, കരുണയുള്ള നാലുപേർ അവിടെ ജനിച്ചു. അത് അഞ്ചാമതൊരാളുടെ കുറ്റം പറയാനല്ലായിരുന്നു. ഇന്ന് അതാണല്ലോ നടക്കുന്നത്! ഒരാളെ സുഖപ്പെടുത്താനാണ് അവർ ഒന്നിച്ചത്. രോഗിയോടുള്ള സ്നേഹവും ആത്മാർത്ഥതയുമാണ് അവർ ഒരുമിക്കുവാനുള്ള കാരണം. തന്നെയുമല്ല യേശുവിന്റെ സൗഖ്യദായക ശക്തിയിലും അവർ വിശ്വസിച്ചു.

സ്നേഹവും വിശ്വാസവും ഇതാ, ഇവിടെ ഒന്നിക്കുന്നു. ഇതിന് 'കൂട്ടായ്മ' എന്നു വിളിക്കാം. നാലുപേർ ഒന്നിക്കുന്നത് ഇന്നൊരു അത്ഭുതമാണ്. വെറുപ്പില്ലാതെ, പകയില്ലാതെ, വിദ്വേഷമില്ലാതെ നാലുപേർ! ഇന്ന് ഇതൊരു അതിശയം തന്നെ. അവർ തന്ത്രങ്ങൾ ഒന്നുംമെനഞ്ഞില്ല.

ആരെയും വാഴ്ത്താനോ വീഴ്ത്താനോ ശ്രമിച്ചില്ല. ഒരുവന്റെ സൗഖ്യം മാത്രമായിരുന്നു അവരുടെ ലക്ഷ്യം. നാലുപേർക്കും ഒരേ മനോഭാവം. ഇത് നല്ലവരുടെ നാൽവർ സംഘമായിരുന്നു. സംഘടനയല്ലായിരുന്നു. രോഗി അവർക്കൊരു ഭാരമല്ലായിരുന്നു. അവർ കട്ടിലോടെ ചുമന്നു. ആരും ഇടയ്ക്ക് വച്ച് പിരിഞ്ഞുപോയില്ല. ഇന്നാണെങ്കിൽ രോഗി അവിടെ എത്തുകയില്ലായിരുന്നു. ഈ നാലുപേരുടെ സ്വഭാവമുള്ള ഒരാൾ അവിടെ ഉണ്ടായിരുന്നു. വീട്ടുടയവൻ! വീടിന്റെ മേല്പുര പൊളിച്ചിട്ടും അയാൾ ശാന്തനായിരുന്നു. അയാൾക്ക് വീടിനെക്കാൾ വലുത്, അപരന്റെ വിടുതലായിരുന്നു. നമുക്കോ? യേശു അവരെ കണ്ടു. അവരെ അറിഞ്ഞു രോഗിക്കു സൗഖ്യമുണ്ടായി. സ്നേഹമായിരുന്നു അവരുടെ മുദ്രാവാക്യം സേവനമായിരുന്നു അവരുടെ മുഖമുദ്ര. വീണ്ടും പറയട്ടെ, ഇതാണ് കൂട്ടായ്മ!

# പ്രതിസന്ധികളിൽ തളരാതെ മുന്നേറുക

*12-ാം പേജ് തുടർച്ച*

കത്തിൽ എല്ലാ മനുഷ്യർക്കും ഇഷ്ടപ്പെടാറില്ലോ. നമ്മുടെ ദൈവമോ സ്വർഗ്ഗത്തിൽ ഉണ്ട്. തനിക്കിഷ്ടമുള്ളതൊക്കെയും അവൻ ചെയ്യുന്നു" എന്ന് സങ്കീർത്തനം 115:3 ൽ നാം വായിക്കുന്നു. ദൈവത്തിന്റെ വിശ്വസ്ത ദാസന്മാരിലും അതേ സ്വഭാവം പ്രതിഫലിക്കുന്നുവെങ്കിലും, അതിൽ അതിശയോക്തിയില്ല.

ഒരു പിതാവും തന്റെ മകനുമായി തങ്ങളുടെ ഒരു കഴുതയോടൊപ്പം യാത്ര ചെയ്ത സംഭവം ചെറുപ്പത്തിൽ കേട്ടിട്ടുള്ളതു ഓർമ്മയിൽ വരുന്നു. തങ്ങൾക്ക് എതിരെ വന്ന ഒരാൾ പറഞ്ഞു: "നിങ്ങളിൽ ഒരാൾക്ക് ഈ കഴുതയുടെ മേൽകയറി സഞ്ചരിക്കരുതോ?" അതു ഒരു നല്ല അഭിപ്രായമായി കരുതുകയും പിതാവു കഴുതപ്പുറത്തു കയറി യാത്ര തുടരുകയും ചെയ്തു. കുറച്ചു ദൂരം ചെന്നപ്പോൾ അതാ, മറ്റൊരാൾ വരുന്നു. അയാൾ ഈ പിതാവിനെ പരിഹസിച്ചു, "ഇതുകേട്ട് അയാൾ കഴുതപ്പുറത്തു നിന്നും താഴെയിറങ്ങുകയും തന്റെ മകനെ കഴുതയുടെ പുറത്തു ഇരുത്തുകയും ചെയ്തു. കുറച്ചു കഴിഞ്ഞപ്പോൾ മറ്റൊരാൾ തങ്ങൾക്ക് എതിരെ വന്നു. അയാൾ ഈ മകനെ പരിഹസിച്ചു. "സ്വന്തം പിതാവിനെ നിലത്തുകൂടി നടത്തിയിട്ടു ധാർഷ്ട്യക്കാരനായ ഈ മകൻ കഴുതപ്പുറത്തു കയറി യാത്ര ചെയ്യുന്നതുകണ്ടോ" എന്നു പറഞ്ഞു. ഇതുകേട്ട ആ മകൻ പിതാവിനെയും കൂടി കഴുതപ്പുറത്തു കയറ്റി യാത്ര തുടർന്നു. അല്പനേരം കഴിഞ്ഞപ്പോൾ മറ്റൊരാൾ തങ്ങൾക്ക് എതിരെ വരുന്നു. അയാൾ ഇവർ രണ്ടുപേരെയു കുറ്റപ്പെടുത്തി: "കണ്ണിൽചോര ഇല്ലാത്ത ഇവർ രണ്ടുപേരും സാധുവായ ഒരു കഴുതയുടെ പുറത്തു കയറി സഞ്ചരിക്കുന്നത് എത്രയോ ഹീനമായ പ്രവൃത്തി" എന്നു അപലപിച്ചു. ഇതു കേട്ടു അവർ ഇരുവരും കഴുതപ്പുറത്തുനിന്നും ഇറങ്ങി. ഇനി എന്താണു ചെയ്യേണ്ടത് എന്നറിയാതെ വിഷമിച്ചു ഇങ്ങനെ പോകുന്നു, വിമർശനങ്ങളുടെ രീതി.

ആരോപണങ്ങളെയും വിമർശനങ്ങളെയും സമചിത്തതയോടുകൂടി അഭിമുഖീകരിപ്പാൻ കഴിയാത്ത ഒരുവനു ഒരു നേതാവായിരിക്കാൻ യോഗ്യതയില്ല. "യോഹന്നാൻ തിന്നുകയും കുടിക്കയും ചെയ്യാത്തവനായി വന്നു; അവനു ഭൂതമുണ്ടെന്ന് അവർ പറയുന്നു. മനുഷ്യപുത്രൻ തിന്നും കുടിച്ചും കൊണ്ടു വന്നു; തിന്നിയും കുടിയനുമായ മനുഷ്യൻ; ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ എന്ന് അവൻ പറയുന്നു" (മത്തായി 11:18-19).

"ലോകമേതും യോഗ്യം അല്ലെനിക്കതാൽ

ശോകമില്ല ഭാഗ്യം ഉണ്ട് ക്രിസ്തുവിൽ

നാഥനു മുൾമുടി നൽകിയ ലോകമേ,

നീ തരും പേരെനിക്കെന്തിനായ്"

എന്ന് എം.ഇ. ചെറിയാൻ സാർ പാടിയ പാട്ടിന്റെ വരികൾ ഇത്തരുണത്തിൽ ഓർമ്മയിൽ വരുന്നു. തമ്മിൽ തമ്മിൽ ബഹുമാനം വാങ്ങിക്കൊണ്ട് ഏക ദൈവത്തിൽ നിന്നുള്ള ബഹുമാനം അന്വേഷിക്കാത്തവരെ യേശു അപലപിച്ചു (യോഹ. 5:44). മനുഷ്യരാലുള്ള മാനത്തെക്കാൾ ദൈവത്താലുള്ള മാനത്തെ അധികം സ്നേഹിക്കുക (യോഹ. 12:43). എനിക്കു ശുശ്രൂഷ ചെയ്യുന്നവനെ പിതാവ് മാനിക്കും (യോഹ. 12:26)



# വഴിപാടുകളുടെ വഴിയെ
## ഒരു വ്യാഖ്യാനം



**പാസ്റ്റർ ടൈറ്റസ് ജോൺസൻ**

കുറേക്കാലം കഴിഞ്ഞിട്ട് കയീൻ നിലത്തിലെ അനുഭവത്തിൽ നിന്ന് ഒരു വഴിപാടു കൊണ്ടുവന്നു. ഹാബെലും ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂലുകളിൽനിന്നു, അവയുടെ മേദസ്സിൽ നിന്ന് തന്നേ, ഒരു വഴിപാടു കൊണ്ടുവന്നു (ഉൽപ്പത്തി 4:3,4).

സങ്കൽപ്പ ചിന്തകളും ദുർവ്യാഖ്യാനങ്ങളും അധികരിക്കുന്ന ഒരു സമയമാണിത്. വേദപുസ്തക വ്യാഖ്യാനത്തിലും ഇത് കൂടുതൽ വ്യാപകമാകുന്നു. വചനദാതാവായ ദൈവമോ, എഴുത്തുകാരുടെ പ്രചോദനമായിരുന്ന പരിശുദ്ധത്മാവോ ഉദ്ദേശിക്കാത്ത വ്യാഖ്യാനങ്ങൾ ഇന്നിന്റെ ശാപം ആകുകയാണ്. ഇത് ജനങ്ങളെ ആശയകുഴപ്പത്തിൽ കൊണ്ടെത്തിക്കുന്നു. വിശ്വാസത്യാഗത്തിനു വഴിതെളിക്കുന്നു എന്ന ദൂരവ്യാപകമായ അനന്തര ഫലത്തെപ്പറ്റിയും ഇവിടെ നാം ജാഗ്രതയുള്ളവരാകേണം.

വഴിപാടുമായെത്തിയ ആദ്യസഹോദരങ്ങളാണ് ഈ ചിന്തയുടെ ആധാരം. ഹാബേലിന്റെ യാഗത്തിൽ ദൈവം പ്രസാദിച്ചു. കയീന്റെതിൽ പ്രസാദിച്ചില്ല. കയീന്റെയും ഹാബെലിന്റെയും വഴിപാടിനെ താരതമ്യം ചെയ്യുന്ന മിക്കപ്രസംഗകരും, ഇവർ വഴിപാടിന് കൊണ്ടുവന്ന വസ്തുക്കളെയാണ് തുലനപ്പെടുത്തുന്നത്. എന്നാൽ അതിനു യാതൊരു ന്യായവും ഉൽപ്പത്തിയിലില്ല എന്നതാണ് സത്യം. മാത്രമല്ല, ദൈവം വിലകൽപ്പിക്കുന്ന അർപ്പകനിലെ വിശുദ്ധി എന്ന സത്യത്തിന് മറയായി വസ്തുവിനെ മാത്രം ഉയർത്തിക്കാട്ടുന്നതിനുള്ള പിശാചിന്റെതന്ത്രമാണിത്. ഇത്തരം വ്യാഖ്യാതാക്കൾ പറയുന്ന ന്യായം എന്താണ്? കയീന്റെ യാഗവസ്തു ചത്തചേനയും കാച്ചിലും, പച്ചക്കറിയും ഒക്കെയായിരുന്നു. ഹാബേൽ ആടിനെ കൊണ്ടുവന്നു, കൊന്നു, രക്തം ചൊരിഞ്ഞു.

യാഗപ്രമാണം നൽകിയിട്ടില്ലാത്ത ഒരു കാലത്തിലെ സംഭവമാണിത്. അപ്പോൾ ഇല്ലാത്ത ഒരു നിയമം വെച്ചു ദൈവം വിധിക്കുമോ? പിന്നെ 'രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല' എന്ന വാക്യം പുറകോട്ടു കൊണ്ടുവന്നു കയീനെ കുറ്റപ്പെടുത്തുന്നത് ദൈവത്തിന്റെ നീതിയാണോ? നീതിമാനായ ഒരു ദൈവത്തിന് അങ്ങനെ ചെയ്യുവാൻ കഴിയുമോ?

പുതിയതായി കേൾക്കുന്ന മറ്റൊരു രസാവഹമായ വ്യാഖ്യാനമുണ്ട്. ഹാബേൽ ജീവനുള്ള തുള്ളിച്ചാടി, ഓടിനടക്കുന്ന ആടിനെ കൊണ്ടുവന്നു. ഇതിന്റെ ചുവടുപിടിച്ചു ആധുനിക 'പ്രയ്സ് ആൻഡ് വർഷിപ്പുകാരും' ഇതിന്റെ തുള്ളിച്ചാടലിനു ആക്കം കൂട്ടുന്നുണ്ട്. ഇവർ പറയുന്ന വ്യാഖ്യാനപ്രകാരം, മുന്നോട്ട് ചിന്തിച്ചാൽ, വഴിപാടു നടക്കുന്ന സ്ഥലംവരെയേ തുള്ളിച്ചാടൽ പാടുള്ളൂ!! കാരണം, അവിടെ എത്തിക്കഴിഞ്ഞാൽ ആദ്യം നടക്കേണ്ടത് വഴിപാടിന് കൊണ്ടുവന്ന ജീവിയെ കൊല്ലുകയാണ്. കൊല്ലപ്പെട്ട വസ്തു ചാടുന്നെങ്കിൽ അതിനർത്ഥം അത് ശരിയായി ചത്തില്ല എന്നല്ലേ? ഈ വ്യാഖ്യാനപ്രകാരം വഴിപാടു നടക്കേണ്ടുന്ന സ്ഥലത്ത് എത്തിയവർ ചത്തപോലെ ആയെങ്കിൽ മാത്രമേ ബാക്കി ശുശ്രൂഷകൾ നടക്കുകയുള്ളൂ!!

ചത്ത ചേന തിരസ്കരിച്ചു; ചാടുന്ന ആട് സ്വീകരിക്കപ്പെട്ടു. ഇതാണോ ദൈവം പ്രസാദിക്കുമോ ഇല്ലയോ എന്നതിന്റെ മാനദണ്ഡം? ഇതിനു എന്ത് തെളിവാണ് വചനത്തിൽ ഉള്ളത്? ആരും പറയുന്ന വിടുവായത്തരം വചനത്തിന്റെ വ്യാഖ്യാനമാണോ? തിരുവെഴുത്ത് എന്ന മറുപേരിലും അറിയപ്പെടുന്ന വേദപുസ്തകം രാജവിളമ്പരമാണ്. അതിന് കൃത്യമായ അർത്ഥമുണ്ട്. വചനം സൂക്ഷ്മമായി വീണ്ടും വീണ്ടും വായിച്ചു ധ്യാനിച്ച് മനസ്സിലാക്കിയില്ലെങ്കിൽ തെറ്റായ വ്യാഖ്യാനങ്ങൾ ഉണ്ടാകുമെന്നതിനു സംശയം ഇല്ല.

ഇത്തരം പ്രസംഗകരോട് ഒരുവാക്ക്: ആരെങ്കിലും പറഞ്ഞുകേട്ട കാര്യങ്ങൾ ആവർത്തിച്ചു പ്രസംഗിക്കാതെ, നിങ്ങളുടെ മനസ്സിനിണങ്ങിയ, മാതൃഭാഷയിലുള്ള ബൈബിൾ വായിച്ചു ധ്യാനിച്ചശേഷം മാത്രം പ്രസംഗിക്കുക. ഏതെങ്കിലും വാക്യത്തിന്റെ അർത്ഥം മനസ്സിലാകുന്നില്ലെങ്കിൽ മറ്റു ഭാഷാന്തരങ്ങളിൽ നിന്നും മനസ്സിലാക്കുവാൻ ശ്രമിക്കുക. അവിടെയും കഴിയുന്നില്ലെങ്കിൽ, വ്യാഖ്യാന ഗ്രന്ഥങ്ങളിൽ ആശ്രയിക്കാം. ഇതിൽ, പലരുടെയും വ്യക്തി

ഗത അഭിപ്രായങ്ങളും കാണുമെന്നതിനാലും എല്ലാം കൃത്യമായ ആശയം ആകുവാൻ സാദ്ധ്യത ഇല്ലാത്തതിനാലും സൂക്ഷ്മമായി പഠിച്ചു, പരിശുദ്ധാത്മാവിന്റെ സഹായം തേടുക.

കയീനും ഹാബെലും നടത്തിയ യാഗത്തെപ്പറ്റി വിശദീകരിക്കുന്ന വചനഭാഗത്തിന്റെ അകംപൊരുൾ ആ ഭാഗത്തുതന്നെയുണ്ട്. രണ്ടാവർത്തിവായിച്ചിരുന്നെങ്കിൽ നേരത്തേതന്നെ ദുർവ്യാഖ്യാനം ഒഴിവാക്കുവാൻ കഴിയുമായിരുന്നു. "യഹോവ ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു. കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല" (4:4,5). ഈ രണ്ടു വാചകങ്ങളിലും വഴിപാടിന് കൊണ്ടുവന്ന വസ്തുവിനെക്കാൾ പ്രധാനം കൊണ്ടുവന്ന വ്യക്തികൾക്കാണ്. വ്യക്തിയെ ശ്രദ്ധിച്ചതിനു ശേഷമാണ് വസ്തുവിനെ ദൈവം നോക്കിയത് എന്ന് ഇവിടെ വ്യക്തമാണ്. ശുദ്ധമനോഭാവവും നിർമ്മല ഹൃദയവുമായി ദൈവസന്നിധിയിലേക്ക് വരാത്ത ഒരു വ്യക്തിയുടെയും വഴിപാടു വസ്തുവിൽ ദൈവം പ്രസാദിക്കുന്നില്ല എന്നതാണ് ഇവിടുത്തെ പാഠം. മറ്റൊരു അർത്ഥത്തിൽ, അർപ്പകൻ ശുദ്ധനായെങ്കിലെ അർപ്പണവും ശുദ്ധമാകൂ. 'കയീന് ഏറ്റവും കോപം ഉണ്ടായി'– സ്വന്തം സഹോദരന് ലഭിച്ച ദൈവപ്രസാദത്തിൽ സന്തോഷിക്കുവാൻ കഴിയാത്ത ഒരു മാനസിക അവസ്ഥ അവനിൽ പെട്ടെന്ന് അതാണ് ദൈവം അവനോടു ചോദിക്കുന്നതും!

വഴിപാട്, യാഗം, അർപ്പണം എന്നിവയുമായി ദൈവസന്നിധിയിൽ വരുന്ന വ്യക്തിയുടെ മനോഭാവം ശരിയല്ലായെങ്കിൽ ദൈവം പ്രസാദിക്കുകയില്ല എന്നത് ഒരു വചനസത്യമത്രേ. ഉല്പത്തിയിലെ സൃഷ്ടിപ്പ് മുതൽ വെളിപ്പാട് പുസ്തകത്തിലെ നിത്യതവരെ മനുഷ്യനെ കേന്ദ്രീകരിച്ചാണ് എഴുതിയിരിക്കുന്നത്, വസ്തുക്കളെയല്ല. മനുഷ്യൻ ശുദ്ധമായാൽ മാത്രമേ വസ്തുക്കളും ശുദ്ധമാകൂ. ശുദ്ധനായ മനുഷ്യന് മാത്രമേ ശുദ്ധമായത് അർപ്പിക്കുവാനാകൂ. വഴിപാടുമായി ആദ്യം വന്നത് കയീൻ ആയിരുന്നെങ്കിലും, അവന്റെ മനോഭാവം ശരിയല്ലാതിരുന്നതിനാൽ ദൈവം അവനിൽ പ്രസാദിച്ചില്ല. കയീന് ശേഷമാണ് ഹാബേൽ വന്നതെങ്കിലും ശരിയായ മനോഭാവം പുലർത്തിയതിനാൽ ദൈവപ്രസാദം ലഭിച്ചു! ആദ്യം വന്നാലും ഒടുവിൽ വന്നാലും നമ്മുടെ അർപ്പണങ്ങളിൽ ദൈവം നോക്കുമ്പോൾ എന്തായിരിക്കും അവിടുത്തെ പ്രതികരണം?

ഹൃദയമില്ലാത്ത അർപ്പണങ്ങൾ ദൈവം സ്വീകരിക്കില്ല; വഴിപാടു സങ്കടത്തോടെ എങ്കിൽ ദൈവം പ്രസാദിക്കില്ല; എല്ലാവരും ചെയ്യുന്നതുകണ്ട് മനസ്സില്ലാമനസ്സോടെ അർപ്പിക്കുന്നതിനു പ്രസാദം ലഭിക്കില്ല; എനിക്കമാത്രം പ്രസാദം ലഭിക്കണം എന്നുള്ള സ്വാർത്ഥ മനോഭാവവും അംഗീകരിക്കപ്പെടില്ല; അലസ്സമായ അർപ്പണം ദൈവം ഒരിക്കലും തിരിഞ്ഞുനോക്കില്ല. പുറമേ എത്ര മോടിയുള്ള ഒരുക്കങ്ങൾ ഉണ്ടെങ്കിലും, ആന്തരികമൂല്യം ഇല്ലാത്ത അർപ്പണ ശ്രമങ്ങൾ ദൈവമുൻപിൽ വിലപ്പോകില്ല. അതിനു ചെലവഴിക്കുന്ന ധനവും സമയവും അദ്ധ്വാനവുമെല്ലാം പാഴാക്കപ്പെടുകയാണ്!

അടിക്കുറിപ്പ്: ആത്യന്തികമായി നാം അർപ്പിക്കുന്നത് ഒന്നും നമ്മുടേതല്ല, ദൈവത്തിന്റെ കയ്യിൽനിന്നും നമുക്ക് ഉപയോഗിക്കുവാൻ ലഭിച്ചത് മാത്രം! ദൈവത്തിങ്കൽ നിന്നുവാങ്ങി അവിടുത്തേക്ക് തിരിച്ചു നൽകുന്നു എന്ന് മനസ്സിലാക്കി കൈകാര്യം ചെയ്യുക!! ആ തിരിച്ചറിവോടെ തിരികെ അർപ്പിക്കുക!!

# മറുപടി കിട്ടാത്ത പ്രാർത്ഥന

*7-ാം പേജ് തുടർച്ച*

നിന്നു നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ ആകട്ടെ എന്നു പ്രാർത്ഥിച്ചു" (ലൂക്കോ.22:42). യേശു ഇപ്രകാരം വേദനയോടെ ഗെത്ത്സമനെയിൽ പ്രാർത്ഥിച്ചു എങ്കിലും യേശുവിന് പിതാവ് നൽകിയ പാനപാത്രം നീക്കിയില്ല. ഈ പ്രാർത്ഥന പിതാവു കേട്ടില്ല. ഈ പ്രാർത്ഥന പിതാവായ ദൈവം കേട്ടിരുന്നെങ്കിൽ മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പ് എന്നേക്കുമായി സാധിക്കാതെ പോകുമായിരുന്നു. നമ്മെ വീണ്ടെടുക്കേണ്ടതിന് തന്റെ ഏകജാതനായ പുത്രന്റെ പ്രാർത്ഥനയ്ക്കു മുമ്പിൽ ദൈവം മൗനം പാലിച്ചു.

യേശു കഷ്ടം അനുഭവിച്ച് യാഗമരണം ഏല്ക്കണം എന്നത് ദൈവഹിതമായിരുന്നു. അവനെ തകർത്തു കളയുവാൻ പിതാവിന് ഇഷ്ടം തോന്നി. ഏകജാതനെ ക്രൂശുമരണത്തിന് ഏല്പിച്ച് ലോകത്തെ വീണ്ടെടുക്കുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു.

ചില പ്രാർത്ഥനകൾ ദൈവം കേൾക്കാതിരിക്കുന്നതും മറുപടി നൽകാതിരിക്കുന്നതും കഷ്ടങ്ങൾക്കുശേഷം വരുവാനുള്ള വലിയ നന്മയെയും മഹത്വത്തെയും ഉദ്ദേശിച്ചാണ്. "നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലങ്ങളിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു" (റോമർ 8:18). അതുകൊണ്ട് പ്രാർത്ഥനകൾക്കെല്ലാം മറുപടിയ്ക്കുവേണ്ടിയല്ല പ്രാർത്ഥിക്കുന്ന വിഷയത്തിൽ ദൈവഹിതം വെളിപ്പെടുവാൻ നാം ആഗ്രഹിക്കണം. യോന മരിക്കുവാൻ ഇച്ഛിച്ചു പ്രാർത്ഥിച്ചു (യോന. 4:3). എന്നാൽ യോനയുടെ പ്രവചന നിവൃത്തിയെക്കാൾ ഒരു ലക്ഷത്തി ഇരുപതിനായിരത്തി ചില്വാനം മനുഷ്യരുടെ ജീവന് ദൈവം വില കല്പിച്ചു. യോനയുടെ ചിന്തയും ദൈവത്തിന്റെ ചിന്തയും രണ്ടുവിധമായിരുന്നു. നാം നമ്മുടെ ഇഷ്ടം നടക്കുവാൻ ആഗ്രഹിക്കുമ്പോൾ ദൈവം തന്റെ ജനത്തെ വിടുവിക്കുവാൻ ആഗ്രഹിക്കുന്നു. ദൈവത്തിന്റെ ഹൃദയവിചാരങ്ങൾ ഗ്രഹിക്കുവാൻ പ്രാർത്ഥിക്കുന്ന ദൈവ പൈതലിനു കഴിയണം.

പ്രാർത്ഥനയ്ക്ക് താമസിച്ചു ലഭിക്കുന്ന മറുപടികൾ ഏറ്റവും മേൽത്തരം ആയിരിക്കും. അബ്രഹാമിന് 25 വർഷം താമസിച്ച് ദൈവം നൽകിയ യിസ്ഹാക്ക്, ഏറ്റവും ഒടുവിലാണ് മേൽത്തരമായ വീഞ്ഞു വിളമ്പിയത്. നാലാം യാമത്തിലാണ് യേശു ഓളങ്ങളുടെ മീതെ നടന്നുവന്നത്. തീയുടെ നടുവിലാണ് ദൈവം നാലാമനായി ഇറങ്ങി വന്നത്. ഏറ്റവും ഒടുവിലായതിനാൽ രാജാവിന് ദൈവപുത്രനായ നാലാമനെ കാണുവാൻ കഴിഞ്ഞു. വൈകിക്കിട്ടുന്ന അനുഗ്രങ്ങൾ ഏറ്റവും ശ്രേഷ്ഠമായവ തന്നെ. ശമുവേലും, യോസേഫും യോഹന്നാൻ സ്നാപകനും ഒക്കെ ഉദാഹരണങ്ങളാണ്.

പ്രാർത്ഥനയിൽ ദൈവഹിതം വെളിപ്പെടട്ടെ. മറുപടി ലഭിക്കാത്ത പ്രാർത്ഥനകളെ ഓർത്തു നമുക്കു ദൈവത്തിനു നന്ദി പറയാം. ഏറ്റവും ശ്രേഷ്ഠമായ ആത്മീയ അനുഗ്രങ്ങൾക്കായി നമുക്കു കാത്തിരിക്കാം.





Rev. Abey Peter

# WALK IN HIS LOVE

## An Invitation to Imitate God

One of the greatest invitations for a Christian is the invitation to imitate God. It is one of the themes, which has wide implications and is discussed from different perspectives. On the one hand the Christian writers and preachers deal with this theme, from the theological and academic dimensions, where its logical and theological frameworks, based on the Word of God are discussed. On the other hand, the very practical dimensions, related to the day-to-day life contexts, where Christian virtues are practiced, are dealt with. Both dimensions are taken with the basic Christian understanding that all Christians who have accepted the Lordship of Christ must mirror or reflect Him, so that our very lives become the Gospel. It is presenting God to the world by one's life itself. When Jesus said to His disciples, "as my father sent me, I send you" it was a powerful command to present God though their words and deeds. When John wrote that "no one has ever seen God, but the one and only Son, who is Himself God and is at the Father's side, has made Him known", was an extraordinary statement how Jesus translated His father through his life in a way that people could understand. Jesus imitated his father and the call for us today is the same that is to reflect God. As Jesus revealed His father and made known Him to this world, are we not given the command to continue the ministry of Jesus, reflecting him to the people who would not know him otherwise?

The subject 'Imitate God' challenges every Christian, reminding them of their responsibilities and privileges. This concept could be better understood from a growth perspective, starting from obscurity and growing to clarity, as day by day we reflect God clearly.It is like mirroring an image through a blurred or broken piece and in the course of time the blurred piece becomes clear mirror where the image is reflected accurately. The 'Christ experience' takes broken life to a healing mode and then to a growing mode. Acceptance of the Lordship of the Christ in one's life, which will be the starting point for this growth and the process, continues as he/she keeps the relationship live, and in the growth mode. This growth must lead the person into the wholeness/maturity where the mirroring becomes clearer as life progresses. Christians are called to imitate God by reflecting His character, which is mandatory. It will not happen overnight but by a deliberate attempt from one's side and the grace of God would definitely take a Christian from his/her blurredness to clarity through whom the unbroken image of God is presented to the world.

The instruction to enter into the spiritual growth mode and the inspiration to reflect the attributes of God is obvious in the New Testament. On several occasions Apostle Peter and Apostle Paul

presented the growth metaphor, which helps the person to replicate God clearer through their lives. Though on diverse occasions, the New Testament instructs the people of God to have a passion for Spiritual growth, the ultimate aim is to bring in the human the wholeness or maturity centered in God. Among all these passages the note of Apostle Paul to Ephesians, in chapter 5, stays unique as he encourages the Ephesians to imitate God. It is fascinating to see how Apostle Paul develops the concept of Spiritual Growth in a believer and the need of understanding oneself in God as mandatory, to mirror God.

Ephesians speaks about the incredible blessings the people of God have in Christ Jesus. The whole book could be seen as a canvas where Paul draws the life of people who were once dead in sin (2: 1-2), but brought to life by God (2: 4-5), blessed by all the spiritual blessings (1:3-14), instructed to grow in love and unity through Christ (4: 15-16) and help others grow so that the church becomes healthy and growing and full of love (4: 16). The required growth of a Christian reflected here takes him/her more and more to be like Christ (4:15). The spiritual growth Paul pictured here is an ongoing process starting from the blurredness of sin and culminates in the perfection of God. The anticipated growth of a believer is obvious when comparing the old self with the new self.

After illustrating the old self and new self Paul sums up in one the all-inclusive command, inviting the Ephesians to be the imitators of God. Though the punching effect of Imitating God (5:1) is in relation with love, Paul in the following verses takes the mind of the readers to the change of emotion, attitude, reactions, words and actions, in order to imitate God. Along with these, Ephesians speaks about the relationship in different levels, unity and peace in Christ. So, it is obvious that Apostle Paul desired for the people of God to have a holistic change and growth in order to imitate God. The all-transforming effect of the work of Christ must penetrate into the human, triggering growth towards wholeness. The positive change in the whole personality of a believer as described in the book of Ephesians, stands as paradigm for imitating God.

Paul inspires the Ephesians to imitate God in every action. It is all about a transformed life, a life growing in Christ, ambitious to attain the perfection. When we are encouraged to imitate God, it is not about His sovereignty, which is beyond our means, but His attributes, particularly the comprehensive instruction “walk in His love”. So our thoughts and actions become vital in imitating God. For Paul, Christ is the perfect paradigm of imitating God by living a life of love. The entire Christian life may be summed up as a life of imitating God as beloved children as we walk in love. Paul correctly combines the invitation for imitation with the relationship one has to maintain with God (5:1). Unless and until the relationship with God through Christ is in the right track, one cannot imitate God.

Paul doesn’t stop with redemption of human being from the dimness of sin, but he further portrays the need of growth and development so that everyone who is implanted to the new life would be able to imitate God in perfection. Thus it is not only the reorientation of life once for all but a continuous refining by the power of God, which is vital for the growth towards wholeness. The process of refining will help one to be a mirror, which reflects God with perfect clarity. The cracks and dimness make the image unclear to the viewers. The value of a mirror is not in itself, but in its potential to let something else be seen. Those who are redeemed and adopted into the family of God must reflect God.

One of the most important applications of this concept is to make ourselves whole and clear day by day,so that God is reflected in and through our lives. God demands from us the willingness and aptitude to imitate Him in this world. Like the dimness makes the image unclear in the mirror for the viewers, the ceased or interrupted growth in Christ would definitely make God unclear in us. So the spiritual growth becomes mandatory for every believer. This development of each believer of Christ from blurredness to clarity makes us reflect God in any given situation. So the impact of mirroring God must penetrate all areas of our lives. We should be controlled by the regenerated and Spirit empowered mind, understanding God’s heart and obeying His regulations. Let us mirror God almighty, so that people who see us will understand God and His character, which is the ultimate mission of the saints in this world.

The life of a believer becomes very crucial when it comes to presenting God in the world we live. Every action, including its motives and attitude, become vital as we are given the responsibility to reflect Him. We have to ask ourselves, whether we are mirroring Him so that through our lives He will be visible to a world, which doesn’t know him. We must be in the growth mode moving towards perfect clarity, absorbing the virtues and standards of God, making God clear in us. It is my prayer that each and every one of us may reflect God in the situations we are placed so that many will come to the saving knowledge of Christ. It is not optional but mandatory. Shalom!



# മാളികമുറിയിൽ എന്തു സംഭവിച്ചു?



പാസ്റ്റർ വി.പി. ഫിലിപ്പ്

പരിശുദ്ധാത്മ ഉണർവ്വ് ചരിത്രത്തിലെ മഹത്തായ ഉണർവ്വ്, മാതൃകാ ഉണർവ്വ് എന്നിങ്ങനെ വിശേഷിപ്പിക്കാവുന്ന ഉണർവ്വാണ് അപ്പൊസ്തലന്മാരുടെ പ്രവൃത്തികളുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നത്. അപ്പൊസ്തലന്മാരുടെ പ്രവർത്തികളുടെ പുസ്തകത്തെ ലോകപെന്തെക്കോസ്ത് ചരിത്രത്തിലെ ഒന്നാം അദ്ധ്യായം എന്ന് വിളിക്കാം. അന്ന് മാളിക മുറിയിൽ പെയ്തിറങ്ങിയ പരിശുദ്ധാത്മ പിന്മഴ ഇന്നും നിലച്ചിട്ടില്ല. ഒരു ഉണർവ്വിനുണ്ടായിരിക്കേണ്ട എല്ലാ സ്വഭാവങ്ങളും സവിശേഷതകളും സൽഫലങ്ങളും മാളികമുറിയിലെ ഉണർവ്വിനുണ്ടായിരുന്നു. അതിന്റെ തുടർന്നുള്ള ചരിത്രം പരിശുദ്ധാത്മ പ്രേരിതമായ ഒരു ജീവിത ശൈലിയിലേക്ക് വിരൽ ചൂണ്ടുന്നു.

**പരിശുദ്ധാത്മ പകർച്ച – പശ്ചാത്തലം**

സുവിശേഷങ്ങളുടെ തുടർച്ചയാണ് അപ്പൊസ്തലന്മാരുടെ പ്രവർത്തികളുടെ പുസ്തകം. പ്രത്യേകിച്ചും സുവിശേഷങ്ങളിലെ മൂന്നാം പുസ്തകത്തിന് തൂലിക ചലിപ്പിച്ച ലൂക്കോസ് എഴുതിയ ചരിത്രം ആകകൊണ്ട് അതിന് 'തുടർച്ച' എന്നൊരു സ്വഭാവമുണ്ട്. "തെയോഫിലോസെ, ഞാൻ എഴുതിയ ഒന്നാമത്തെ ചരിത്രം" എന്ന സൂചനയോടു കൂടിയാണ് അപ്പൊസ്തലന്മാരുടെ പ്രവർത്തികളുടെ പുസ്തകം ആരംഭിക്കുന്നതു തന്നെ (1:1). ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യവും ശുശ്രൂഷയുമാണ് മൂന്നു മുതൽ 8 വരെയുള്ള വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നത്. എട്ടാം വാക്യത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വാഗ്ദത്തം ആവർത്തിക്കുകയും സാക്ഷ്യ ജീവിതത്തിന് ആഹ്വാനം നൽകുകയും ചെയ്യുന്നു. ഒൻപത് മുതൽ 11 വരെയുള്ള വാക്യങ്ങളിൽ യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം വിശദമാക്കുന്നു. ഒന്നാം അദ്ധ്യായത്തിലെ പിന്നീടുള്ള വാക്യങ്ങളിൽ (12–26) യരുശലേമിലെ മാളികമുറിയിൽ കാത്തിരുന്ന ശിഷ്യഗണങ്ങളെക്കുറിച്ച് വിവരിക്കുന്നു. രണ്ടാം അദ്ധ്യായം പെന്തെക്കോസ്ത് നാൾ വന്നപ്പോൾ (2:1) എന്ന പ്രയോഗത്തോടെ ആരംഭിക്കുന്നു.

**കാത്തിരിപ്പിന്റെ ദിനങ്ങൾ**

പെന്തെക്കോസ്ത് നാളിന് മുമ്പ് കാത്തിരിപ്പിന്റെ ഒരു ചരിത്രം വരികൾക്കിടയിൽ വായിക്കാനാവും. യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പും സ്വർഗ്ഗാരോഹണവും തമ്മിൽ നാല്പത് ദിവസത്തെ ഇടവേളയുണ്ട്. സ്വർഗ്ഗാരോഹണം മുതൽ പെന്തെക്കോസ്ത് നാൾ വരെ പത്ത് ദിവസത്തെ ഇടവേളയും. പത്തു ദിവസത്തെ കാത്തിരിപ്പിന്റെ ദിനങ്ങൾ ഫലപ്രദമായി തന്നെ ശിഷ്യന്മാർ ഉപയോഗിച്ചു. ഒരുമനപ്പെട്ട് പ്രാർത്ഥന കഴിച്ചു പോന്നു (1:14) എന്ന പ്രയോഗം ഏറെ ശ്രദ്ധേയമാണ്.

യേശുക്രിസ്തുവിൽ നിന്ന് നിയോഗം പ്രാപിക്കുകയും (1:6–8) യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്യുന്നത് കാണുകയും (1:9–12) ചെയ്ത ശിഷ്യന്മാരാണ് ഒരുമനപ്പെട്ട് പ്രാർത്ഥിച്ച് പരിശുദ്ധാത്മാവിന് വേണ്ടി കാത്തിരുന്നത്. ഈ അവസരത്തിൽ യൂദക്ക് പകരം മത്ഥിയാസിനെ തിരഞ്ഞെടുക്കുന്ന വിശിഷ്ടമായൊരു ശുശ്രൂഷയും അവർ ചെയ്യുന്നു (1:21–26). അങ്ങനെ കാത്തിരിപ്പിന്റെ ദിനങ്ങളെ അവർ അർത്ഥപൂർണ്ണമാക്കി.

**പെന്തെക്കോസ്ത് നാളിലെ പരിശുദ്ധാത്മ പകർച്ച**

പരിശുദ്ധാത്മ യുഗത്തിന് തുടക്കം കുറിച്ച ദിവസമായിരുന്നു പെന്തെക്കോസ്ത് നാൾ. 'പെന്റിക്കോസ്റ്റോസ്' എന്ന ഗ്രീക്ക് പദത്തിൽ നിന്നുമാണ് പെന്തെക്കോസ്ത് എന്ന പദം ഉണ്ടായത്. 'അമ്പതാം ദിവസം' എന്ന് അർത്ഥം (പെന്തെക്കോസ്തിന്റെ നിർവ്വചനങ്ങൾ ഒന്നാം അദ്ധ്യായത്തിൽ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ. പഴയനിയമത്തിൽ കൊയ്ത്തിന്റെ പെരുന്നാളായി അക്ഷരാർത്ഥത്തിൽ പെന്തെക്കോസ്ത് ദിനത്തെ മനസ്സിലാക്കിയിരുന്നുവെങ്കിൽ

പുതിയനിയമത്തിൽ പ്രതീകാത്മകമായി 'കൊയ്ത്തി'ന്റെ മറ്റൊരു ദിനമായി പെന്തെക്കോസ്ത് മാറി. മൂവായിരത്തോളം ആത്മാക്കളുടെ കൊയ്ത്ത് ആയിരുന്നു അന്ന് നടന്നത്.

**പരിശുദ്ധാത്മ പകർച്ചയിലെ മൂന്ന് പ്രതിഭാസങ്ങൾ**

'പെന്തെക്കോസ്ത് നാൾ വന്നപ്പോൾ' എന്ന പ്രയോഗത്തിന് പെന്തെക്കോസ്ത് നാൾ അവസാനിച്ചപ്പോൾ എന്ന അർത്ഥം കൂടി വേദപണ്ഡിതന്മാർ നൽകുന്നുണ്ട്. 'വന്നപ്പോൾ' എന്നതിൽ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് പദം 'അവസാനിച്ചപ്പോൾ' എന്നും പരിഭാഷപ്പെടുത്താവുന്നതാണ്. അതിന്റെ അർത്ഥം ആഴ്ചകളുടെ പെരുന്നാൾ അവസാനിക്കുകയും പെന്തെക്കോസ്ത് നാൾ ആരംഭിക്കുകയും ചെയ്തപ്പോൾ എന്നായിരിക്കാനാണ് കൂടുതൽ സാദ്ധ്യതയെന്ന് മോൾട്ടൺ ചിന്തിക്കുന്നു.1

പരിശുദ്ധാത്മ പകർച്ചയുടെ പെന്തെക്കോസ്ത് ദിനത്തിൽ ഉണ്ടായ പ്രതിഭാസം ലൂക്കോസ് വ്യക്തമായി വിവരിക്കുന്നു. പെട്ടെന്ന് കൊടിയ കാറ്റ് അടിക്കുന്നതു പോലെ ആകാശത്തു നിന്ന് ഒരു മുഴക്കം ഉണ്ടായി. അവർ ഇരുന്നിരുന്ന വീട് മുഴുവൻ നിറച്ചു. അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി അവരിൽ ഓരോരുത്തരുടെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയതു പോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി (2:2-4). പ്രകൃത്യാതീതമായ മൂന്ന് പ്രതിഭാസങ്ങൾ അവിടെയുണ്ടായി. ഒന്ന് മുഴക്കം, രണ്ട് ഒരു കാഴ്ച, മൂന്ന് ഒരു അപരിചത മായ സംസാരം.

**(i) ഒരു മുഴക്കം - കൊടിയ കാറ്റ്**

പെട്ടെന്ന് കൊടിയ കാറ്റടിക്കുന്നതു പോലെ ആകാശത്തു നിന്ന് ഒരു മുഴക്കം ഉണ്ടായി. വലിയ കാറ്റല്ലായിരുന്നു അത്. എന്നാൽ അതു പോലെ തോന്നിച്ചു. പരിശുദ്ധാത്മാവിനെ കാറ്റിന് സദൃശ്യമായി വേദപുസ്തകത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ദൈവസാന്നിദ്ധ്യത്തെയും ഇത് കാണിക്കുന്നു. യോഹന്നാൻ സ്നാപകന്റെ വാക്കുകളിൽ ഇതേ സൂചന ലഭിക്കുന്നു (ലൂക്കോ.3:16-17). കാറ്റ് എല്ലായിടത്തും വീശുന്നു. പരിശുദ്ധാത്മ യുഗത്തിൽ പരിശുദ്ധാത്മാവ് എല്ലായിടത്തും ചെന്നെത്തുന്നു.

**ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയതു പോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി. സാധാരണ ഉപയോഗിക്കുന്ന ഭാഷ അല്ലായിരുന്നു. അന്യഭാഷ ആയിരുന്നു അത്. ഉച്ചാരണത്തിനായുള്ള അന്യഭാഷയെ അവർക്ക് നൽകിയത് പരിശുദ്ധാത്മാവ് ആയിരുന്നു. പരിശുദ്ധാത്മ നിറവിന്റെ പ്രത്യക്ഷമായ അടയാളമായിരുന്നു അത്.**

**(ii) ഒരു കാഴ്ച - അഗ്നിജ്വാല**

അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. അഗ്നിജ്വാല അല്ല എന്നാൽ അഗ്നിജ്വാല പോലെ അവർക്ക് തോന്നി. അഗ്നിയും പരിശുദ്ധാത്മാവിന് പ്രതീകമാണ്. യേശുക്രിസ്തു പരിശുദ്ധാത്മാവ് കൊണ്ടും തീ കൊണ്ടും സ്നാനം കഴിപ്പിക്കും എന്ന് സ്നാപകയോഹന്നാൻ പറയുന്നു (ലൂക്കോ.3:16). അഗ്നി ശുദ്ധീകരണത്തെയും പ്രതിനിദാനം ചെയ്യുന്നു. തീക്കനൽ വായ്ക്ക് തൊട്ടപ്പോൾ ആണ് യെശയ്യാവിന്റെ അകൃത്യം നീങ്ങിയത്. അതിന് ശേഷം യെശയ്യാവിന് ദൗത്യബോധവും ലഭിക്കുന്നു (യെശ.6:7-9).

**(iii) അപരിചിതമായ സംസാരം- അന്യഭാഷ**

ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയതു പോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി. സാധാരണ ഉപയോഗിക്കുന്ന ഭാഷ അല്ലായിരുന്നു. അന്യഭാഷ ആയിരുന്നു അത്. ഉച്ചാരണത്തിനായുള്ള അന്യഭാഷയെ അവർക്ക് നൽകിയത് പരിശുദ്ധാത്മാവ് ആയിരുന്നു. പരിശുദ്ധാത്മ നിറവിന്റെ പ്രത്യക്ഷമായ അടയാളമായിരുന്നു അത്. ഈ മൂന്ന് പ്രതിഭാസങ്ങളും ജ്ഞാനേന്ദ്രിയങ്ങളുമായി ബന്ധപ്പെട്ടതായിരുന്നു. ഒരു മുഴക്കം-അതു കേട്ടു, ഒരു കാഴ്ച-അതു കണ്ടു, അപരിചിതമായ സംസാരം- അത് ഉച്ചരിച്ചു. പരിശുദ്ധാത്മ യുഗപ്പിറവിയുടെ പ്രതിഭാസങ്ങൾ ആയിരുന്നു ഇവ. ഇത് കണ്ടവർ വിവിധ ദേശത്തു നിന്നും ഭാഷയിൽ നിന്നുമുള്ളവർ ആയിരുന്നു.

**പത്രോസിന്റെ പെന്തെക്കോസ്ത് പ്രഭാഷണം**

ഉണർവ്വ് സന്ദേശത്തിന്, പെന്തെക്കോസ്തിന്റെ ആദ്യ പ്രഭാഷണത്തിന് നടുനായകത്വം വഹിച്ചത് വിശുദ്ധ പത്രോസ് ആയിരുന്നു. പരിശുദ്ധാത്മ പകർച്ചയെ ശരിയായി ഉൾക്കൊള്ളുവാൻ കഴിയാതിരുന്ന വിവിധ ദേശ, ഭാഷക്കാരായ ജനങ്ങളോട് പ്രാവചനീക - ചരിത്രത്തിന്റെ തെളിവുകൾ നിരത്തി പ്രൗഢഗംഭീരമായൊരു പ്രഭാഷണം നിർവ്വഹിച്ചു. പരിശുദ്ധാത്മ പകർച്ചയുടെ പഴയനിയമ അടിവേരുകളിലേക്ക് വാക്കുകളിലൂടെ അദ്ദേഹം ഒരു ജൈത്രയാത്ര നടത്തി. യോവേൽ പ്രവാചകന്റെ പ്രശസ്തമായ പ്രവചനം പത്രോസ് ഉദ്ധരിക്കുന്നു. "അന്ത്യകാലത്ത് സകലജഡത്തിന്മേലും ഞാൻ എന്റെ ആത്മാവിനെ പകരും" (പ്രവൃ.2:17) എന്ന് തുടങ്ങുന്ന പ്രവചനം യോവേലിന് ദൈവം വെളിപ്പെടുത്തിയതിന്റെ ഉദ്ധരണി ആയിരുന്നു (യോവേൽ 2:28-32).

യേശുക്രിസ്തുവിനെക്കുറിച്ച് വ്യക്തമായ ഒരു ചിത്രം പത്രോസിന്റെ പ്രസംഗത്തിൽ നിറഞ്ഞു നില്ക്കുന്നു. പെന്തെക്കോസ്ത് സന്ദേശത്തിന്റെ കേന്ദ്രവിഷയം യേശുക്രിസ്തുവാണ്. യേശുക്രിസ്തുവിന്റെ ജീവിതവും ശുശ്രൂഷയും പരാമർശിച്ചു തുടങ്ങുന്ന വാക്കുകൾ (2:22). അടുത്ത വാക്യത്തിൽ യേശുക്രിസ്തുവിന്റെ മരണത്തെക്കുറിച്ചും (വാക്യം 23), ഉയിർത്തെഴുന്നേല്പിനെക്കുറിച്ചും (വാക്യം 24-32) വ്യക്തമാകുന്നു. അവിടെയും പഴയനിയമ ഉദ്ധരണികൾ കൊണ്ട് പ്രസംഗം സമ്പുഷ്ടമാകുന്നു. തുടർന്ന് യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തെക്കുറിച്ചും (വാക്യം 33-36), രക്ഷയെക്കുറിച്ചും (37-39)വിശദീകരിക്കുന്നു. പത്രോസിന്റെ പ്രസംഗം കേട്ട് നിന്നവരിൽ വലിയ പരിവർത്തനം ഉണ്ടാക്കി മൂവായിരം പേരായിരുന്നു രക്ഷയിലേക്ക് നയിക്കപ്പെട്ടത്.

പിതാവായ ദൈവത്തെക്കുറിച്ചും, പുത്രനായ യേശുക്രിസ്തുവിനെക്കുറിച്ചും കാര്യസ്ഥനായ പരിശുദ്ധാത്മാവിനെക്കുറിച്ചും സുവ്യക്തമായ വിവരണങ്ങൾ പ്രഭാഷണത്തിൽ നിറഞ്ഞു നിന്നു. പരിശുദ്ധാത്മ പകർച്ചയുടെ ഔന്നത്യത്തോടൊപ്പം ഉയർന്നു നിന്ന വാക്കുകളായിരുന്നു വിശുദ്ധ പത്രോസിന്റേത്. തന്നിൽ പകരപ്പെട്ട പരിശുദ്ധാത്മ ശക്തിയായിരുന്നു അതുല്യമായ ഒരു പ്രഭാഷണത്തിന് തന്നെ അനുഗ്രഹിച്ചത്.



# നിലനില്ക്കുന്ന ആത്മീയ ഉണർവ് കാലഘട്ടത്തിന്റെ ആവശ്യകത



ഫെബിൻ ബോസ് കുരുവിള

ഉണർവ്വ് എന്നത് പെന്തക്കോസ്ത് സമൂഹങ്ങൾക്ക് ചിരപരിചിതമായ ചിന്തയും, പെന്തക്കോസ്ത് സമൂഹത്തിന്റെ ആവിർഭാവത്തിനു നിദാനമായ ദൈവപ്രവൃത്തിയുമാണ്. പ്രശ്സത എഴുത്തുകാരനായ വെസ്ലി ഡ്യുവലിന്റെ ചിന്തയിൽ ഉണർവ്വ് സുവിശേഷീകരണത്തിനെക്കാൾ ഉയർന്നതാണ്, കാരണം, സുവിശേഷീകരണം മനുഷ്യനെ ദൈവം ഭരമേല്പിച്ചിരിക്കുന്നു. എന്നാൽ ഉണർവ്വ് ദൈവനിദാനം മാത്രമാണ്. ദൈവമാണ് അതിന്റെ സ്രോതസ്സും ശക്തിയും ദൈവവചന പഠനവും ചരിത്ര വിശകലനവും മനസ്സിലാക്കി തരുന്ന യാഥാർത്ഥ്യവും ഉണർവ്വ് കാരണം സമൂഹത്തേയും സഭയേയും നവീകരിക്കുന്നതിനും, ദൈവത്തോടും അടുപ്പിക്കുന്നതിനുള്ള ദൈവിക പദ്ധതിയുമാണ് ഉണർവ്വ്.

അതാതെല്ലോ (Athathello) എന്ന യവന പദത്തിന് പുതുക്കത്തിലേക്ക് വളരുക, പുഷ്പിക്കുക എന്നീ അർത്ഥമുണ്ട്. മറ്റൊരു പദം 'അനാസാവോ' ആണ്. ഇതിന് വീണ്ടും ജീവൻ പ്രാപിക്കുക എന്നർത്ഥം. സങ്കീർത്തനം 85:6, യെഹെ.37:1-14 എന്നീ വചനഭാഗങ്ങൾ ബലഹീനമായതിനെ, നിർജീവമായതിനെ ബലം പകരുന്നു, പുതുജീവൻ പകരുന്ന ദൈവ പ്രവർത്തിയെ വെളിച്ചമാക്കുന്നു. സംഗ്രഹിച്ചെഴുതിയാൽ ഇതുതന്നെയാണ്, ഉണർവ്വിൽ സംഭവിക്കുന്നത്.

പെന്തക്കോസ്ത് കാഴ്ചപ്പാടിൽ ആത്മീയ ഉത്തരവിൽ പരിശുദ്ധാത്മാവ് യോവേൽ പ്രവാചകൻ ദർശിച്ചതുപോലെ ആത്മപൂർവ്വയിലൂടെ മനുഷ്യനെ ദൈവത്തോടു അടുപ്പിച്ചുകൊണ്ട് ഉണർവ്വിനു തുടക്കം കുറിക്കുന്നു. (അപ്പൊ.2:1-4)

ദൈവം പരിശുദ്ധാത്മാവിനെ നല്കുന്നതും ഉണർവ്വിനെ അയക്കുന്നതും യേശുവിനെ വിശ്വസിക്കയും പാപങ്ങൾ ഏറ്റുപറഞ്ഞ് അനുതപിച്ച് ദൈവത്തിലേക്ക് തിരിയുകയും ചെയ്യുന്നവർക്കാണ്. ദേശത്തിനു സൗഖ്യവും വചനത്തിന്റെ പരിജ്ഞാനവും ആത്മീക വിടുതലും ഉണർവ്വും മൂലം സംഭവിക്കുന്നു (2ദിന.7:19).

ഉണർവ്വ് എന്താണെന്ന് മനസ്സിലാക്കുന്നതിനായി അത് എന്തല്ല എന്ന് തിരിച്ചറിയുന്നത് ഉത്തമമാണ്. ആൾക്കൂട്ടവും ആരവാരവും ഉണർവല്ല, വികാര വിക്ഷോപവും ചില പ്രത്യേക പ്രകടനങ്ങളും അത്ഭുതങ്ങളും ഉണർവിന് അടിസ്ഥാനമല്ല. ഉണർവ്വ് വ്യക്തി കേന്ദ്രീകൃതമല്ല, രോഗശാന്തിയും സാമ്പത്തികനന്മകൾ വൻ തോതിൽ നല്കുന്നതും ഉണർവ്വിനു കാരണവുമാകുന്നില്ല. മനുഷ്യാംഗീകാരവും പ്രശംസയും ആണ് ആത്യാന്തിക ഫലമെങ്കിൽ അത് ദൈവികമായ ഉണർവല്ല.

എന്താണ് യഥാർത്ഥമായ ഉണർവ്വ്, മുൻപ് സൂചിപ്പിച്ചതുപോലെ ദൈവികമായ ഉണർവ്വ് അടിസ്ഥാനപരമായ ദൈവിക വാഗ്ദത്തത്തിന്റെ പൂർത്തീകരണമാണ്. യഥാർത്ഥ ക്രിസ്ത്യാനിത്തത്തിലേക്കും, തിരുവചനത്തിലേക്കും മടങ്ങാനുള്ള ഉത്സാഹമാണ്. ഉണർവ്വിന്റെ ചേതോവികാരം സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക, ആത്മീക ഞെരുക്കങ്ങൾ, പ്രശ്നങ്ങൾ ജനത്തെ ദൈവാന്വേഷണത്തിലേക്കും പിന്നീട് ഉണർവ്വിലേക്കും നയിക്കാം. ആഴമേറിയ വചന പഠനം പ്രാർത്ഥന അനുതാപം വിശ്വാസം, ത്യാഗപൂർണമായ ജീവിതം സാക്ഷ്യത്തോടുകൂടിയുള്ള സുവിശേഷീകരണം എന്നിവ ഉണർവിന് അത്യാന്താപേക്ഷിതമാണ്. ഉണർവുകളുടെ ചരിത്രകാരനായ എഡ്വിൻ ഓറിന്റെ ചിന്തയിൽ "യഹോവയിങ്കൽ നിന്നുള്ള ആശ്വാസകാലങ്ങളാണ് ഉണർവ്വ്". ചാൾസ് ഫിന്നിയുടെ വാക്കുകളിൽ പാപക്ഷമയുടെ ആദ്യത്തെ അനുഭവത്തിലേക്കുള്ള തിരിച്ചുവരവും പ്രകടമായ ഹൃദയനുറുക്കവും, ദൈവസന്നിധിയിൽ സമർപ്പിക്കുന്ന അനുഭവവും സമ്പൂർണ്ണ അനുസരണവുമാണ് ഉണർവ്വ്.

ലോകമതത്തെ വെറുത്ത്, ആത്മീയ മാന്ദ്യത്തെ ചെറുത്ത്, കർമ്മ ജഡിലതയെ തോല്പിച്ച് പരിശുദ്ധാത്മാവിനെ അനുസരിച്ച്, ദൈവവചനത്തെ സ്നേഹിച്ച് പരസ്പരബന്ധങ്ങളെ ഉൾകൊണ്ട്കൊണ്ടുള്ള ദൈവരാജ്യ പ്രവർത്തിക്കായി (നിത്യതയ്ക്കായി) ഉത്സാഹിക്കുമ്പോൾ ഉണർവ്വ് സംഭവിക്കുന്നു.

അണയാത്ത അഗ്നിജ്വാല എന്ന ഗ്രന്ഥത്തിൽ പാസ്റ്റർ വി.പി.ഫിലിപ്പ് ഉണർവ്വ് നിലനിൽക്കാത്തതിന്റെ കാരണങ്ങൾ സൂചിപ്പിക്കുന്നു. ഉണർവ്വിന്റെ അടിസ്ഥാനമൂല്യങ്ങളായ പ്രാർത്ഥന അനുതാപം, പങ്കുവയ്ക്കൽ സുവിശേഷീകരണം, പരിശുദ്ധാത്മ അനുഭവങ്ങളിലെ സ്ഥിരത നിത്യാ

തയുടെ ദർശനം എന്നിവ നഷ്ടപ്പെടുമ്പോൾ ഉണർവ്വ് തന്നെ നഷ്ടപ്പെടുന്നു. പെന്തക്കോസ്ത് നാളിലെ ഉണർവ്വ് മുതൽ ആധുനിക പെന്തക്കോസ്തിന്റെ ആരംഭത്തിനു നിദാനമായ ആസൂസ സ്ട്രീറ്റ്, മുക്തി മിഷൻ ഉണർവുകൾ നമുക്ക് വെളിവാക്കിതരുന്ന ഒഴിച്ചു കൂടാനാവാത്ത ക്രിസ്തീയ യാഥാർത്ഥ്യങ്ങളുണ്ട്.

നിലനില്ക്കുന്ന ദൈവിക ഉണർവ്വ് സംഭവിച്ചത്; പരിശുദ്ധാത്മാവിനായി കാത്തിരുന്ന, പ്രാർത്ഥനയിൽ ഉത്സാഹത്തോടായിരുന്നു, വചനത്തിലേക്ക് മടങ്ങിവന്ന് പൂർണ്ണമായി അനുസരിച്ച വിശ്വാസത്തിനു ഊന്നൽ നല്കിയ, വിശുദ്ധ ജീവിതം നയിച്ച ആരാധനക്കും സുവിശേഷീകരണത്തിനും തുല്യപ്രാധാന്യം നല്കി നിത്യതയുടെ ദർശനത്താൽ ജീവിതത്തെ മുൻപോട്ട് നയിച്ച സമൂഹങ്ങൾക്കാണ്. പഠിപ്പില്ലാത്തവരെന്നും സാമാന്യരെന്നും മതപ്രമാണികൾ വിളിച്ച ആദിമ ശിഷ്യരിലൂടെ ദൈവം പകർന്ന പെന്തോക്കോസ്ത് നാളിലെ ഉണർവ്വ് പുതിയ നിയമ സഭക്ക് തുടക്കമിട്ടു. പീഡിത സഭ, രാജകീയ സഭയായി, കർമ്മ ജഡിലമായപ്പോൾ ദൈവം സഭയ്ക്ക് പുതുജീവൻ നല്കി. വീണ്ടും മയക്കത്തിലേക്ക് വീണ സഭയ്ക്ക്, മൊണാസ്റ്റിക് അഥവാ ആശ്രമ, ഏകാന്തജീവിതം നയിച്ച സമൂഹങ്ങളിലൂടെ ആന്തരിക വിശുദ്ധിയുടെ ഉണർവ്വിലേക്ക് നയിച്ചു. തുടർചരിത്രങ്ങളിൽ, ജോൺ വിസ്സ്, ജോൺ വിക്ലിഫിന്റെ അനുയായികളായ ലെല്ലാഡ്സ്, മാർട്ടിൻ ലൂഥറിന്റെ വചനം മാത്രം, ക്രിസ്തുമാത്രം കേന്ദ്രീകൃതമായ ദൈവശാസ്ത്രനവീകരണം, ഫ്രാൻസിലെ കാമി സാർട്സിന്റെ ലളിത ജീവിതവും പരിശുദ്ധാത്മാനിറവും, ക്വയ്ക്കേസിന്റെ പരിശുദ്ധാത്മ നിയന്ത്രിതമായ ആരാധനയും, പയറ്റിസമും പ്യൂരിട്ടനിസവും നയിച്ച പ്രായോഗിക ക്രിസ്തീയ ജീവിതവും ദൈവവചനത്തോടുള്ള അനുസരണവും മറ്റുള്ളവർക്ക് വേണ്ടിയുള്ള കരുതലും ആത്മീയ ഉണർവ്വിന് കാരണമായി തീർന്നു. പിന്നീട് ഗ്രേറ്റ് അവേക്കിനിങ്ങിലൂടെയും മെഥഡിസ്റ്റ് പോളിറെസ്സ് സഭകളിലൂടെയും പെന്തക്കോസ്ത് സഭകളുടെ ആവിർഭാവത്തിനു, കാരണമായ ഉണർവുകൾ സംഭവിച്ചു.

ഈ ചരിത്ര വിലയിരുത്തൽ വെളിവാക്കുന്ന സത്യം ഉണർവിന്റെ അസാന്നിധ്യം ക്രിസ്തീയ സഭയെ അന്ധകാരനൂറ്റാണ്ടുകളിലേക്കും ദൈവാനുഭവങ്ങളുടെ ഇല്ലായ്മകളിലേക്കും ആത്മീക മാന്ദ്യത്തിലേക്കും, ലോകസ്നേഹത്തിലേക്കും, ഇന്നിൽ മാത്രം പ്രത്യാശയുള്ളവരാക്കിയും തീർന്നു എന്നുള്ളതാണ്.

ഭാരതത്തിലെ പെന്തക്കോസ്ത് സമൂഹം ഒരു നൂറ്റാണ്ട് പിന്നീട് കഴിയുമ്പോൾ സഭ എന്ന നിലയിൽ നിന്നും സമൂഹവും പ്രസ്താനവുമായി കഴിഞ്ഞിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ ചൈതന്യവും ചലനവും മടങ്ങി വരണമെങ്കിൽ ദൈവം അയക്കുന്ന ഉണർവ്വ അത്യാവശ്യമാണ്.

ധനത്താൽ നയിക്കപ്പെടും നിയന്ത്രിക്കപ്പെടും. ലോകമോഹങ്ങൾക്ക് വശപ്പെടും അധികാരത്തിനും അംഗീകാരത്തിനും വേണ്ടി, മൂല്യങ്ങളെയും സത്യത്തെയും നമസ്കരിച്ചും, ഭക്തിയില്ലാത്ത ഭക്തിയുടെ പ്രകടനങ്ങൾ മാത്രമുള്ള യഥാർത്ഥവചനത്തിന്റെ പത്യോപദേശത്തെ പുറകിലാക്കികളയുന്ന, ദർശനമില്ലാത്ത നേതൃത്വമുള്ള പരിശുദ്ധാത്മ അനുഭവത്തെയും, നിത്യതയെയും മിഥ്യാ എന്നു കരുതുന്ന തലമുറയേയും, അനുതാപത്തിലേക്കും പ്രാർത്ഥനയിലേക്കും, വിശ്വാസത്തിലേക്കും സത്യവചനത്തിലേക്കും നയിച്ച് നിത്യതയുടെ ദർശനം നല്കണമെങ്കിൽ നിലനിൽക്കുന്ന ആത്മീയ ഉണർവ്വ് അത്യന്താപേക്ഷിതമാണ്.

വില്യം സ്പ്രേഗറിന്റെ വാക്കുകളോടെ അവസാനിപ്പിക്കട്ടെ. "നാമധേയക്കാർ യഥാർത്ഥ അനുഭവസ്ഥരായി മാറുന്നതും, മാന്ദ്യാമുള്ളവർ കുതിച്ചു ചാടുന്നതും ഭക്തിയുടെ പുതിയ മാനങ്ങൾ തിരയുന്നതുമായ അനുഭവമാണ് ഉണർവ്വ്."

*(കടപ്പാട്: പാ.വി.പി.ഫിലിപ്പ്, അണയാത്ത അഗ്നിജ്വാല, ബ്രദർ പി.എസ്.ചെറിയാൻ, പെന്തക്കോസ്ത് ഉണർവ്വ്, തുടക്കവും തുടർച്ചയും.)*


## ആശംസകളോടെ...



പാസ്റ്റർ സാകുട്ടി ചാക്കോ
നിലമ്പൂർ



എം. വി. ഫിലിപ്പ്
മേക്കാട്ട്



പീറ്റർ മാത്യു
വല്യത്ത്


## സീയോൻ കാഹളം സബ് എഡിറ്റേഴ്സ്



പാസ്റ്റർ ബിനു
കൊന്നപ്പാറ



പാസ്റ്റർ അനിയൻകുഞ്ഞ്
ചേടിയത്ത്


# k0tbm³ Imlfw

സഭയുടെ ഔദ്യോഗിക മാസിക
വായിക്കുക.... വരിക്കാരാവുക....

**സീയോൻ കാഹളം പരസ്യനിരക്കുകൾ**

| ഇന്ത്യയിൽ | വിദേശത്ത് |
|---|---|
| Back Cover Colour - Rs. 12000 | Back Cover Colour - $ 300 |
| Inside Colour -Rs. 10000 | Inside Colour - $ 250 |
| Full page B/W - Rs. 6000 | Full page B/W - $ 200 |
| Half Page B/W -Rs. 3000 | Half Page B/W - $ 150 |

Address: Chief Editor, Zion Kahalam, Hebron, Kumbanad - 689 547, Kerala, India
9446115927 / 9447329000 / 9447273013



# വിമർശനങ്ങൾ അതിരുകടക്കുമ്പോൾ

**തെറ്റുകൾ വിമർശിക്കപ്പെടേണ്ടതു തന്നെയാണ്. എന്നാൽ വിമർശിക്കുന്നവൻ തന്റെ ഉള്ളിലെ കാപട്യം ചീന്തിയിട്ട് വാളെടുക്കുക. ദൈവസഭയെ രക്ഷിച്ചെടുക്കാൻ ഇത്ര ആത്മഭാരമുള്ളവൻ ഒരു ദിവസമെങ്കിലും സഭാ ആസ്ഥാനത്ത് വന്ന് ഉപവസിച്ച് പ്രാർത്ഥിക്കട്ടെ.**



ആന്റോ അലക്സ്, ഷാർജ

വിമർശനങ്ങൾ എപ്പോഴും നല്ലതുതന്നെയാണ്. കാരണം, ഒരുവന് തന്റെ തെറ്റുകൾ ചൂണ്ടിക്കാണിക്കപ്പെടുമ്പോൾ തെറ്റുതിരുത്താനും അതിൽ നിന്ന് പാഠം ഉൾക്കൊണ്ട് തെറ്റുകൾ ആവർത്തിക്കപ്പെടാതിരിക്കുവാനും സാധിക്കുന്നു. പക്ഷേ വിമർശനം അതിരുകടക്കുമ്പോൾ അത് വ്യക്തിഹത്യയായി മാറും. പെന്തക്കോസ്തു സമൂഹത്തിൽ ഇന്ന് 'വിശുദ്ധന്മാരുടെ' അതിരുകടന്ന വിമർശനം ധാരാളം കാണുവാനും കേൾക്കുവാനും കഴിയുന്നു. വാളെടുക്കുന്നവൻ എല്ലാം വെളിച്ചപ്പാടാകുന്നതുപോലെ പേന എടുക്കുന്ന എല്ലാവനും ഇന്ന് വിമർശകരാണ്. പെന്തക്കോസ്തു സമൂഹത്തെ കാർന്നു തിന്നുന്ന ക്യാൻസറാണ് ഈ 'വിശുദ്ധ വിമർശകർ' തെറ്റുകൾ ചൂണ്ടികാണിക്കപ്പെടണം. അതിന് തർക്കമില്ല. തെറ്റുകളുമായി യാതൊരുവിധ സന്ധിയും പാടില്ല. എന്നാൽ അത് ചൂണ്ടികാണിക്കപ്പെടുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗം പക്വതയോടു കൂടി തിരഞ്ഞെടുക്കണം. പേരിനും പെരുമയ്ക്കും എന്തും വിളിച്ചു പറുന്നത് ആരോഗ്യകരമായ വിമർശനം ആകില്ല. അത് പൊതുസമൂഹ മദ്ധ്യേ ക്രിസ്തുവിനെ വീണ്ടും ക്രൂശിക്കുന്നു.

വിമർശിക്കുന്നവർ ഭക്തിയുടെ നിറകുടങ്ങളാണ് എന്ന് സ്വയം വിശ്വസിക്കുന്നു. എന്നാൽ ഉള്ളിന്റെ ഉള്ളിലെ കപടസദാചാരബോധം ഒരുവൻ കാണുന്നുണ്ട് എന്ന് മറക്കരുത്. സഭയോടുള്ള കൂറ് നല്ലതുതന്നെ. എന്നാൽ സഭയെ രക്ഷിക്കാൻ ഇറങ്ങുന്നവർ സ്വയശോധന നടത്തുന്നത് അഭികാമ്യമാണ്. ദാവീദ് തന്റെ സങ്കീർത്തനങ്ങളിൽ 'മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിക്കേണമേ' എന്ന് അപേക്ഷിക്കുന്നു. ഭൂമിയിൽ ജനിച്ചവരിൽ യേശു ഒഴികെ തെറ്റുകളും കുറ്റങ്ങളും വന്നിട്ടില്ലാത്ത ഒരുവൻ പോലും ഇല്ലാ എന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ ഇന്നിന്റെ വിമർശകർ യേശുവിൽ പോലും തെറ്റുകൾ കണ്ടെത്തുന്നു. ഒരുവൻ തന്റെ തെറ്റുകളെ മറയ്ക്കുന്നതിനുള്ള ഉപാധിയായി ആണോ വിമർശിക്കുന്നത് എന്ന് പോലും സംശയിക്കുന്നു. കാരണം തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നവൻ പൂർണ്ണനാണ് എന്ന് പൊതുജനം ചുമ്മാതങ്ങ് വിശ്വസിക്കുന്നു. ആ വിശ്വാസം മുതലെടുത്ത് ഇവർ അതിവിശുദ്ധരായി പെന്തക്കോസ്തു സമൂഹത്തിൽ വിലസുന്നു.

യേശു തന്റെ പരസ്യ ശുശ്രൂഷാകാലത്ത് തന്റെ മുൻപിൽ കൊണ്ടുവന്ന തെറ്റിനാൽ പിടിക്കപ്പെട്ടവളെ 'നിങ്ങളിൽ പാപമില്ലാത്തവൻ കല്ലെറിയട്ടെ' എന്ന് പറുന്ന സന്ദർഭം വിശുദ്ധ വേദപുസ്തകത്തിൽ കാണാം. സഭയെ ശരീരത്തിന്റെ വിവിധ അവയവങ്ങളായും വിശുദ്ധവേദപുസ്തകം പഠിപ്പിക്കുന്നു. ഒരുവൻ പൊതുജന സമൂഹമദ്ധ്യേ സഭയുടെ കുറവുകൾ വിളിച്ചറിയിക്കുമ്പോൾ മുകളിൽ പറഞ്ഞ 2 വസ്തുതകളെങ്കിലും കുറഞ്ഞപക്ഷം മനസ്സിൽ കരുതണം.

തെറ്റുകൾ വിമർശിക്കപ്പെടേണ്ടതു തന്നെയാണ്. എന്നാൽ വിമർശിക്കുന്നവൻ തന്റെ ഉള്ളിലെ കാപട്യം ചീന്തിയിട്ട് വാളെടുക്കുക. ദൈവസഭയെ രക്ഷിച്ചെടുക്കാൻ ഇത്ര ആത്മഭാരമുള്ളവൻ ഒരു ദിവസമെങ്കിലും സഭാ ആസ്ഥാനത്ത് വന്ന് ഉപവസിച്ച് പ്രാർത്ഥിക്കട്ടെ. നിന്റെ ഉള്ളിലെ 'അതിവിശുദ്ധ സഭാക്കുറിന്റെ പൊയ്മുഖം' അവിടെ ഉടയപ്പെടട്ടെ. തെറ്റുകൾ വിളിച്ചുകൂവി ക്രിസ്തുവിനെ ക്രൂശിക്കാതെ ഇടുവിൽ നിന്ന് പ്രാർത്ഥിക്കുന്നവർ നമ്മുടെ ഇടയിൽ എഴുന്നേൽക്കട്ടെ. നിലവിളിക്കാൻ നാം തയാറെങ്കിൽ പ്രവർത്തിപ്പാൻ ദൈവം ശക്തനെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളും നിങ്ങളോടൊപ്പമുണ്ട്. ഞങ്ങളിൽ തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അത് തിരുത്തുവാൻ ഞങ്ങൾ തയ്യാറാണ്. ദൈവരാജ്യത്തിന്റെ കെട്ടുപണിക്ക് തോളോടുതോൾ ചേർന്നു നിന്ന് പ്രവർത്തിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.

# ഇന്റർനാഷണൽ ബിൽഡിംഗ് പൂർത്തിയായി



**ഐ.പി.സി ഇന്റർനാഷണൽ ബിൽഡിംഗിന്റെ സമർപ്പണ ശുശ്രൂഷ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ നിർവ്വഹിക്കുന്നു**

കുമ്പനാട്: ഐ.പി.സിയുടെ ചിരകാല സ്വപ്നം ആയിരുന്ന ഇന്റർനാഷണൽ ബിൽഡിംഗിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തി ആയി കൊണ്ടിരിക്കുന്നു. മിനുക്കുപണികൾ അവശേഷിക്കുന്നു. എ.വി.എസ് കൺസ്ട്രഷൻസ് ചുമതല ഏറ്റെടുത്ത് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തി ആയി. ആധുനിക നിലയിൽ നിർമ്മിച്ച 19 ശിതികരിച്ച സ്പോൺസേഴ്സ് റൂമുകൾ ദൈവസന്നിധിയിൽ ജനറൽ കൺവൻഷന് മുന്നോടിയായി ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ സമർപ്പിച്ച് പാസ്റ്റർ കെ.സി.ജോൺ അദ്ധ്യക്ഷത വഹിച്ചു. ജനറൽ എക്സിക്യൂട്ടീവ് അംഗങ്ങളും സ്റ്റേറ്റ് ജനറൽ ഭാരവാഹികളുടെ കൗൺസിൽ അംഗങ്ങളും വിശ്വാസി സമൂഹവും പങ്കെടുത്തു.



**ഹെബ്രോൻ ബൈബിൾകോളേജ് (പി.ജി.) ബിരുദദാന സമ്മേളനം സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി.തോമസ് ഉദ്ഘാടനം ചെയ്യുന്നു**

# ഐ.പി.സി.യു.എ.ഇ.റീജിയൻ സോദരീ സമാജത്തിന് പുതിയ സാരഥികൾ



മേഴ്സി വിൽസൺ (പ്രസിഡന്റ്)



എൽസി.രാജൻ (വൈസ് പ്രസിഡന്റ്)



ബീനാ വർഗീസ് (സെക്രട്ടറി)



ഗ്ലോറി ജിനു (ജോ.സെക്രട്ടറി)



ബൻസി റെജി (ട്രഷറാർ)



സൂസൻ വർഗീസ് (ജോ.ട്രഷറാർ)

# ഡോ.കെ.സി.ജോണിനെ കുറിച്ച് പുസ്തകം തയ്യാറാകുന്നു



**തിരുവല്ല:** ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ ജനറൽ സെക്രട്ടറിയും പ്രസിദ്ധ സുവിശേഷ പ്രസംഗകനുമായ പാസ്റ്റർ കെ.സി. ജോൺ പ്രസംഗവേദിയിൽ 50 വർഷം പൂർത്തിയാക്കുകയാണ്. തലവടിയിലെ ഇടയത്ര എന്ന സാധാരണ കുടുംബത്തിൽ ജനിച്ച് ലോകത്തിന്റെ എല്ലാ വൻകരകളിലും സുവിശേഷത്തിന്റെ സാക്ഷിയായതാണ് തന്റെ ജീവിതം. ഐപിസി ജനറൽ പ്രസിഡന്റ്, സ്റ്റേറ്റ് സെക്രട്ടറി, പി.വൈപി.എ പ്രസിഡന്റ് എന്നീ നിലകളിലും തന്റെ പ്രാഗത്ഭ്യം തെളിയിച്ചു. തിരുവല്ല സെന്ററിന്റെ ശുശ്രൂഷകനായിരിക്കുമ്പോൾ തന്നെ ലോകമെങ്ങുമുള്ള മലയാളികൾ ശ്രദ്ധയോടെ വീക്ഷിക്കുന്ന പവർവിഷൻ ടിവി ചാനലിന്റെ സ്ഥാപകനുമാണ്. പ്രസംഗത്തിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് 2017 മാർച്ചിൽ അനുഭവങ്ങളും, ശുശ്രൂഷകളും, ഫോട്ടോകളും അടങ്ങിയ പുസ്തകം പുറത്തിറങ്ങുന്നു. നിങ്ങളുമായി ബന്ധപ്പെട്ട ശുശ്രൂഷാ/പരിചയ അനുഭവങ്ങൾ, ശുശ്രൂഷകൾ, ഫോട്ടോകൾ എന്നിവ ജനുവരി 31ന് മുൻപ് ചീഫ് എഡിറ്ററെയോ സെന്റർ സെക്രട്ടറി സുവി.അജു അലക്സിനെയോ ഏൽപ്പിക്കണം. വിലാസം: ജോജി ഐപ്പ് മാത്യൂസ്, മണക്ക് പുത്തൻപുരയിൽ, മേപ്രാൽ പി.ഒ.തിരുവല്ല–689 591.
email:jojiiype@yahoo.com,
Ph: 9446392303, 9567675635

# ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ സംസ്ഥാന കൺവൻഷൻ സമാപിച്ചു



*ഐ.പി.സി. സംസ്ഥാന കൺവൻഷനിൽ പാസ്റ്റർ രവി മണി മുഖ്യപ്രഭാഷണം നടത്തുന്നു*

പെരുമ്പാവൂർ: മലയാളി പെന്തെക്കോസ്ത് വിശ്വാസ സമൂഹത്തിന് ദർശനം കൈമോശം വന്നിരിക്കുന്നു. ഭാരതത്തിന് മുഴുവൻ സുവിശേഷത്തിന്റെ പ്രകാശം പരത്താൻ വിളിക്കപ്പെട്ട സമൂഹമാണ് കേരളത്തിലെ പെന്തെക്കോസ്തർ. എന്നാലിപ്പോൾ കാഴ്ച മങ്ങി കാഴ്ചപ്പാട് നഷ്ടപ്പെട്ട് ഒതുങ്ങിപ്പോയ സമൂഹമായി നമ്മൾ മാറിയിരിക്കുന്നു. പരിമിതമായ ചുറ്റുവട്ടക്കാഴ്ചകൾ മാത്രമാണ് ഇപ്പോൾ ഈ സമൂഹത്തെ നയിക്കുന്നത്. ഒരു മടങ്ങിവരവ് അനിവാര്യമാണ് പാസ്റ്റർ രവിമണി പ്രഖ്യാപിച്ചു. കാഴ്ച പ്രാപിക്കേണ്ടതിന് കണ്ണിനെഴുതുവാൻ ലേപം വാങ്ങുവാൻ ലവോദിക്യസഭയോട് ഉപദേശിച്ചതുതന്നെ പരിശുദ്ധാത്മാവ് ഈ കാലഘട്ടത്തിലെ വിശ്വാസ സമൂഹത്തെയും ഉപദേശിക്കുന്നു അദ്ദേഹം തുടർന്നു.

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ സംസ്ഥാന കൺവൻഷനിൽ അതിഥിപ്രസംഗകനായി ശുശ്രൂഷിക്കുകയായിരുന്നു പാസ്റ്റർ രവി മണി. ബാംഗ്ലൂരിലെ വിക്ടറി എ.ജി.സഭയുടെ സ്ഥാപകനും അന്തർദേശീയ പ്രസംഗകനുമാണ് പാസ്റ്റർ രവി മണി.

മർക്കോസ് 10:51 അടിസ്ഥാനമാക്കി വചന ശുശ്രൂഷ നടത്തുകയായിരുന്നു അദ്ദേഹം. ഞാൻ നിനക്ക് എന്തു ചെയ്യേണമെന്ന കർത്താവിന്റെ ചോദ്യത്തിന് കാഴ്ച പ്രാപിക്കണമെന്നാണ് അന്ധന്റെ മറുപടി. ന്യായപ്രമാണത്തിലെ അത്ഭുതങ്ങൾ കാണാൻ എന്റെ കണ്ണുതുറക്കണമേ എന്ന് സങ്കീർത്തനക്കാരൻ പ്രാർത്ഥിച്ചു. പുറമേയുള്ള കാഴ്ചക്കപ്പുറം അകക്കണ്ണുകൾ തുറക്കപ്പെടണം. ചെറിയ കാഴ്ചകൾക്കപ്പുറം ഭൗതിക കാഴ്ച കൊണ്ട് കാണാനാവാത്ത ചില ദർശനങ്ങൾ കാണണമെങ്കിൽ അകക്കണ്ണ് തുറക്കണം.

കണ്ണ് ചൊവ്വുള്ളതാണെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും. സഭ ക്രിസ്തുവിന്റെ ശരീരമാണ്. കണ്ണ് തലയിലാണ്. ക്രിസ്തു സഭയുടെ തലയാണ്. അപ്പോൾ ദർശനം-കാഴ്ച ക്രിസ്തുവിൽ നിന്ന് ലഭിക്കേണ്ടതാണ്. ദർശനം നൽകേണ്ടത് കർത്താവാണ്. സഭ ആകമാനം ലോകത്തിന് പ്രകാശമായി മാറേണം. ഇന്ന് ഏലി പുരോഹിതനേപ്പോലെ നമ്മുടെ ദർശനം മങ്ങിപ്പോയിരിക്കുന്നു.

പെരുമ്പാവൂരിലെ ആശ്രാമം സ്കൂൾ ഗ്രൗണ്ടിൽ ഡിസംബർ 7-11 വരെ നടന്ന കൺവൻഷൻ സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ കെ.സി.തോമസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ ബാബു ചെറിയാൻ, സണ്ണി കുര്യൻ, ഫിലിപ്പ് പി.തോമസ്, വർഗീസ് ഏബ്രഹാം, കെ.സി.ജോൺ എന്നിവരായിരുന്നു മറ്റ് പ്രസംഗകർ.

ഞായറാഴ്ച നടന്ന സംയുക്ത സഭാ യോഗത്തിൽ പാസ്റ്റർ കെ.സി. തോമസ് തിരുവത്താഴ ശുശ്രൂഷക്ക് നേതൃത്വം നൽകി. പാസ്റ്റർമാരായ രവി മണി, കെ.എം.ജോസഫ് എന്നിവർ സമാപന സന്ദേശങ്ങൾ നൽകി. പകൽയോഗങ്ങളിൽ പാസ്റ്റർമാരായ സന്തോഷ് തോമസ്, സജി വി.ചെറിയാൻ, കെ.ജെ.തോമസ് കുമളി, വിത്സൻ ജോസഫ്, എം.പി.ജോർജുകുട്ടി, ഗർസിം പി.ജോൺ എന്നിവർ ശുശ്രൂഷിച്ചു.

പാസ്റ്റർമാരായ ഷിബു നെടുവേലിൽ, രാജു പൂവക്കാല, സി.സി.ഏബ്രഹാം എന്നിവർ വിവിധ യോഗങ്ങൾക്ക് നേതൃത്വം നൽകി. സംസ്ഥാന ട്രഷറാർ ജോയി താനവേലിൽ, ജോ.സെക്രട്ടറി മോനി കരിക്കം എന്നിവർ നേതൃത്വം നൽകി.

## ഐ.പി.സി.ചാരിറ്റി ബോർഡ് പ്രവർത്തനോദ്ഘാടനം

**കുമ്പനാട്:** ഐ.പി.സി.കേരളാ സ്റ്റേറ്റ് ചാരിറ്റി ബോർഡ് പ്രവർത്തനോദ്ഘാടനം പാസ്റ്റർ കെ.സി.തോമസ് നിർവ്വഹിച്ചു. ബോർഡ് ഭാരവാഹികളായി പാസ്റ്റർ ജോൺ റിച്ചാർഡ് (ചെയർമാൻ), പാസ്റ്റർ സണ്ണി ഏബ്രഹാം (വൈസ് ചെയർമാൻ), ജോസ് ജോൺ (സെക്രട്ടറി), ഡാനിയേൽ തൃശൂർ (ജോ.സെക്രട്ടറി), പീറ്റർ മാത്യു കല്ലൂർ (ട്രഷറാർ), കമ്മറ്റി അംഗങ്ങളായി ഡി.അലക്സാണ്ടർ, ജോയി കടുക്കോയിക്കൽ എന്നിവരെയും തിരഞ്ഞെടുത്തു.



കുമ്പനാട് ഹെബ്രോൻപുരത്ത് നിർമ്മിച്ച കൺവെൻഷൻ സ്റ്റേജിന്റെ പ്രതിഷ്ഠാ ശുശ്രൂഷ സഭാ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ നിർവ്വഹിക്കുന്നു

# കൺവൻഷൻ സ്റ്റേജ് ഉദ്ഘാടനം ചെയ്തു

**കുമ്പനാട്:** ആത്മീയ അനുഗ്രഹത്തിന്റെ കലവറ തുറക്കുന്ന ദിനങ്ങൾക്കായി കുമ്പനാട് ഹെബ്രോൻപുരത്ത് വേദിയൊരുങ്ങി.

40 ലക്ഷത്തോളം രൂപ ചിലവഴിച്ച് നിർമ്മിച്ച കൺവൻഷൻ സ്ഥിരം സ്റ്റേജിന്റെ ഉദ്ഘാടനം ഐ.പി.സി ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ നിർവഹിച്ചു. സഭ സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ റ്റി.എസ്.ഏബ്രഹാം ഫലകം അനാച്ഛാദനം ചെയ്തു. ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ.കെ.സി ജോൺ അധ്യക്ഷത വഹിച്ചു. ഇതോട് ചേർന്ന് പൂർണ്ണസമയ പ്രാർത്ഥനയ്ക്കായി പ്രെയർ ചേംമ്പറും പ്രവർത്തനം തുടങ്ങി.

ജനറൽ ജോയിന്റ് സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ്, വൈസ് പ്രസിഡന്റ് പാസ്റ്റർ വിൽസൺ ജോസഫ്, ട്രഷറർ സജി പോൾ, എൻ.എം.രാജു, സ്റ്റേറ്റ് ഭാരവാഹികളായ പാസ്റ്റർ കെ.സി.തോമസ്, രാജു പൂവക്കാല, ഷിബു നെടുവേലിൽ, സി.സി.ഏബ്രഹാം, ജോയി താനുവേലിൽ, ജോയി കുമ്പനാട്, ജനറൽ-സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ എന്നിവർ പ്രസംഗിച്ചു.




പി.വൈ.പി.എ. സംസ്ഥാനക്യാമ്പ് പാസ്റ്റർ കെ.സി.തോമസ് ഉദ്ഘാടനം ചെയ്യുന്നു



ഹാലേലൂയ്യാ പ്രസിദ്ധീകരിച്ച പാസ്റ്റർ പി. അതിരൂപന്റെ വെളിപ്പാട് പുസ്തകവ്യാഖ്യാനം പാസ്റ്റർ ജേക്കബ് ജോൺ പ്രകാശനം ചെയ്യുന്നു. ഏറ്റുവാങ്ങുന്നത് പാസ്റ്റർ കെ.ജോയ്. സുധി എബ്രഹാം, റവ. ഷിബു സാമുവേൽ, പാസ്റ്റർ പി.അതിരൂപൻ, പാസ്റ്റർ വിത്സൻ ജോസഫ്, പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ എന്നിവർ സമീപം


# പി.വൈ.പി.എ കേരളാ സ്റ്റേറ്റ് ക്യാമ്പ് സമാപിച്ചു

**കോട്ടയം:** ഐ.പി.സി തിയോളജിക്കൽ സെമിനാരിയിൽ ഡിസംബർ 25 വൈകുന്നേരം 6.00 മണിക്ക് സംസ്ഥാന പി.വൈ.പി.എ പ്രസിഡന്റ് ബ്ര.സുധി ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ ഐ.പി.സി ജനറൽ പ്രസിഡന്റ് പാ.ജേക്കബ് ജോണിന്റെ അനുഗ്രഹ പ്രാർത്ഥനയോടെ ആരംഭിച്ച ക്യാമ്പ് ഐ.പി.സി കേരളാ സ്റ്റേറ്റ് പ്രസിഡന്റും പി.വൈ.പി.എ സംസ്ഥാന രക്ഷാധികാരിയുമായ പാ.കെ.സി.തോമസ് ഉദ്ഘാടനം ചെയ്തു. പ്രയർ ഗാർഡന്റെ ഉദ്ഘാടനം ഹാലേല്ലൂയ്യ ചീഫ് എഡിറ്റർ പാ.സാംകുട്ടി ചാക്കോ നിർവ്വഹിച്ചു. 2000 ൽ അധികം യുവതി യുവാക്കൾ രജിസ്റ്റർ ചെയ്ത ക്യാമ്പിൽ വിവിധ സെക്ഷനുകളിലായി റവ.ഫ്രെഡി വി.തോമസ്, റവ.കെ.സി.ജോൺ, പാ.രാജു പൂവക്കാല, പാ.ഷിബു നെടുവേലിൽ, പാ.ജോസഫ് ജോൺ, റവ.സാജൻ ജോയി, റവ.ജോൺ ശാമുവേൽ, ശ്രീ.ജയിംസ് വർഗ്ഗീസ്, (ഐ.എ.എസ്) ഡോ.മറിയാമ്മ സ്റ്റീഫൻ, പാ.ദാനിയേൽ കൊന്നനിൽക്കുന്നതിൽ, ബ്രദർ സജി പോൾ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഷെൽഡൻ ബെങ്കേര ബാന്റും, ഡോ.ബ്ലസൻ മേമന, സിസ്റ്റർ പെർസിസ് ജോൺ, ലോർഡ്സൺ ആന്റണി, കോട്ടയം ബോണേർജസ് ബാന്റ് എന്നിവരുടെ സംഗീത ശുശ്രൂഷ ക്യാമ്പിനെ മികവുറ്റതാക്കി മാറ്റി. കുട്ടികളുടെ സെക്ഷന് തിമൊഥി നേതൃത്വം കൊടുത്തു. റവ.എബി. പീറ്ററിന്റെ സമാപന സന്ദേശത്തോടെ ക്യാമ്പ് 29ന് സമാപിച്ചു.






## പാസ്റ്റർ കെ.സി.ചെറിയാൻ



ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ കോട്ടയം നോർത്ത് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ കെ.സി.ചെറിയാൻ നിര്യാതനായി. ഡിസംബർ 30 വെള്ളിയാഴ്ചയായിരുന്നു അന്ത്യം. കോട്ടയം ഭാഗത്തെ പെന്തെക്കോസ്ത് പ്രവർത്തനങ്ങളിൽ പാസ്റ്റർ പി.എം. ഫിലിപ്പിന്റെ ശിഷ്യനായി വളർന്നുവന്ന രണ്ടാം തലമുറ നേതാക്കളിൽ പ്രമുഖനായിരുന്നു. കോട്ടയം താഴത്തങ്ങാടി കടവൂർ കുടുംബത്തിൽ ജനിച്ചു. ബാങ്ക് ഉദ്യോഗസ്ഥനായിരിക്കെ പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ചു. ജോലി രാജിവെച്ച് എസ്.എ.ബി.സിയിൽ പഠനത്തിനു ശേഷം കഴിഞ്ഞ അര നൂറ്റാണ്ടായി ഐ.പി.സി.യിലെ ശുശ്രൂഷകനായിരുന്നു. ഭാര്യ അന്നമ്മ, മക്കൾ: സാം, സൂസൻ. മരുമക്കൾ ജയ, ജോയ്.

## പാസ്റ്റർ ടി.എസ്.ഏബ്രഹാമിന്റെ ഭാര്യ മേരി ഏബ്രഹാം നിര്യാതയായി



**കുമ്പനാട്:** ഐ.പി.സി മുൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ ടി.എസ്. ഏബ്രഹാമിന്റെ ഭാര്യ മേരി ഏബ്രഹാം (92) നവംബർ 26 ന് നിര്യാതയായി. സംസ്കാരം ഡിസംബർ 3ന് കുമ്പനാട് ഹെബ്രോൻ സെമിത്തേരിയിൽ നടത്തി. ഐ.പി.സി യിലെ ആദ്യകാല നേതാക്കളിൽ ഒരാളായ പാസ്റ്റർ പി.പി. ചാക്കോ -അന്നമ്മ ദമ്പതികളുടെ മകളാണ്. പ്രാഥമിക വിദ്യാഭ്യാസാനന്തരം മാതാപിതാക്കളോടൊപ്പം ആന്ധ്രാപ്രദേശിലെ സെക്കന്ദ്രാബാദിൽ ആണു വളർന്നത്. സ്കൂൾ അധ്യാപികയായി ഔദ്യോഗിക ജീവിതം ആരംഭിച്ചു.

പ്രധാന അധ്യാപിക, എഡ്യൂക്കേഷൻ ഓഫീസർ എന്നീ നിലകളിലും പ്രവർത്തിച്ചു. മികച്ച അധ്യാപികയ്ക്കുള്ള രാഷ്ട്രപതിയുടെ പുരസ്കാരവും ലഭിച്ചിട്ടുണ്ട്. ഐ.പി.സി സ്ഥാപക നേതാക്കളിൽ പ്രമുഖനായിരുന്ന പാസ്റ്റർ കെ.ഇ. ഏബ്രഹാമിന്റെ പുത്രൻ ടി.എസ് ഏബ്രഹാമിന്റെ ജീവിതസഖിയായത് 1950 ലാണ്. തുടർന്ന് ആറു പതിറ്റാണ്ടു കാലം അദ്ദേഹത്തോടൊപ്പം സുവിശേഷീകരണ പ്രവർത്തനങ്ങളിലും സഭാപ്രവർത്തനങ്ങളിലും മേരി ഏബ്രഹാം നിറഞ്ഞ സാന്നിധ്യമായിരുന്നു. ഐ.പി.സി സോദരീ സമാജം പ്രസിഡന്റ്, ലേഡീസ് ബൈബിൾ സ്കൂൾ പ്രിൻസിപ്പൽ എന്നീ നിലകളിലും പ്രവർത്തിച്ചു.

മക്കൾ: റവ.ഡോ.വത്സൻ ഏബ്രഹാം(ഐ.പി.സി മുൻ ജനറൽ സെക്രട്ടറി), ആനി ജേക്കബ് (കുവൈറ്റ്), സ്റ്റാർല ലൂക്ക് (ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യ വൈസ് പ്രസിഡന്റ്), ഷേർളി ചാക്കോ (യു. എസ്.എ). മരുമക്കൾ: ലാലി ഏബ്രഹാം, ജേക്കബ് തോമസ്, മേജർ വി.ഐ ലൂക്ക്, വിജയ് ചാക്കോ.

## പൊടിയമ്മ പാപ്പച്ചൻ



വാളകം: ഐ.പി.സി.വാളകം ഈസ്റ്റ് ഹെബ്രോൺ സഭാംഗം തടത്തിവിള വീട്ടിൽ വൈ.പാപ്പച്ചന്റെ ഭാര്യ പൊടിയമ്മ (70) നവംബർ 10-ന് നിര്യാതയായി. ഓടനാവട്ടം പരുത്തിയറ കണ്ണോട്ട് നിരപ്പിൽ കുടുംബാംഗമാണ്. മക്കൾ: മോളമ്മ, ലീലാമ്മ, ജോസ്, ബാബു മരുമക്കൾ: ലീലാമ്മ, തോമസുകുട്ടി, ജോയി.


## പി.റ്റി.ജോൺ



**കിടങ്ങന്നൂർ:** ഐ.പി.സി.എരുമക്കാട് സഭാംഗം പറമ്പേത്ത് തുണ്ടിയിൽ പി.റ്റി.ജോൺ (രാജൻ 68) നിര്യാതനായി. സംസ്കാരം ഡിസംബർ 20-ന് നടന്നു. മാർത്തോമ്മ കുടുംബത്തിൽ നിന്ന് എഞ്ചിനിയറിംഗ് വിദ്യാർത്ഥിയായിരിക്കെ ചെന്നൈയിൽ വച്ച് പെന്തെക്കോസ്ത് വിശ്വാസത്തിലേക്ക് വന്നു. 25 വർഷത്തോളം മസ്ക്കറ്റിൽ ജോലി ചെയ്യുകയും ഒമാൻ പെന്തെക്കോസ്തൽ അസംബ്ലിയിൽ സജീവ അംഗമായിരിക്കുകയും ചെയ്തു.

നാരകത്താനി പീടികമലയിൽ മറിയാമ്മയാണ് ഭാര്യ. മക്കൾ: ഡോ.മോളി ചാണ്ടി & ചാണ്ടി ഉമ്മൻ (ഡാളസ്), ജോജി ജോൺ & നിസി (കാലിഫോർണിയ), മനോജ്

## കുഞ്ഞപ്പി ചാക്കോ



ഡാളസ്സ്: കുന്നത്തൂർ തുരുത്തിക്കര മരുതിനാം വിളയിൽ കുഞ്ഞപ്പി ചാക്കോ (98) ഡിസംബർ 21 ന് മകന്റെ വസതിയിൽ വെച്ച് കർതൃസന്നിധിയിൽ പ്രവേശിച്ചു. കല്ലട തരകൻപറമ്പിൽ കുടുംബാംഗമായ കുഞ്ഞമ്മയാണു ഭാര്യ. ദക്ഷിണേന്ത്യ ദൈവസഭ മുൻദേശീയ അദ്ധ്യക്ഷൻ ഡോ.ജോർജ്ജ് തരകൻ ഭാര്യാ സഹോദരനാണ്. സംസ്കാരം ഐ.പി.സി.ഹെബ്രോൻ സഭയുടെ നേതൃത്വത്തിൽ 31-ന് നടന്നു.

മക്കൾ: തങ്കമ്മ കുര്യൻ, പൊടിയമ്മ ഏബ്രഹാം, പെണ്ണമ്മ മാത്യു, മേരിക്കുട്ടി വർഗ്ഗീസ്, പാസ്റ്റർ കെ. ജോയി, കെ. ബാബു, റോസമ്മ മാത്യു, കെ. തോമസ് കുട്ടി. മരുമക്കൾ: പാസ്റ്റർ ടി.എൽ.കുര്യൻ, പി.സി. ഏബ്രഹാം, മാത്യു മത്തായി, ടൈറ്റസ് വർഗ്ഗീസ്, സൂസമ്മ ജോയി, സിസിലാമ്മ ബാബു, ഷാജു മാത്യു, ഷേർലി തോമസ്.


Prayer Centre
തിരുവല്ല ഐ.പി.സി
പ്രെയർ സെന്റർ
ഒരുക്കുന്ന
THE INDIA PENTECOSTAL CHURCH OF GOD
KUMBANAD, KERALA
25th
ANNIVERSARY
SILVER JUBILEE YEAR
കരിസ്മാ
ക്രൂസേഡ്
KARISMA CRUSADE
ഉദ്ഘാടന യോഗം:
ജനുവരി 29 ഞായർ
രാവിലെ 8:30 ന്
പാസ്റ്റർ രാജു പൂവക്കാല
ഐ.പി.സി പ്രെയർ സെന്റർ സ്റ്റേഡിയം,
ജോസീസ് ജംഗ്ഷൻ, റെയിൽവേ ക്രോസിന് സമീപം,
മഞ്ഞാടി, തിരുവല്ല
2017 ജനുവരി
29 ഞായർ മുതൽ
ഫെബ്രുവരി
5 ഞായർ വരെ
തിങ്കൾ മുതൽ ശനിവരെ രാവിലെ 10 മണി
വൈകിട്ട് 6 മണി പൊതുയോഗം
സമാപനയോഗം: ഫെബ്രുവരി 5 ഞായർ 6.30 ന്
ജൂബിലി സമ്മേളനം: ഫെബ്രുവരി 4 ശനി 2.30 ന്
പ്രാസംഗികർ
പാസ്റ്റേഴ്സ് കെ.സി. ജോൺ (നെടുമ്പ്രം), ബാബു ചെറിയാൻ (പിറവം), കെ.കെ. ചെറിയാൻ (റാന്നി),രാജേഷ് ഏലപ്പാറ
കെ. ജോയി (ന്യൂഡൽഹി), രാജു മേത്ര (റാന്നി), കെ.ജെ. തോമസ് (കുമളി), തോമസ് മാമ്മൻ (കോട്ടയം),
റ്റി.ഡി. ബാബു (എറണാകുളം) വറുഗീസ് ബേബി (കായംകുളം), പ്രിൻസ് റാന്നി, സേവ്യർ ജയിംസ് (എറണാകുളം)
ഐ. ജോൺസൻ (അടൂർ), ജോയി പാറയ്ക്കൽ (തൃശൂർ), പി.സി. ചെറിയാൻ (റാന്നി)
ഗാനശുശ്രൂഷ
പ്രെയർ സെന്റർ
വോയ്സ്
യോഗാനന്തരം വാഹനസൗകര്യം ഉണ്ടായിരിക്കുന്നതാണ്.
ഏവർക്കും സ്വാഗതം
• പ്രാർത്ഥന • ആരാധന
• കൗൺസിലിംഗ് • രോഗശാന്തി
ദർ ജോസ് സഖറിയ (സെക്രട്ടറി) – 9447563009
പാസ്റ്റർ രാജു പൂവക്കാല – 9847032151



### ബ്രദർ ബാബു കൊടുന്തറ, യു.എസ്.എ

കാലങ്ങൾക്കുമുമ്പെ അനുഗ്രഹീത ദൈവഭൃത്യന്മാരുടെ മനസ്സിൽ ഉരുത്തിരിഞ്ഞ ആശയമായിരുന്നു സഭയ്ക്ക് ഒരു പ്രസിദ്ധീകരണം. ഓരോ പ്രാവശ്യവും ഇറങ്ങുന്ന ലക്കവും സൂക്ഷിച്ച് വെക്കത്തക്ക ഈടുറ്റതായിരുന്നു എന്നത് ഓർക്കുന്നു. നാളിത്രയും ആയിട്ടും സീയോൻ കാഹളം നിഷ്പ്രഭമായി പോകാതെ നിലകൊള്ളുന്നതിൽ സന്തോഷിക്കുന്നു. എല്ലാവിധ ആശംസകളും നേരുന്നു.



### ബ്രദർ റ്റിജു തോമസ്

ആശയങ്ങൾ കൈമാറുവാൻ വരമൊഴിയെ സ്വീകരിച്ച കാലം മുതൽ തന്നെ ദൈവവചന സത്യങ്ങൾ പ്രചരിപ്പിക്കുവാൻ പ്രസിദ്ധീകരണങ്ങൾ ഏറെ പ്രയോജനകരമായിരുന്നു. ഐ.പി.സി എന്ന മഹാപ്രസ്ഥാനത്തിന്റെ കേരളഘടകത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ സീയോൻ കാഹളം ദൈവവചന ആശയം പ്രചരിപ്പിക്കുന്നതിന് മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്. തുടർന്നും സഹായിക്കട്ടെ. എന്റെ എല്ലാവിധ ആശംസകളും....



### ബ്രദർ വെസ്ലി ആലുംമൂട്ടിൽ

യൗവന മുന്നേറ്റം ആത്മീക പ്രസ്ഥാന നേതൃത്വത്തിൽ വന്നതോടെ മൂല്യങ്ങൾ ചോർന്നു പോകാതെ മാറ്റങ്ങളിലൂടെ ആകർഷണീയമായ സീയോൻ കാഹളം ശ്രദ്ധേയമാകുന്നു. വളർന്ന് വരുന്ന തലമുറയിലേക്ക് ദൈവവചന സത്യം പകർന്ന് നൽകാൻ സീയോൻ കാഹളം മൂലം ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.



**Joshin Daniel**



**Joe Cherian (USA)**

# LIVING HOPE
GOSPEL MINISTRIES
...Saving Lives for Christ


PROMISE OF LOVE


VILLAGE MINISTRY


STEWARDS OF GRACE

## Lend your Hands for a Harvest

30% of the world's unreached lives in India.
480,000 villages are still without a single church.
35 cities with a million people or above.
400 million people in India have never heard about Jesus
70% people live in villages.



## Will you stand with us to reach the unreached?

GET INVOLVED

If you have a heart for north india and a burden for the gospel a great opportunity is waiting for you. Partner with living hope to fulfill your call to ministry.

YOUR OPPORTUNITIES

- Church Planting
- Bible School
- Youth Ministry
- Children's Home
- Community Outreach


Tiju Thomas
Director

www.livinghopegm.org
info@livinghopegm.org

Phase II - Rohit Nagar - Bhopal - MP - India 23
P.O. Box 701 - Friendswood - Texas 77549 - USA


Printed and Published by Gladson Jacob for IPC Kerala State, Hebron, Kumbanad.
Chief Editor: Sudhi Kallumkal. Layout: Global, Tiruvalla.